# അവന്റെ ഉയിർപ്പിന്റെ സാക്ഷ്യപത്രം

നന്ദി, സഹോദരൻ നേവിൽ. പ്രഭാത വന്ദനം സുഹൃത്തുക്കളെ. കർത്താവായ യേശുവിനെ ആരാധിക്കാനായി ഇന്നു രാവിലെ സമയം ഈ കൂടാരത്തിൽ വീണ്ടും വരാനായത് നന്നായി എനിക്ക് അനുഭവപ്പെടുന്നു. ഇന്നു, ഇതു നമ്മളിൽ അനേകർക്ക് രണ്ടാമത്തെ സർവ്വീസാണ്. രാവിലെ നേരം നാം ഇവിടെ ആയിരിക്കുകയും കർത്താവ് നമ്മോട് അതിശയകരമായ രീതിയിൽ ഇടപെടുകയും ചെയ്തിരുന്നു. ഞാൻ ചില സ്നേഹിതരുമായി ചില നിമിഷങ്ങൾ സംസാരിക്കാൻ വേണ്ടി മാത്രം ഇവിടേക്ക് വന്നതായിരുന്നു, അതുമാത്രമല്ല ഒരു വേദഭാഗം പോലും എടുത്തിട്ടുമില്ലായിരുന്നു. നിങ്ങൾ അറിയേണ്ട ആദ്യത്തെ കാര്യമെന്തെന്നാൽ, ഞാൻ പ്രസംഗിക്കാനായി പോയ്ക്കൊണ്ടിരിക്കുകയാണ്. അവിടെ നമുക്ക് വളരെ നല്ല ചില സമയങ്ങൾ ഉണ്ടായിരുന്നു, ഇതിനായി നാം നമ്മുടെ കർത്താവിനോട് വളരെ നന്ദിയുള്ളവരാണ്.

2 ഇവിടെ ഞങ്ങളുടെ ഈ ചെറിയ കൂടാരത്തിൽ നിങ്ങൾക്കെല്ലാവർക്കും ഇരിപ്പിടം നൽകാൻ കഴിയാതെ ഇങ്ങനെ നിർത്തേണ്ടി വരുന്നതിനാൽ, ഞങ്ങൾക്ക് വളരെ ഖേദമുണ്ട്. എനിക്ക് ഇത് വളരെ മോശമായി തോന്നുന്നു, എന്നാൽ ഞങ്ങൾക്ക് ഇത്രയേ ഈ പ്രാവശ്യം ചെയ്യാനാകൂ. ആയതിനാൽ ഞങ്ങൾ നിങ്ങളെ അധികനേരം നിർത്താൻ ശ്രമിക്കില്ല; നിങ്ങൾക്ക് എല്ലാവർക്കും ഒരു ചെറിയ ഈസ്റ്റർ ആശംസ. ഞങ്ങൾ ഇന്നു കൊടുക്കപ്പെട്ടിരിക്കുന്നതിനാൽ, ഞങ്ങൾ രോഗികളായ ജനങ്ങൾക്കായി പ്രാർത്ഥിക്കാൻ പോകുകയാണ്. ഞങ്ങൾചെയ്യുന്ന എല്ലാ കാര്യത്തിലും കർത്താവ് അവന്റെ അനുഗ്രഹം അതുമായി കൂട്ടിച്ചേർക്കട്ടെ, എന്തെന്നാൽ നാം ഇന്നു ഇവിടെ കൂടിവന്നിരിക്കുന്നതിന്റെ ഉദ്ദേശം ദൈവം നമ്മെ സന്ധിക്കേണ്ടതിനും നമ്മെ അനുഗ്രഹിക്കേണ്ടതിനുമായിട്ടാണ്.

3 ഇപ്പോൾ, ഇന്നു രാത്രിയിലെ സർവ്വീസ് സ്നാന സർവ്വീസാണ്. നിങ്ങളിൽപ്പെട്ടവരായി മുങ്ങിസ്നാനം ഏറ്റിട്ടില്ലാത്തവരും, അങ്ങനെ ചെയ്യാൻ ആശിക്കുന്നവരും, ഞങ്ങൾ നിങ്ങളെ ഇന്നു രാത്രിയിൽ ഇവിടേക്ക് അതിനായി ക്ഷണിക്കുന്നു. തയ്യാറെടുപ്പോടെ കടന്നുവരൂ, സ്നാനത്തിലൂടെ, ഇന്നു രാത്രിയിൽ ഞങ്ങൾ ഒരു മഹത്തായ സർവ്വീസ് ആശിക്കുന്നു, നിങ്ങളുടെ സ്നാനത്തിനുള്ള വസ്ത്രങ്ങൾ കൂടെ കൊണ്ടുവരിക.

4 ഇന്നു, ഈസ്റ്റർ ആയിരിക്കുന്നതിനാൽ, ചിലപ്പോൾ നിങ്ങളിൽ അനേകർ നിങ്ങളുടെ ആലയങ്ങളിലെ സർവ്വീസിൽ പങ്കെടുത്തെന്നിരിക്കാം അതല്ലെങ്കിൽ ഇവിടെ ഉണ്ടായിരുന്ന സൂര്യോദയ സർവ്വീസിൽ പങ്കെടുത്തിട്ടുണ്ടാകാം. ഈ സർവ്വീസിൽ നിങ്ങൾ ആയിരിക്കുന്നതിനാൽ...അതല്ലെങ്കിൽ ഇന്നു ഇവിടെ നടക്കുന്ന സർവ്വീസിൽ ആയിരിക്കുന്നതിനാൽ ഞങ്ങൾക്കു വളരെ സന്തോഷമുണ്ട്.

5 എന്നാൽ ഇന്നു രാവിലെ നേരം, ഒരു ചെറിയ ഈസ്റ്റർ വിഷയത്തെപ്പറ്റി തുടർന്നും സംസാരിക്കുമ്പോൾ, ഞങ്ങൾനിങ്ങളെ വിശുദ്ധ യോഹന്നാന്റെ സുവിശേഷം 21-ആം അദ്ധ്യായത്തിലെ 3-ഉം 4-ഉം വചനങ്ങിളേക്ക് ശ്രദ്ധയെ തിരിക്കുന്നു. അതിനുശേഷം വിശുദ്ധ മർക്കോസ്...വിശുദ്ധ ലൂക്കോസ്, ഇരുപത് അഥവാ 49-ആം അദ്ധ്യായം. ആദ്യം ചില നിമിഷങ്ങൾ വിശുദ്ധ യോഹന്നാൻ 21.

*ശീമോൻ പത്രൊസ് അവരോട്: ഞാൻ മീൻ പിടിക്കാൻ പോകുന്നു എന്നു പറഞ്ഞു; ഞങ്ങളും പോരുന്നു എന്നു അവർ പറഞ്ഞു. അവർ പുറപ്പെട്ടു പടകു കയറി പോയി; ആ രാത്രിയിൽ ഒന്നും പിടിച്ചില്ല.*

*പുലർച്ചെ ആയപ്പോൾ യേശു കരയിൽ നിന്നിരുന്നു; യേശു ആകുന്നു എന്നു ശിഷ്യന്മാർ അറിഞ്ഞില്ല.*

6 ഈ വേദഭാഗത്തോട് കർത്താവിന്റെ അനുഗ്രഹങ്ങളെ കൂട്ടിച്ചേർക്കാൻ ഇടയാകട്ടെ. പിന്നെ ലൂക്കോസ് 24—ആം അദ്ധ്യായം 27 മുതൽ.

*മോശെ തുടങ്ങി സകലപ്രവാചകന്മാരിൽ നിന്നും എല്ലാ തിരുവെഴുത്തുകളിലും തന്നെക്കുറിച്ചുള്ളത് അവർക്കു വ്യാഖ്യാനിച്ചു കൊടുത്തു.*

*അവർ പോകുന്ന ഗ്രാമത്തോട് അടുത്തപ്പോൾ അവൻ മുമ്പോട്ട് പോകുന്ന ഭാവം കാണിച്ചു.*

*അവരോ ഞങ്ങളോടു കൂടെ പാർക്ക; നേരം വൈകി അസ്തമിപ്പാറായല്ലോ എന്നു അവനോട് പറഞ്ഞു അവനെ നിർബന്ധിച്ചു:*

*അവൻ അവരോടുകൂടെ പാർപ്പാൻ ചെന്നു. അവരുമായി ഭക്ഷണത്തിനു ഇരിക്കുമ്പോൾ അവൻ അപ്പം എടുത്തു അനുഗ്രഹിച്ചു നുറുക്കി അവർക്കു കൊടുത്തു.*

*ഉടനെ അവരുടെ കണ്ണു തുറന്നു അവർ അവനെ അറിഞ്ഞു...*

7 എന്തൊരു വിരോധാഭാസം! ഒരു സ്ഥലത്ത്, അവർ അവനെ അറിഞ്ഞില്ല. ഇവിടെ, അവൻ എന്തോ ചെയ്തതിനാൽ, അവർ അവനെ തിരിച്ചറിഞ്ഞു...

*...അവൻ അവർക്കു അപ്രത്യക്ഷനായി.*

*അവൻ വഴിയിൽ നമ്മോട് സംസാരിച്ചു തിരുവെഴുത്തുകളെ തെളിയിക്കുമ്പോൾ നമ്മുടെ ഹൃദയം നമ്മുടെ ഉള്ളിൽ കത്തിക്കൊണ്ടിരുന്നില്ലയോ എന്നു അവർ തമ്മിൽ പറഞ്ഞു.*

8 ഇപ്പോൾ ഒരു നിമിഷം പ്രാർത്ഥനക്കായി നമുക്ക് നമ്മുടെ തലകളെ വണക്കാം.

9 ഞങ്ങളുടെ ദയാവാനായ സ്വർഗ്ഗീയ പിതാവെ, ഞങ്ങൾക്ക് നൽകപ്പെട്ട ഈ രാവിലെ സമയം, ഉയിർത്തെഴുന്നേല്പിൽ ക്രിസ്തുവിന്റെ സന്നിധിയിൽ ഒരുമിച്ചു വന്നു കൂടിവരാനും, അവന്റെ ക്രൂശീകരണത്തിൽ പങ്കാളികളാകാനും, ലോകകാര്യങ്ങളിൽ നിന്നും അവനോടൊപ്പം ക്രൂശിക്കപ്പെട്ട്, നിത്യജീവനായി പുതുക്കത്തോടെ വീണ്ടും ജനിക്കാനും, ദിവ്യ കൂട്ടായ്മയും, അനുവദിച്ച മഹത്തായ അവസരത്തിനായി, ഞങ്ങൾഅങ്ങേക്ക് നന്ദി പറയുന്നു. ഈ പ്രത്യാശ ഇപ്പോൾ ഞങ്ങളുടെ ഉള്ളിലിരിക്കുന്നു.

10 ആ മുൻകാല പ്രവാചകൻ പറഞ്ഞതു പോലെ, ഞങ്ങൾ പറയുന്നു, "ഞങ്ങളുടെ വീണ്ടെടുപ്പുകാരൻ ജീവിച്ചിരിക്കുന്നു എന്നു ഞങ്ങൾ അറിയുന്നു. എന്നേക്കും ജീവിച്ചുകൊണ്ട്, ഒരു ശരിയായി മഹാപുരോഹിതനായി, കഷ്ടതകളാൽ പരിശോധിക്കപ്പെട്ടും, ഞങ്ങളുടെ ഏറ്റുപറച്ചിലിന്റെ മദ്ധ്യസ്ഥത ചെയ്തുകൊണ്ടും; അവൻ ഉന്നതങ്ങളിൽ മഹിമയുടെ വലഭാഗത്തിരിക്കുന്നു." ഇതിനുവേണ്ടി അങ്ങേക്ക് ഞങ്ങൾനന്ദി പറയേണ്ടത് എങ്ങനെയാണ്! ആ മഹാനും സർവ്വശക്തിയുള്ള ദൈവ സന്നിധിയിൽ ഇന്നു ഞങ്ങളെ പ്രതിനിധാനം ചെയ്യാൻ ഒരുവനുണ്ട് എന്നറിയുമ്പോൾ ഞങ്ങളുടെ ഹൃദയം ഞങ്ങളുടെ ഉള്ളിൽ കത്തിക്കൊണ്ടിരിക്കുന്നു. അവൻ മരിച്ചിട്ടില്ല, എന്നാൽ അവൻ ജീവിച്ചിരിക്കുകയും, അവന്റെ സന്നിധിയിൽ ഇരിക്കുകയും ചെയ്യുന്നു. അവൻ സർവ്വവ്യാപിയും, എല്ലായിടത്തും ആയിരിക്കുകയും, എല്ലാം അറിയുന്നവനും, സർവ്വജ്ഞനുമാണ്. ഈ സത്യത്തെ ഇന്നു ഞങ്ങൾമാറോട് മൃദുലമായും അനുകമ്പയോടും ചേർത്തിരിക്കുന്നു, എങ്ങനെയാണ് ഞങ്ങൾഇതിനായി അങ്ങേക്ക് നന്ദി പറയേണ്ടത്!

11 അവിടെ അവന് ഞങ്ങളുടെ അകൃത്യങ്ങളെ അനുഭവിച്ചറിയാനാകും, എന്തെന്നാൽ അവൻ ഞങ്ങളുടെ രോഗങ്ങളെ കാൽവരിയിലേക്ക് വലിച്ചുകൊണ്ടുപോയി,

ഞങ്ങൾക്കായി ത്യാഗം സഹിക്കുകയും ചെയ്തു. അത് അറിയുന്നതിനാലും, ഇന്നു ഞങ്ങൾക്കു നേരിട്ട് അതിനുള്ള തീർച്ച ലഭിച്ചിരിക്കുന്നതിനാലും, ഞങ്ങൾവളരെ നന്ദിയുള്ളവരാണ്. ഇന്നു അവൻ ഞങ്ങളെ സ്നേഹിക്കുകയും, ജീവിച്ചിരുന്നുകൊണ്ട്, ഞങ്ങൾക്കായി സംസാരിക്കുകയും ചെയ്യുന്നു. ഇന്നും അവന്റെ സാന്നിദ്ധ്യത്തിൽ നിങ്ങൾ ആയിരിക്കാനും, ഇത് ഒരു വാസ്തവമായ ഈസ്റ്ററാകാനും ആശിക്കുന്നില്ലേ!

12 ദൈവമേ, ഇന്നു രാവിലെ നേരം നിന്നെ അറിയാതെ, അലഞ്ഞു തിരിയുന്നവരോട്ടും, ഉയിർത്തെഴുന്നേല്പിലുള്ള ക്രിസ്തുവിനെ അറിയാത്തവരോടും, നിന്റെ പൂർണ്ണതയിലും അതി ഗംഭീര ശക്തിയാലും കടന്നു വന്ന്, അവരുടെ ജീവിതത്തിലെ എല്ലാ പാപങ്ങളെയും എടുത്തു മാറ്റി, അതിനു പകരമായി, ദൈവത്തിലെ നല്ല ദാനങ്ങളെ കൊടുക്കേണമെ. ഇത് അനുവദിക്കേണമെ, കർത്താവെ. ഓരോ അവിശ്വാസിക്കും അത് ദിവ്യ സാന്നിദ്ധ്യത്തെ ഇന്നു നൽകുമാറാകട്ടെ.

13 ഈ മഹത്തായ ഓർമ്മ പുതുക്കൽ നടക്കുന്ന ദേശത്തിലെ എല്ലാ ആരാധനകളെയും അനുഗ്രഹിക്കേണമെ.

14 ഞങ്ങളെ അങ്ങേക്ക് സമർപ്പിക്കുമ്പോൾ, കർത്താവെ, ഈ പ്രതിഫലമില്ലാത്ത അങ്ങയുടെ ദാസനേയും ഓർക്കേണമെ. ഇവിടെ ആയിരിക്കുന്ന എല്ലാവരേയും ഓർക്കേണമെ. ആരാധന കഴിയുമ്പോൾ അന്ന് ഇമ്മാവൂസിലേക്ക് നടന്നുപോയവരുടെ അനുഭവം ഉണ്ടാകാൻ ഇടവരട്ടെ, "അവൻ വഴിയിൽ നമ്മോട് സംസാരിക്കുമ്പോൾ, നമ്മുടെ ഹൃദയം നമ്മുടെ ഉള്ളിൽ കത്തിക്കൊണ്ടിരുന്നില്ലയോ?" ഇതു അനുവദിക്കേണമെ, കർത്താവെ എന്തെന്നാൽ ഇതെല്ലാം ഞങ്ങൾഅവന്റെ നാമത്തിൽ ചോദിക്കുന്നു. ആമേൻ.

15 ദൈവത്തിന്റെ അനന്തവും നിത്യവുമായ രക്ഷയുടെ ദിവ്യപരിപാലനത്തിന്റെ പദ്ധതിയാൽ, കഴിഞ്ഞ കാലങ്ങളിൽ, ദൈവം മനുഷ്യനെ തന്നെമാത്രം ആരാധിക്കാനായി സൃഷ്ടിച്ചപ്പോൾ, അവന് അതിന് കഴിയും വിധം, അവൻ അവനെ ആ രീതിയിൽ സൃഷ്ടിച്ചു. അവനെ ആരാധിക്കേണ്ടതാണ് എന്നുള്ള രീതിയിൽ ആശിച്ചു. യുഗങ്ങളായി സംഭവിച്ചുകൊണ്ടിരുന്ന കാര്യങ്ങളെ അറിയുവാൻ മനുഷ്യന് ഉള്ളത്തിൽ വാഞ്ചയുണ്ടായിരുന്നതിനാൽ, അവൻ ആ മറ നീക്കി പിന്നിലുള്ളതെല്ലാം ദർശിച്ചു.

16 വിശുദ്ധനായ അഗസ്തീനാൽ, എ.ഡി. 603-ൽ ഇംഗ്ലണ്ടിലെ രാജാവ് കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനമേറ്റു. അവൻ ക്രിസ്തുവിനെക്കുറിച്ച് അദ്ദേഹത്തോട് ഒരു രാത്രിയിൽ

തീ കായുന്നിടത്ത് ഇരിക്കുമ്പോൾ, ഒരു ചെറിയ കുരുവി ആ പ്രകാശത്തിനടുത്തേക്ക് പറന്നു വന്നതിനുശേഷം, അല്പം അതിനെ ചുറ്റിക്കറങ്ങിയിട്ട്, അവിടെ നിന്നും പറന്നകന്നു. വിശുദ്ധ അഗസ്റ്റിൻ അദ്ദേഹത്തോട് ഇങ്ങനെ ചോദിച്ചു, "അത് എവിടെ നിന്നാണ് വന്നത്, അത് എവിടേക്കാണ് പോയത്?" എന്നിട്ട് അയാൾ പറഞ്ഞു, "അതേ രീതിയിലാണ് ഓരോ മനുഷ്യരും ഈ ഭൂമിയിലേക്ക് വരുന്നത്. അവൻ ഇവിടെയ്ക്ക് വരുന്നു, വാസ്തവമായും അവൻ എവിടെ നിന്നാണ് വന്നത് എന്നറിയാതെ, ഒരു ചില ബോധത്തിലും മനസ്സാക്ഷിയാലും നടക്കുന്നു. അവൻ എവിടെയ്ക്ക് പോകുന്നു എന്നു പറയാൻ കഴിയുന്ന ഒരേ ഒരു പുസ്തകം മാത്രമേയുള്ളൂ, അതാണ് ബൈബിൾ." ആ വാക്കിനാൽ, രാജാവ് മാനസാന്തരപ്പെടുകയും, തന്റെ ജീവനെ കർത്താവിന് കൊടുക്കുകയും ചെയ്തു. അടുത്ത പ്രഭാതത്തിൽ അദ്ദേഹവും തന്റെ വീട്ടിലെ മുഴുവൻ ആളുകളും കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനമേറ്റു.

17 മനുഷ്യൻ തന്റെ പ്രാകൃതാവസ്ഥയിൽ, അവന് കഴിയില്ല, അവൻ ആത്മീയ കാര്യങ്ങളെ ഗ്രഹിക്കാനാകില്ല. അവ ആത്മീയമായി വിവേചിക്കപ്പെടേണ്ടതാകുന്നു.

18 ഇപ്പോൾ നിങ്ങൾക്കു കഴിയാവുന്നതിൽ ഏറ്റവും നന്നായി ശ്രദ്ധിക്കേണമെന്നു ഞാൻ ആശിക്കുന്നു. നിങ്ങൾനിൽക്കുകയും, ശ്രോതാക്കളെകൊണ്ട് ഞെരുങ്ങിയിരിക്കുന്നതിനാലും, നിങ്ങൾക്കു ബുദ്ധിമുട്ടാണ് എന്നെനിക്കറിയാം. രോഗികളായിരിക്കുന്നവരും, പാപത്തിന്റെ രോഗത്തിലായിരിക്കുന്നവരും; പ്രധാനമായി രോഗികളായിരിക്കുന്നവർ, ഇന്നു രാവിലെ നേരം, സമാധാനം കണ്ടെത്താൻ ആഗ്രഹിക്കുന്നവർ, വചനം ശ്രദ്ധയോടെ കേൾക്കാൻ ശ്രമിക്കുക.

19 സ്വാതന്ത്ര്യം നൽകാനുള്ള വിളംബരം ഒപ്പിട്ടുകഴിഞ്ഞു. നിങ്ങൾ സ്വതന്ത്രരാണ്, നിങ്ങൾക്ക് അതറിയില്ലെന്നു മാത്രം. എന്നാൽ, ആദ്യം, വിശ്വാസത്തിന് തികച്ചും ഒരു ദിവ്യമായ വിശ്രമസ്ഥാനം ഉണ്ടായിരിക്കേണ്ടതുണ്ട്. നിങ്ങൾക്ക് ദൈവത്തിൽ വിശ്വാസമുണ്ടെന്നു വന്നാൽ, അതിനെ വെയ്ക്കാനായി, നിങ്ങൾക്ക് ഒരു വിശ്രമസ്ഥലം കിട്ടിയിരിക്കുന്നു. അതിനെക്കാളും ഒരു നല്ല സ്ഥലമില്ല, മറ്റൊരു ദിവ്യമായ വഴിയില്ല, ദൈവത്തിന്റെ വിശുദ്ധ വചനത്തിലൂടെ മാത്രമാണ്. നാം ചെയ്യേണ്ടതെന്തെന്നാൽ, നമ്മുടെ വിശ്വാസത്തെ നേരിട്ട് എഴുതപ്പെട്ടിരിക്കുന്ന ദൈവത്തിന്റെ വചനത്തിലിടുക എന്നതു മാത്രമാണ്.

20 ഇപ്പോൾ, മനുഷ്യൻ, അവന്റെ ജഡീക അവസ്ഥയിലും അവന്റെ മാനസീകമായ വിചാരങ്ങളാലും, തന്നെ എപ്പോഴും തന്നെത്താൻ ദൈവത്തിൽ നിന്നും ദൂരെയാക്കുന്നു. ആദി മുതൽ തന്നെ മനുഷ്യൻ മറുഭാഗം നോക്കാൻ ആശിച്ചുപോന്നു, എന്നാൽ അവനെ ഒരു ജയിലറയാണ് ഇട്ടിരുന്നത്. ചില നേരങ്ങളിൽ മനുഷ്യന്റെ സമ്പ്രദായങ്ങൾ അവനെ അവിടെ ഇടുന്നു, അത് അവർ വ്യത്യസ്തമായ രീതികളിലും പ്രചോതനങ്ങളിലും എങ്ങനെ ആരാധിക്കേണം എന്നുള്ള രീതിയിൽ അവർ പഠിപ്പിക്കുന്നതിനാലാണ്. അവൻ സമ്പ്രദായത്തിൽ, അവൻ മനുഷ്യനെ അടിമത്വത്തിലാക്കുന്നു. അത് തുടങ്ങിയത് ഭൂമി ഉളവായതു മുതലാണ്. അത് ആ രീതിയിൽ തന്നെയായിരുന്നു. അവൻ ഒരു ജയിലറയിൽ അവനെ ഇട്ട് പോന്നിരുന്നു.

21 എന്നാൽ മനുഷ്യൻ എപ്പോഴും മറുഭാഗം കാണാൻ ആശിച്ചു പോന്നു. ഏതെങ്കിലും ഒരു ചെറിയ അമാനുഷികമായ കാര്യം കണ്ടാൽ, മനുഷ്യരാശി അതു കാണാൻ ഓടുന്നു. എന്തെന്നാൽ, വരയുടെ മറ്റെഭാഗത്ത് ഏതോ ഒരു വിധത്തിലുള്ള ഒരു ചെറിയ വാഗ്ദത്തമുള്ളതിനാലാണ്. എന്തുകൊണ്ടാണ് അവനിൽ അത്തരമൊരു കാര്യമുണ്ടാകുന്നത്, എന്തെന്നാൽ അവൻ സർവ്വശക്തനായ ദൈവത്തിന്റെ ഛായയിലാണ് സൃഷ്ടിച്ചിരിക്കുന്നത്. അവനെ ദൈവത്തിന്റെ ആരാധനക്കാരനായിട്ടാണ് സൃഷ്ടിച്ചിരിക്കുന്നത്, അതിനെ പ്രകടിപ്പിക്കാനുള്ള ഒരു ചെറിയ അനുഭവം ഉണ്ടാകുന്ന ഒരു സ്ഥലത്തിനായി അവൻ നോക്കിക്കൊണ്ടിരിക്കുന്നു.

22 വാസ്തവവും സത്യവുമായ സുവിശേഷത്തെ, ഈ ഈസ്റ്റർ പ്രഭാതത്തിൽ അങ്ങേക്ക് സമർപ്പിക്കണം എന്നതാണ് ഇന്നത്തെ ഞങ്ങളുടെ ഉദ്ദേശം. ആരാലെങ്കിലുമോ, ഒരു സംഘടന സഭയിലോ, ഏതെങ്കിലും ഒരു അടിസ്ഥാനത്തിലോ ഒന്നുമില്ല, സുവിശേഷത്തിൽ, ബൈബിളിലെ ലളിതമായ സത്യങ്ങളിൽ മാത്രമാണുള്ളത്. ഇത് ദൈവത്താൽ എഴുതപ്പെട്ട വചനമെന്ന് ഞാൻ വിശ്വസിക്കുന്നു. ഇത് ഞാൻ ആത്മാവാലും, പ്രാണനാലും, മനസ്സിനാലും എന്നിലെ എല്ലാറ്റിനാലും, വിശ്വസിക്കുന്നു. കഴിഞ്ഞ പത്തു വർഷങ്ങളായി ലോകത്തിൽ എല്ലായിടവുമായി ഈ അതിശയകരമായ കാര്യം ഞാൻ കണ്ടതിനെ, ഇവിടെയുള്ള ഈ ചെറിയ പട്ടണത്തിൽ ഇത് പ്രദർശിപ്പിക്കാൻ ആഗ്രഹിക്കുന്നു.

23 അനേക നേരങ്ങളിൽ, പട്ടണത്തിൽ സർവ്വീസുകളുണ്ടാകുമ്പോൾ, രോഗസൗഖ്യത്തിന്റെ സർവ്വീസുകളിൽ, നാം ശ്രമിച്ചു, എന്തെന്നാൽ എനിക്ക് ഇവിടെ സുഹൃത്തുക്കളെ കിട്ടിയില്ല എന്നതിനാലല്ല.

എന്തെന്നാൽ, എനിക്ക് സുഹൃത്തുക്കൾ ഉണ്ട് നിങ്ങളാണ് എന്റെ സുഹൃത്തുക്കൾ, ഞാൻ നിങ്ങളെ സ്നേഹിക്കുന്നു. എന്നാൽ ഇത് വീടാണ് അതാണ് കാരണം, ഇവിടെയാണ് ഞാൻ വളർന്നത്. ഇത് എന്റെ സ്ഥലമാണ്, ഇവിടെ എല്ലാവർക്കും എന്നെ അറിയാം, ആയതിനാലാണ് ഇത് അതിനെ പ്രയാസമേറിയതാക്കുന്നത്. എന്തെന്നാൽ തിരുവചനവും അതേ കാര്യം തന്നെ പറയുന്നു, അതായത്, "നിങ്ങളുടെ സ്വന്ത പട്ടണത്തിലും അഥവാ നിങ്ങളുടെ സ്വന്ത ജനങ്ങളുടെ ഇടയിലും," അങ്ങനെ ഉള്ളവിയിൽ, സുവിശേഷം പ്രചരിപ്പിക്കാൻ പ്രയാസമാണ്. അത് എല്ലാ കാലത്തിലുമുണ്ടായിരുന്നു, അതിനു ഇപ്പോഴും ഒരു ഒഴിവുകഴിവുമില്ല.

24 എന്നാൽ, ഞാൻ എന്റെ മുഴു ഹൃദയത്തോടെ, വിശ്വസിക്കുന്നത് എന്തെന്നാൽ, നാം അവനോട് ചെയ്യാൻ ആവശ്യപ്പെട്ടതുപോലെ, ദൈവം നമ്മെ ഇന്നു രാവിലെ നേരത്തെ സർവ്വീസ് ചെയ്യാൻ അനുവദിച്ചിരിക്കുന്നു എന്നാണ്. അവൻ അത് ചെയ്യുമെന്ന് ഇപ്പോൾ ഞാൻ വിശ്വസിക്കുന്നു. ആകയാൽ, അവന്റെ മഹത്തായ സാന്നിദ്ധ്യത്താലും അവന്റെ സർവ്വശക്തിയാലും, അവൻ അത് ചെയ്യുമെങ്കിൽ, അത് നമ്മുടെ മദ്ധ്യേയുണ്ട് എന്നു കാണിക്കുന്നതാണ്. ഇന്നു ഈ ഈസ്റ്റർ പ്രഭാതത്തിൽ, മനുഷ്യരുടെ ഇടയിൽ നടക്കുന്ന, ഇവിടെ നടക്കുന്ന, ഉയിർത്തെഴുന്നേറ്റ യേശുവിനെ കാണുക, അവൻ മരണത്തിൽ നിന്നും ഉയിർത്തെഴുന്നേറ്റു എന്നതിന്റെ തുടച്ചു മാറ്റാനാകാത്ത, ഒരിക്കലും തെറ്റുപറ്റാത്ത തെളിവായിരിക്കും, അത് എന്തൊരു അത്ഭുതകരമായ സമയമായിരിക്കും.

25 അതായത് യേശു മരിച്ചിട്ടില്ല, അതാണ് എനിക്ക് പറയാനുള്ളത്, ആ ഉള്ളടക്കത്തിലേക്കാണ് ഞാൻ വന്നുകൊണ്ടിരിക്കുന്നത്. അവൻ ജീവിച്ചിരിക്കുന്നു, അവൻ ഇന്നും ജീവിച്ചിരിക്കുന്നു, എന്നേക്കും ജീവിച്ചുകൊണ്ടേയിരിക്കും. അവന്റെ കൃപയാൽ, ദൈവം നമ്മെ അനുവദിക്കുന്ന പക്ഷം, പരിശുദ്ധാത്മാവിന്റെ സഹായത്താൽ, യേശു മരിച്ചവരിൽ നിന്നും വാസ്തവമായും ഉയിർത്തെഴുന്നേറ്റിരിക്കുകയും, അവൻ ഇവിടെത്തന്നെ ഇന്നു ജീവിച്ചിരിക്കുന്നു, അതെ ഈ കെട്ടിടത്തിൽ തന്നെ, നമ്മോടൊപ്പം, ഇന്നു രാവിലെ ഉണ്ട് എന്നു ഞാൻ വിശ്വസിക്കുന്നു. "ലോകത്തിന്റെ അവസാനത്തോളം," എന്ന് അവൻ വാഗ്ദത്തം ചെയ്തിരുന്നു.

26 ഇപ്പോൾ, മനുഷ്യൻ, തന്റെ ജഡീക വഴിയിൽ, അവൻ ആദ്യം ഉണ്ടാക്കിയ...നാം ആ ജനങ്ങളെ ശ്രദ്ധിച്ചാൽ, നല്ല ഉദ്ദേശത്തോടെയാണ്, ഒരു മതതത്വസംഹിതയിലേക്ക് സുവിശേഷത്തെ കൊണ്ടുവരാൻ ശ്രമിച്ചുകൊണ്ട്, ഇങ്ങനെ പറയുന്നു, "അതെ, നാം പള്ളിയിൽ പോകും." അത് ശരിയാണ്.

ഒരു നല്ല ഉദ്ദേശത്തോടെയാണ് പറയുക, "നമുക്ക് ഇത് ഉണ്ടായിരിക്കേണ്ടതുണ്ട്, ഒരു—ഒരു മതവിശ്വാസപ്രമാണത്തിന്റെ പ്രസ്താവന ഉണ്ടാക്കേണ്ടതായിട്ടുണ്ട്. നാം ഈ പ്രാർത്ഥനകളെ ഏറ്റു പറയും. നാം ഈ ചില കാര്യങ്ങളെ ചെയ്യും." എന്നാൽ ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേല്പ് മതതത്വസംഹിതകളെക്കാളും, സംഘടനാ സഭകളെക്കാലും വളരെ വലുതാണ്. എന്നിരുന്നാലും, അതിന്റെ ഉദ്ദേശങ്ങളും, മറ്റുള്ളതെല്ലാം നന്നായിരുന്നു എന്നിരിക്കാം, എന്നാൽ അതല്ല ഉയിർത്തെഴുന്നേറ്റ ക്രിസ്തു.

27 ഇന്നു രാവിലെ നേരം, യേശുക്രിസ്തു മരിച്ചവരിൽ നിന്നും ഉയിർത്തെഴുന്നേറ്റു ജീവിച്ചിരിക്കുന്നു എന്ന തെറ്റുപറ്റാത്ത ആ കാര്യത്തിന്റെ പിന്നാലെയാണ് നാം ഇന്ന് പ്രധാനമായും ആയിരിക്കുന്നത്.

28 ഇന്നു നമ്മുടെ വേദഭാഗം ഇങ്ങനെ പറയുന്നു, "അവർ അവനെ തിരിച്ചറിഞ്ഞില്ല," അതേ കാര്യം തന്നെ ഇന്നും ആയിരിക്കുന്നു.

29 എന്നാൽ മനുഷ്യൻ അവനെ അറിയാനായി അന്വേഷിച്ചു കൊണ്ടിരുന്നു. മുൻ കാലങ്ങൾ മുഴുവനും, അവർ അവനെ അറിയാൻ അന്വേഷിച്ചുകൊണ്ടിരുന്നു. നമ്മുടെ ഇന്നു രാവിലത്തെ വേദഭാഗം, *എന്റെ വീണ്ടെടുപ്പുകാരൻ ജീവിച്ചിരിക്കുന്നു,* ഞായറാഴ്ച രാവിലെ സമയത്തെ സർവ്വീസിൽ, ഈയ്യോബ് അവൻ നല്ല വയസ്സു ചെന്നവനായിരുന്നിട്ടും, ജീവിതാരംഭത്തിൽ തന്നെ, അവൻ തന്റെ സൃഷ്ടാവിനെ അറിയാൻ ആശിച്ചിരുന്നു. മറ്റു വാക്കുകളിൽ പറഞ്ഞാൽ, അവൻ പറഞ്ഞു, "എനിക്ക് അവന്റെ അടുക്കൽ ചെന്നു വാതിൽക്കൽ മുട്ടി, അവനുമായി സംസാരിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ!" മനുഷ്യഹൃദയം എപ്രകാരമാണ് അത്തരം ഒരു കാര്യത്തിനായി കാത്തിരിക്കുന്നത്! ഇന്ന്, നാലായിരം വർഷങ്ങൾക്കു ശേഷം, ഏകദേശം അയ്യായിരം വർഷങ്ങളിൽ അധികമായി, മനുഷ്യ ഹൃദയം അവന്റെ വാതിൽക്കലിൽ മുട്ടാൻ എപ്രകാരം ആശിക്കുന്നുണ്ടാകും, അവന്റെ വാതിൽക്കലിൽ മുട്ടിക്കൊണ്ട്, അവനുമായി പരിചയപ്പെടാൻ ആശിക്കുന്നുണ്ടാകും!

30 പിന്നെ, സമ്പ്രദായങ്ങളിലൂടെ, അടിസ്ഥാനപരവും മഹത്വമേറിയതുമായ തിരുവചന സത്യങ്ങളെ ജനങ്ങളിൽ നിന്നും, മനുഷ്യർ മറച്ചുവെച്ചിരിക്കുന്നു.

31 ഇപ്പോൾ, യേശു ഭൂമിയിലായിരുന്നപ്പോൾ അതേ കാര്യം തന്നെയാണ് സംസാരിച്ചിരുന്നത്. അവൻ ഇങ്ങനെ പറഞ്ഞു, "നിങ്ങൾ അന്ധന്മാരുടെ നായകരായ അന്ധന്മാരാകുന്നു." അവൻ

ചോദിച്ചു, "അന്ധൻ അന്ധനെ വഴി കാട്ടിയാൽ, അവർ രണ്ടാളും കുഴിയിൽ വീഴുകയില്ലേ?"

32 ഇപ്പോൾ, "അന്ധൻ" മതപണ്ഡിതന്മാരെ അഥവാ ക്രിസ്തീയരെന്ന് സർവ്വനാമമുള്ളവരാണ് എന്നു കാണുന്നോ? ദൈവം സ്വയം അവനെ ജനങ്ങൾക്കു വെളിപ്പെടുത്തുന്ന ഒരു രീതിയുണ്ട് അഥവാ ജനങ്ങളെ അറിയിക്കുന്ന ഒരു രീതിയുണ്ട്. എന്നാൽ, അനേകരെ ദൈവം സ്വയം അവനെതന്നെ അവരുടെ മുന്നിൽ വെളിപ്പെടുത്തി കാണിക്കാൻ ഒരു അവസരമുണ്ടാകുന്നതിനു മുമ്പു തന്നെ സമ്പ്രദായങ്ങൾ ജനങ്ങളെ അവന്റെ മുന്നിൽ നിന്നും ദൂരത്താക്കികളയുന്നു. കണ്ടോ? നിങ്ങൾക്ക് അതു കിട്ടിയോ? കണ്ടോ? മതതത്വസംഹിതകൾ! ഓ, ഇന്ന് അത് എന്തായിരിക്കുന്നു!

33 യേശുക്രിസ്തു സംസാരിച്ചിരുന്ന ആ ഗുരുക്കന്മാർ വളരെ യാഥാസ്ഥിതികരായിരുന്നു. അവർ നല്ല ജ്ഞാനമുള്ളവരായിരുന്നു. അവർ വചനത്തിലെ വാക്കുകളിലേയും, നിയമങ്ങളിലേയും, ഒരു വള്ളിയോ പുള്ളിയോ വിടാതെ അഥവാ അതിൽ നിന്നും വിട്ടുപോകാതെ, മനസ്സിലാക്കിയവരായിരുന്നു. അവർ അതിൽ പരിപൂർണ്ണമായിരുന്നു താനും.

34 അതുപോലെ തന്നെ നമുക്ക് നമ്മുടെ പൊതുതത്വങ്ങളാലും വിദ്യാഭ്യാസത്താലും ക്രിസ്തുവിനെ തീർത്തും കാഴ്ചയിൽ നിന്നും ദൂരത്താക്കാനാകും. നാം വാസ്തവവും സത്യവുമായ നേർവഴിയിൽ നിന്നും ദൂരെയായിക്കൊണ്ടിരിക്കുന്നു.

35 ആകയാൽ ദൈവത്തോട് മനുഷ്യൻ സത്യമായും നേരെയാകേണ്ടതിന്, "ദൈവം തന്റെ സ്വന്തപുത്രനെ പാപ ശരീരത്തിന്റെ രീതിയിൽ അയക്കുകയും," അവൻ ഈ ഭൂമിയിൽ ജനിക്കുകയും ചെയ്തു. നമ്മുടെ പാപങ്ങളെ രഞ്ജിപ്പിക്കാനായി, നമ്മുടെ പാപങ്ങൾ എടുത്തു മാറ്റി, നാം ആയിരുന്ന ജയിലിൽ നിന്നും നമ്മെ സ്വാതന്ത്ര്യരാക്കി നമ്മെ സ്വതന്ത്രരാക്കാൻ ആ ദിവസം കാൽവരിയിൽ ബലിയാക്കപ്പെട്ടു.

36 ഇപ്പോൾ, മനുഷ്യൻ ഒരു കാരാഗ്രഹവാസിയാണ്. എന്തോ ചിലത് സംഭവിച്ചു കഴിയുന്നതുവരെ ഒരു മനുഷ്യൻ ഒരു കാരാഗ്രഹത്തിലായിരിക്കുന്നു എന്നു ദൈവം പറഞ്ഞു. നിങ്ങൾക്ക് ഇതു മനസ്സിലാകണമെന്നു ഞാൻ ആഗ്രഹിക്കുന്നു. അതായത്, ഈ ചില പ്രത്യേക കാര്യം, അതിനെ പുതുജനനം എന്നാണ് വിളിക്കുക, ഒരു മനുഷ്യന് സംഭവിക്കുന്നതിനു മുമ്പു വരെ, (ഒരിക്കലും, ഒരു വഴിയിലും) അവന് ഒരിക്കലും ദൈവത്തെ മനസ്സിലാകില്ല, ദൈവത്തെക്കുറിച്ച് ഒരു ജ്ഞാനവും ഉണ്ടാകില്ല. അത് വചനത്തിൽ

പറയപ്പെട്ടെന്നിരിക്കിലും, അവന്റെ മനസ്സിന് അതിനെ പൂർണ്ണമായി മനസ്സിലാക്കാനാകില്ല, എന്തെന്നാൽ അത് ഒരു മനുഷ്യമനസ്സാണ്. ദൈവീകമായ കാര്യങ്ങൾ ഗ്രഹിക്കണമെന്നുണ്ടെങ്കിൽ, അവനിൽ ദൈവത്തിന്റെ മനസ്സുണ്ടാകേണ്ടതായിട്ടുണ്ട്. കണ്ടോ? ആകയാൽ എല്ലാ പഠനവും, എല്ലാ സ്കൂളുകളും, എല്ലാ ഉപദേശങ്ങളും, അവ ചിലപ്പോൾ ശരിയാണെന്നു വന്നേക്കാം, അപ്പോഴും അവ വാസ്തവമായ മൂലതത്വങ്ങളായിരിക്കണമെന്നില്ല.

37 സുവിശേഷം പ്രസംഗിക്കാനായി, ദൈവം തന്റെ പുത്രനെ അയച്ചു. അത് ശരിയാണ്. സുവിശേഷം എന്നാൽ സദ്വർത്തമാനം. യെശയ്യാവ് 61-ൽ, തിരുവചനം എടുത്തിരിക്കുന്ന നിങ്ങൾഅതിലേക്ക് നോക്കിയാൽ, ദൈവം അവിടെ, സംസാരിക്കുന്നത്...അതല്ല യെശയ്യാവ് ക്രിസ്തുവിന്റെ വരവിനെക്കുറിച്ച് പറഞ്ഞിരിക്കുന്നു. അവൻ പറഞ്ഞു, "എളിയവരോട് സദ്വർത്തമാനം ഘോഷിപ്പാൻ ദൈവം എന്നെ അഭിഷേകം ചെയ്തിരിക്കകൊണ്ടു കർത്താവിന്റെ ആത്മാവ് എന്റെ മേലിരിക്കുന്നു; ഹൃദയം തകർന്നവരെ മുറിവുകെട്ടുവാനും തടവുകാർക്ക് വിടുതലും ബദ്ധന്മാർക്ക് സ്വാതന്ത്ര്യവും അറിയിപ്പാനും എന്നെ അയച്ചിരിക്കുന്നു." ജയിലിന്റെ വാതിലുകളെ തുറന്ന് അന്ധകാരത്തിൽ ഇരിക്കുന്നവരെ സ്വതന്ത്രരാക്കാൻ ദൈവം ക്രിസ്തുവിനെ അയച്ചു. അവൻ സംസാരിക്കുന്ന വിധത്തിലേക്ക് നോക്കിയാൽ, "അവരെ സ്വതന്ത്രരാക്കുക," അത് വിദ്യാഭ്യാസമില്ലാത്തവർ അല്ലായിരുന്നു. അത് വിദ്യാസമ്പന്നരും, ജ്ഞാനികളുമായിരുന്നു, ക്രിസ്തു വന്നത് അവരെ സ്വതന്ത്രരാക്കാനായിരുന്നു.

38 ഇപ്പോൾ, ഇത് ചെറിയ കുട്ടികൾക്കും കൂടെ മനസ്സിലാക്കാൻ കഴിയുന്നതേയുള്ളൂ. ക്രിസ്തു വന്നപ്പോൾ...ഉദാഹരണമായി, അതായത് ഇന്ന്, നിങ്ങളെ ഓരോരുത്തരേയും മരണത്തിനായി വിധിച്ചിരിക്കുകയാണ് എന്നു വിചാരിക്കുക. നാളെ സൂര്യോദയത്തിങ്കൽ നിങ്ങൾ മരിക്കേണ്ടതുണ്ട് എന്നറിഞ്ഞിട്ട് നിങ്ങൾഒരു ജയിലറയിൽ ഇരിക്കുന്നു.

39 പാപം നിറഞ്ഞ അനേകർ, ദൈവത്തിൽ നിന്ന് ദൂരമായി, ആ സ്ഥാനത്ത് ഇന്നു രാവിലെ സമയം ഇന്നിരിക്കുകയാണ്. അനേക ജനങ്ങൾ, അവർ വാസ്തവമായും വളരെ നല്ല ജനങ്ങളാണ്, ഇന്നു രാവിലെ നേരം ആ അവസ്ഥയിലിരിക്കുന്നു.

40 നിങ്ങളിൽ അനേകർ, ഇവിടെ ക്യാൻസറിനാലും, അന്ധത ബാധിച്ചും, മുഴകൾ ഉള്ളവരായിട്ടും ഇവിടെ ഇരിക്കുകയാണ്. ഈ വിധത്തിലുള്ളതെല്ലാമായി നിങ്ങളിൽ ചിലർ ഇവിടെ

ഇരിക്കുന്നു. എന്നിട്ടും, ജയിലിന്റെ വാതിൽ തുറന്ന് ക്രിസ്തു നിങ്ങളെ സ്വതന്ത്രമാക്കേണ്ടതിന് ദൈവം അവനെ അയച്ചിരിക്കുന്നു. നിങ്ങൾ ചോദിക്കാം, "രോഗം എന്നാൽ അടിമത്വമാണോ?" അതെ.

41 കൂനി നടന്നിരുന്ന സ്ത്രീയെ നോക്കി സൗഖ്യമാകാൻ കല്പിച്ചുകൊണ്ട് യേശു അത് വിശദീകരിച്ചു. അവൻ അവളെ സൗഖ്യമാക്കി; അവന്റെ കൈ അവളുമേൽ വെച്ചപ്പോൾ, അവൾ നിവർന്നു നിന്നു. അവർ കുറ്റം കണ്ടുപിടിക്കാൻ തുടങ്ങി, ശാസ്ത്രിമാർ അതു ചെയ്തു. അവൻ ഇങ്ങനെ പറഞ്ഞു, "സാത്താൻ സംവത്സരങ്ങളായി ബന്ധിച്ചിരുന്ന അബ്രഹാമിന്റെ മകളായ ഇവളെ സ്വതന്ത്രമാക്കേണ്ടതല്ലയോ?"

42 അതുകൊണ്ട്, നമ്മുടെ മഹാൻ വീണ്ടെടുപ്പുകാരൻ വന്നത് പുരുഷന്മാരേയും സ്ത്രീകളേയും പാപത്തിൽ നിന്നും രോഗത്തിൽ നിന്നും വിടുവിക്കാനാണ്. അവൻ, അവൻ കാൽവരിയിൽ മരിച്ചപ്പോൾ, "നമ്മുടെ അതിക്രമങ്ങൾക്കായി മുറിവേറ്റു; അവന്റെ അടിപ്പിണരിനാൽ നാം സൗഖ്യം പ്രാപിച്ചിരിക്കുന്നു."

43 ഇപ്പോൾ, അതാണ് സദ്വർത്തമാനം. അതാണ് സുവിശേഷം. സുവിശേഷം എന്നാൽ, ക്രിസ്തു പാപിയുടെ സ്ഥാനത്ത് മരിച്ചു, ക്രിസ്തു രോഗിയായ മനുഷ്യന്റെ സ്ഥാനമെടുത്തു. ക്രിസ്തു പാപിയുടെ സ്ഥാനമെടുത്തു. ക്രിസ്തു ഒരു കാമാസക്തിയുള്ളവന്റെ സ്ഥാനമെടുത്തു. ജയിലറയിൽ പിശാച് നമ്മെ ബന്ധിച്ചിരുന്ന എല്ലാ പാപങ്ങളിൽ നിന്നും അഭിലാഷങ്ങളുടേയും സ്ഥാനം, ക്രിസ്തു എല്ലാ സ്ഥാനവും എടുത്തിട്ട്, നമ്മെ സ്വതന്ത്രരാക്കി. ക്രിസ്തു വന്നത് നമ്മെ സൗജന്യമായി വിടുതൽ നൽകാനാണ്. എല്ലാം സൗജന്യമായിത്തന്നെ പോയ്ക്കൊണ്ടിരിക്കുന്നു.

44 അടിമകളുണ്ടായിരുന്ന സമയം, അവർ അടിമകളായിരിക്കുമ്പോൾ, അവർ ഇവിടെ അമേരിക്കയിലും അടിമകളായിരുന്നിട്ടുണ്ട്. നിറക്കാരായ മനുഷ്യരെ സ്വതന്ത്രരാക്കാൻ, അബ്രഹാം ലിങ്കൺ മരിക്കുന്നതിനു മുമ്പ്, അവർ ഇനി ഒരിക്കലും അടിമയായിരിക്കേണ്ടതില്ല എന്ന് അധികാരത്തെ പുറപ്പെടുവിച്ച് കഴിഞ്ഞ, അടുത്ത സൂര്യോദയത്തിങ്കൽ സ്വതന്ത്രരായിത്തീർന്നു. സൂര്യൻ ഉദിച്ചുവരുമ്പോൾ തന്നെ അവർ സ്വതന്ത്രരായിത്തീരും എന്നറിഞ്ഞപ്പോൾ, അവൻ അതിൽ വലിയ സന്തോഷം ഉള്ളവരായിത്തീർന്നു. അവരിൽ ആരോഗ്യമുണ്ടായിരുന്ന ചിലർ, ശാരീരികമായി ബലശാലികളായവർ, മലയുടെ ഏറ്റവും മുകളിലേക്ക് കയറിച്ചെന്നു. അവരിൽ ചിലർക്കു മാത്രമേ മലയുടെ ഏറ്റവും മുകളിലേക്ക് ചെല്ലാനായുള്ളു, ചിലർ പകുതി ദൂരം വരെ പോയി; മറ്റു ചിലർ അതിന്റെ അടിവാരത്തു നിന്നു. സൂര്യൻ ഉദിക്കാൻ

തുടങ്ങിയപ്പോൾ, ഏറ്റവും ആരോഗ്യമുണ്ടായിരുന്നവർ മലയുടെ ഏറ്റവും മുകളിലായിരുന്നു.

45 അത് ഇന്നത്തെ ക്രിസ്ത്യാനികളുമായി ഒത്തുപോകുന്നു ഏറ്റവും മുകളിലുള്ളവർ മഹാന്മാരായ ബലമേറിയ ക്രൈസ്തവർ പരിശുദ്ധാത്മാവിന്റെ വലയത്തിൽ കടന്നുവന്നവരും; പകുതി ദൂരത്തെത്തിയവർ, നീതീകരണത്തിൻ കീഴിലുള്ളവരും; മലയുടെ അടിഭാഗത്തുള്ളവർ കുട്ടിക്കുഴക്കപ്പെട്ടവരുമാണ്.

46 അവർ ഉണർന്നെഴുന്നേറ്റു. പകുതി വഴിയിൽ നിന്നിരുന്നവരെക്കാൾ മുന്നമേ കണ്ടത് ഏറ്റവും മുകളിൽ നിന്നിരുന്നവരായിരുന്നു. സൂര്യൻ ഉദിച്ചു പൊങ്ങുന്നത് അവർ കണ്ടപ്പോൾ, അവരുടെ കീഴിൽ നിന്നവരോട് അവരാൽ കഴിയുന്നതിന്റെ പരമാവധി ഉച്ചത്തിൽ നിലവിളിച്ചു പറഞ്ഞു, "നാം സ്വതന്ത്രരായിരിക്കുന്നു!"

47 അപ്പോൾ അത് കേട്ടവർ, അതിശക്തമായി താഴെയുള്ളവരോട് ഇങ്ങനെ അറിയിച്ചു, "നാം സ്വതന്ത്രരാണ്!"

48 അപ്പോൾ, മറ്റുള്ളവർ താഴ്വാരത്തുണ്ടായിരുന്ന, മറ്റെക്കൂട്ടരോട് വിവരിച്ചു പറഞ്ഞു, "നാം സ്വതന്ത്രരായിരിക്കുന്നു."

49 ഇപ്പോൾ നോക്കു. മലയുടെ ഏറ്റവും മുകളിലുണ്ടായിരുന്നവർ, അവർ സ്വതന്ത്രരായപ്പോൾ അവർക്ക് സൂര്യനെ കാണാനായി. എന്നാൽ താഴ്വരയിലുണ്ടായിരുന്ന വ്യക്തിയുടെ അടുക്കൽ ആ വാർത്ത വന്നപ്പോൾ, എല്ലാവരേയും പോലെ അവനും സ്വതന്ത്രനായിരുന്നു, സൂര്യൻ വന്നിരിക്കുമോ ഇല്ലയോ. നിങ്ങൾഅതു കാണുന്നോ?

50 ബദ്ധന്മാരെ വിടുവിക്കാൻ ക്രിസ്തു വന്നു. നിങ്ങൾക്ക് പകുതി വഴിയിലെ ക്രിസ്ത്യാനികളെപ്പോലെയുള്ള ആ വിധമായ സ്വഭാവങ്ങളാൽ ചുറ്റിത്തിരിയേണ്ട ആവശ്യമില്ല. നിങ്ങൾ ആ വിധമായിരിക്കാൻ ദൈവം ആഗ്രഹിക്കുന്നില്ല. നിങ്ങൾ സ്വതന്ത്രരായിക്കാൻ അവൻ ആഗ്രഹിക്കുന്നു. ജയിലിന്റെ വാതിലുകളെ തുറന്ന് സ്വാതന്ത്ര്യം പ്രസംഗിക്കാൻ ദൈവം ക്രിസ്തുവിനെ അഭിഷേകം ചെയ്തു. ഓരോ സമയത്തും നിങ്ങൾ...

51 നിങ്ങൾ അവിടെ ഇരുന്നുകൊണ്ട് പറയുകയാണ്, നിങ്ങളുടെ മരണവിധി പുറപ്പെടുവിച്ചുകഴിഞ്ഞു. നിങ്ങൾക്കറിയാവുന്ന ആദ്യകാര്യം എന്തെന്നാൽ, അവർ നിങ്ങളെ തൂക്കിക്കൊല്ലുകയോ മറ്റേതെങ്കിലും വിധത്തിൽ കൊല്ലാനോ പോകുന്നു എന്നുള്ളതാണ്. ആരെങ്കിലും പട്ടണ വീഥിയിലൂടെ വന്ന് ഇങ്ങനെ ആവശ്യപ്പെടുന്നതായി ആദ്യം നിങ്ങൾ കേൾക്കുകയാണ്, "അത് നിർത്തു! എനിക്ക് ക്ഷമ കിട്ടിയിരിക്കുന്നു. നിങ്ങൾക്ക് മരിക്കേണ്ട ആവശ്യമില്ല." ഇപ്പോൾ, നിങ്ങൾക്ക് ജയിലിൽ നിന്നും പുറത്തു വരുന്നതുവരെ അതിനായി

കാത്തിരിക്കേണ്ടതില്ല. നിങ്ങളെ പുറത്ത് വിടുന്ന സമയത്ത് തന്നെ നിങ്ങൾ സ്വതന്ത്രരായിരിക്കുകയാണ്. അതിനാൽ അവന്റെ ക്ഷമ ഒപ്പിട്ടു കഴിഞ്ഞു എന്നറിഞ്ഞശേഷം അവൻ ജയിലിനു വെളിയിൽ വരുമ്പോൾ എത്രമാത്രം സന്തോഷത്തോടെ ആയിരിക്കുമോ, അതേ രീതിയിൽത്തന്നെ അവൻ ജയിലിനുള്ളിൽ ആയിരിക്കുമ്പോഴും സന്തോഷത്തോടിരിക്കാം.

52 ഈ രാവിലെ നേരവും അതേ രീതിയിൽ തന്നെയാണ്. അത് ഇവിടെയാണ്! ഇന്നു രാവിലെ നേരം ജയിലറയിൽ നിന്നും വിശക്കുന്ന ഹൃദയത്തോടെ പുറത്തേക്ക് വരാൻ ആഗ്രഹിക്കുന്ന ഏതു പുരുഷനോടും സ്ത്രീയോടും, സുവിശേഷത്തിന്റെ നല്ല വാർത്തകൾ പ്രസംഗിക്കപ്പെടും. നിങ്ങൾഇപ്പോഴും രോഗിയായിരുന്നാലും, ഇപ്പോഴും നിങ്ങൾ ബന്ധനത്തിലായിരുന്നാലും ശരി, കാര്യമില്ല, നിങ്ങൾക്ക് സ്വതന്ത്രരാകാം, എന്തെന്നാൽ വാർത്ത വന്നിരിക്കുന്നു, "നിങ്ങളോട് ക്ഷമിക്കപ്പെട്ടിരിക്കുന്നു!" ഏകദേശം രണ്ടായിരം ആണ്ടുകൾക്കു മുമ്പ് ഇന്നേ ദിവസം ക്രിസ്തു ഉയിർത്തെഴുന്നേറ്റു, ഓരോ തടവുകാരനേയും സ്വതന്ത്രമാക്കിയിരിക്കുന്നു, ജയിലിന്റെ വാതിൽ തുറക്കു, അവർ പുറത്തു വരട്ടെ, ഓ!, എന്തൊരു അതിശയകരമായ കാര്യമായിരിക്കുന്നു!

53 അതു കേട്ടപ്പോൾ ആ കവി പ്രകമ്പനം കൊണ്ട്, പ്രേരണ അവനിലേക്ക് വന്ന്, ഇങ്ങനെ എഴുതിയതിൽ യാതൊരു അത്ഭുതവുമില്ല:

> ജീവിച്ചുകൊണ്ട്, അവൻ എന്നെ സ്നേഹിച്ചു;
> മരിച്ചുകൊണ്ട് അവൻ എന്നെ രക്ഷിച്ചു;
> അടക്കപ്പെട്ട്, അവൻ എൻ പാപങ്ങളെ ദൂരമാക്കി;
> [ടേപ്പിൽ സ്ഥലം ശൂന്യമായിരിക്കുന്നു—Ed.]...എന്നേക്കും സൗജന്യമായി.
> ഒരുനാളിൽ അവൻ കടന്നു വരും, ഓ മഹത്തായ ആ ദിനം!

54 വിശ്വാസിയുടെ പ്രത്യാശ എന്നത്, നമ്മെ ജയിലറയുടെ വാതിലുകളെ തുറന്നു സ്വതന്ത്രമാക്കിയ ഈ മഹാനായ രാജകുമാരന്റെ രണ്ടാം വരവിനെ ശ്രദ്ധിച്ചു കൊണ്ടിരിക്കുന്നു. കടം വീട്ടപ്പെട്ടുകഴിഞ്ഞിരിക്കുന്നു. അതെല്ലാം ഒടുക്കപ്പെട്ടുകഴിഞ്ഞു. യേശു കാൽവരിയിൽ മരിച്ചപ്പോൾ ദൈവവും പാപിയും തമ്മിൽ ഐക്യപ്പെട്ടുകഴിഞ്ഞിരിക്കുന്നു. നമ്മുടെ നീതീകരണത്തിനായി ദൈവം അവനെ മൂന്നാം നാൾ ഉയിർത്തെഴുന്നേല്പിച്ചു. അതായത്, നാം അതിലേക്ക് നോക്കി വിശ്വസിക്കുമ്പോൾ, നമ്മുടെ മുഴുഹൃദയത്തോടും കൂടെ അതിനെ സ്വീകരിക്കുമ്പോൾ, നാം ജീവനുള്ള ദൈവത്തിന്റെ

ദൃഷ്ടിയിൽ നീതീകരണം പ്രാപിച്ചവരായി. തീർച്ചയായും അതു നിങ്ങളെ ഇളക്കിമറിക്കും! തീർച്ചായും അതു നിങ്ങളെ സന്തോഷിപ്പിക്കും! നിങ്ങൾക്ക് എങ്ങനെ സമാധാനമായി ഇരിക്കാനാകും? ഒരുവന്റെ മുമ്പിൽ അവന്റെ മരണം തൂങ്ങിക്കിടക്കുമ്പോൾ, അതാ അവന് ക്ഷമ ലഭിച്ചിരിക്കുന്നു എന്ന വർത്തമാനം വരുമ്പോൾ എങ്ങനെയാണ് അവനെ അടക്കി നിർത്താനാകുക? അത് ശരിയാണ്.

55 അന്നു രാവിലെ സമയം ആ ഗാലറിയിലൂടെ ആ റോമൻകാരൻ വരുന്നു വരുന്നു എന്നു കേട്ടപ്പോൾ ആ വൃദ്ധനായ ബറബ്ബാസ്സിന് എങ്ങനെ അനുഭവപ്പെട്ടുകാണും എന്നു നിങ്ങൾക്കു ചിന്തിക്കാൻ കഴിയുമോ? വലിയ ഇരുമ്പു ബൂട്ടുകളാൽ ശബ്ദമുണ്ടാകുന്നു, ചങ്ങല വലിയുന്ന ശബ്ദം, കുന്തങ്ങൾ തെരുവിൽ വലിച്ചിഴക്കുന്ന ശബ്ദം; തന്നെ കൊല്ലാൻ പോകുന്നു എന്നറിഞ്ഞുമിരുന്നു...അവൻ ആ വാതിൽ തുറക്കുമ്പോൾ! ബറബ്ബാസ്, "ഓ, ഇത് എന്റെ അവസാനമാണ്," എന്നു വിറങ്ങലിച്ചു കരഞ്ഞും കൊണ്ട്, പുറത്തേക്കോടാൻ തയ്യാറായി നിന്നിരുന്നു.

ഇങ്ങനെ പറഞ്ഞു, "ബറബ്ബാസ്, ഞാൻ വായിക്കുകയാണ്, 'നിന്നോട് ക്ഷമിച്ച്, സ്വതന്ത്രനാക്കിയിരിക്കുന്നു.'"

അവൻ ചോദിച്ചു, "എന്താ, ഞാൻ മരിക്കേണ്ടതില്ലേ?"

പറഞ്ഞു, "ഇല്ല നീ മരിക്കേണ്ടതില്ല."

"കൊള്ളാം, അതിനായി ഞാൻ എന്താണ് തരേണ്ടത്"

"യാതൊന്നും തന്നെയില്ല."

"കൊള്ളാം, ഇത് എങ്ങനെ സംഭവിച്ചു?"

56 അപ്പോൾ ആ ശതാധിപൻ അവനെ അല്പം ചുറ്റിക്കറക്കിയ ശേഷം ഇങ്ങനെ പറഞ്ഞിട്ടുണ്ടാകും, "നോക്കൂ, ആ മനുഷ്യൻ അങ്ങ് ദൂരത്തായി തൂങ്ങിക്കിടക്കുന്നതു കാണുന്നില്ലേ? അവന്റെ മുഖത്ത് ആക്ഷേപത്തിന്റെ തുപ്പൽ കാണുന്നോ? അവന്റെ കൈകളിലെ മുറിപ്പാട് കാണുന്നോ? അവയെല്ലാം നിനക്കുള്ളതായിരുന്നു, എന്തെന്നാൽ അവൻ നിന്റെ സ്ഥാനം എടുത്തിരിക്കുന്നു."

57 മരണത്തിനായി വിധിക്കപ്പെട്ടിരുന്ന, അത് നിങ്ങളായിരുന്നു, അവൻ നിങ്ങളുടെ സ്ഥാനത്തെ എടുത്തു, അവൻ നിങ്ങൾക്കുവേണ്ടി ജയിലിന്റെ വാതിലിനെ തുറന്നു തന്നു. ഈസ്റ്റർ പ്രഭാതത്തിൽ, നമ്മുടെ നീതീകരണത്തിനായി ദൈവം അവനെ ഉയിർപ്പിച്ചു. നാം ആ കഥയിൽ വിശ്വസിക്കുകയും അതിനെ സ്വീകരിക്കുകയും ചെയ്യുമ്പോൾ, നമ്മുടെ ഹൃദയത്തിനകത്തേക്ക് നീതീകരണത്തിന്റെ സമാധാനം,

അവനാകുന്നു തിരമാലകളുടെ, വളരെ സാവധാനത്തിലുള്ള അലകൾ എങ്ങനെയാണ് ഒഴുകിയെത്തുക.

58 ദൈവം നമ്മളെ അനാഥരായി വിടുകയില്ല. വരും ദിവസങ്ങളിൽ വചനത്തിന്റെ ഉപദേഷ്ടാക്കന്മാരാലും മറ്റും, അവർ അതിനെ എല്ലാംകൂടെ എങ്ങനെയാണ് കൂട്ടിക്കുഴച്ച്, എല്ലാം നൂലാമാലാക്കും എന്ന് അവന് അറിയാമായിരുന്നു. എന്നാൽ അവൻ അതിനോടൊപ്പം നേരിട്ട് ഒരു ദൂതനെ അയക്കും, പരിശുദ്ധാത്മാവിനെ, അത് ഉയിർത്തെഴുന്നേല്പിനെ സമർത്ഥിച്ച് കാണിക്കും.

59 അതിനെ സമർത്ഥിച്ച് കാണിക്കാൻ പരിശുദ്ധാത്മാവ് ഇല്ലെന്നു വന്നാൽ, എനിക്കു ഉയിർത്തെഴുന്നേറ്റു എന്നതിൽ വിശ്വസിക്കാൻ കഴിയില്ല; എന്റെ പക്കൽ മതതത്വശാസ്ത്രമല്ലാതെ മറ്റൊന്നും തന്നെയില്ല അതുമല്ലെങ്കിൽ എന്റെ വശം ചില മാനസികമായ കണക്കു കൂട്ടലുകളല്ലാതെ മറ്റൊന്നുമല്ല ഉണ്ടായിരിക്കുക. എന്നാൽ ഇന്നു നമുക്ക് അതിന്റെ ആവശ്യമില്ല...മാനസികമായ കണക്കുക്കൂട്ടലുകൾ ശരിതന്നെ; മതതത്വശാസ്ത്രവും ശരി തന്നെ. എന്നാൽ നമ്മുടെ പക്കൽ ഒരു നേരായ സാക്ഷ്യമുണ്ട്. യേശുക്രിസ്തു ഉയിർത്തെഴുന്നേറ്റിരിക്കുന്നു എന്നതിന്റെ നേരിട്ടുള്ള സാക്ഷി പരിശുദ്ധാത്മാവാകുന്നു. നമ്മുടെ ഈ ദിവസം, അതിനെ ജനങ്ങളാൽ തെറ്റിധരിക്കപ്പെട്ടിരിക്കുന്നു! അപ്രകാരം തെറ്റിധരിക്കപ്പെട്ടിരിക്കുന്നു, എന്നാൽ അതാണ് പ്രത്യാശ!

60 അവൻ അവിടെ വെച്ച് അവസാന അധികാരം കൊടുക്കുമ്പോൾ, ഇങ്ങനെ പറഞ്ഞു, "ലോകമെമ്പാടും പോയി; സകല സൃഷ്ടിയോടും സുവിശേഷം അറിയിപ്പിൻ. വിശ്വസിക്കുകയും സ്നാനമേൽക്കപ്പെടുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും, വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും. വിശ്വസിക്കുന്നവരാൽ ഈ അടയാളങ്ങൾ നടക്കും; എന്റെ നാമത്തിൽ അവർ ഭൂതങ്ങളെ പുറത്താക്കും; അവർ പുതുഭാഷകളിൽ സംസാരിക്കും; അവർ സർപ്പങ്ങളെ പിടിച്ചെടുത്താലോ മരണകരമായത് കുടിച്ചാലോ, അത് അവർക്കു ഹാനി വരുത്തുകയില്ല; അവർ രോഗികളുടെ മേൽ കൈവെച്ചാൽ അവർക്കു സൗഖ്യം വരും." "ഞാൻ ചെയ്യുന്ന അതേ പ്രവർത്തികൾ തന്നെ അവരും ചെയ്യും, ഞാൻ പിതാവിന്റെ അടുക്കൽ പോകുന്നതിനാൽ, അതിലധികവും ചെയ്യും."

61 ആരോ ചോദിച്ചു, "ബ്രദർ ബ്രൺഹാം, ആ മഹത്തായ അധികാരം ഈ ദിവസത്ത് ഇവിടെ എത്തിയോ?"

62 തീർച്ചയായും. എത്രകാലം? "ലോകമെമ്പാടും." എത്രപേരോട്? "സകല സൃഷ്ടിയോടും." അവിടെയാണ് നിങ്ങൾ. അതിൽ

വിശ്വസിക്കുകയും, അതിനെ സ്വീകരിക്കുകയും ചെയ്യുക, അത് നിത്യജീവനാകുന്നു.

നിങ്ങൾചോദിക്കാം, “എന്തിനുവേണ്ടിയാണ് ഞാൻ വിശ്വസിക്കേണ്ടത്?

63 എന്തെന്നാൽ, അത് ദൈവത്തിന്റെ വചനമാണ്. അതാണ് ശരി. ദൈവത്തിന് താൻ പറഞ്ഞ വാക്ക് തിരിച്ചെടുക്കാനാകില്ല. ദൈവം ഒരു വചനം ഒരിക്കൽ സംസാരിച്ചാൽ, അവന് ആ വചനത്തിന്മേൽ നിൽക്കേണ്ടതായിട്ടുണ്ട്. എനിക്ക് ഒരു വാക്ക് പറഞ്ഞശേഷം, അതിനെ തിരികെ എടുക്കാം; നിങ്ങൾക്കു അങ്ങനെ ചെയ്യാം. എന്നാൽ ദൈവത്തിനാകില്ല. അവൻ ഒരു വാക്ക് സംസാരിക്കുമ്പോൾ; അവന് അതിനെ പിന്താങ്ങേണ്ടതായിട്ടുണ്ട്. അവൻ ആ വാക്കുകളെ പറഞ്ഞിരിക്കുന്നു, ആകയാൽ ദൈവം തന്റെ വാക്കിനെ മാനിക്കുന്നു.

64 ഇന്ന് ഉയിർത്തെഴുന്നേല്പ് എന്നത് അത് വിശ്വസിക്കുന്ന ഓരോ മനുഷ്യ ഹൃദയത്തിനും, അന്നു രാവിലെ സമയം ആ കല്ലറയ്ക്കരികിൽ നിന്നിരുന്ന മഗ്ദലന മറിയക്കും മറ്റുള്ളവർക്കും, അവർ അവനെ കണ്ടു, വാസ്തമായിരുന്നതു പോലെ ഇന്നും സജീവമായിരിക്കുന്നു. അവിടെ അവൻ ആയിരുന്നപ്പോൾ, അവിടെവെച്ച് അവൻ അവളുടെ പേർ വിളിച്ചു, “മറിയേ.” അവൾ ചുറ്റും നോക്കിക്കൊണ്ട്, “റബ്ബുനീ, അഥവാ ഗുരോ!” എന്നു മറുപടി പറഞ്ഞു. അന്നു രാവിലെ നേരം ആ കല്ലറയ്ക്കരികിൽ നിന്നിരുന്ന ആ സ്ത്രീയെപ്പോലെ, ഉയിർപ്പിന്റെ ശക്തിയാലുള്ള, ദൈവത്തിന്റെ ആത്മാവിനാൽ വീണ്ടും ജനനം പ്രാപിച്ച ഓരോ യഥാർത്ഥ ഹൃദയത്തിനും ഇന്നു രാവിലെ നേരം വാസ്തവമായിരിക്കുന്നു.

65 ഇപ്പോൾ, അത് നിങ്ങളുടെ സ്വന്ത മനസ്സിനാൽ ചെയ്യാനാകില്ല. നിങ്ങൾക്ക് അത് ചെയ്യാനാകില്ല. അടിസ്ഥാനം ഉപയോഗശൂന്യം എന്നു വിധിക്കപ്പെട്ടിരിക്കുന്നു, സാഹചര്യങ്ങൾ വളരെ മോശമായിരിക്കുന്നു, നിങ്ങൾ ഒരു കെട്ടിടത്തിൽ പേപ്പറുകൾ വെച്ചതിനു ശേഷം അഥവാ അതിനെ ചായം പൂശാൻ ശ്രമിക്കുന്നതുപോലെയാണത്.

66 അടിസ്ഥാനം നശിച്ചു പോയതിനാൽ, സർക്കാർ ഒരു വീട്ടിനെ ഉപയോഗശൂന്യം എന്നു വിധിച്ചു, ആ കെട്ടിടത്തിനു മുകളിൽ നിങ്ങൾക്ക് എങ്ങനെ കെട്ടാനാകും? ഒരു വീഴ്ച സംഭവിക്കാൻ വേണ്ടി മാത്രമാണ് നിങ്ങൾ കെട്ടുന്നത്. അതിന്റെ ഉൾഭാഗത്തു നിങ്ങൾ എത്ര നന്നായി പേപ്പറുകൾ വെച്ചെന്നിരിക്കിലും, അതിനെ എത്ര നന്നായി ചായം പൂശി എന്നിരിക്കിലും, നിങ്ങൾഎത്ര തന്നെ പ്രാർത്ഥനാലയങ്ങൾ കെട്ടിയാലും, അതിൽ എത്ര ക്രൂശിത രൂപം

ളുക്കിയെന്നിരിക്കിലും, അടിസ്ഥാനം മോശമായതിനാൽ, അതിന് നിലം പൊത്തേണ്ടതായിട്ടുണ്ട്. അടിസ്ഥാനം നശിച്ചു പോയിരിക്കുന്നു.

67 ഒരു മനുഷ്യൻ, തന്റെ സ്വന്ത മനസ്സിന്റെ വഴിയിൽ ചിന്തിക്കാൻ ആരംഭിക്കുമ്പോൾ തന്നെ അവൻ തെറ്റിപ്പോകുന്നു. അവൻ ദൈവത്തിൽ നിന്നും പരദേശിയായിരിക്കും. അവൻ ദയ നഷ്ടമായവനും, പ്രത്യാശ ഇല്ലാത്തവനും, ദൈവമില്ലാത്തവനേയും പോലെ, മാറ്റപ്പെട്ടു പോകുന്നു.

68 അവൻ ചെയ്യേണ്ട ഏക കാര്യമെന്നത് തിരികെ വന്ന് ക്രിസ്തുവിനെ സ്വീകരിക്കുക എന്നതാണ്. അപ്പോൾ പരിശുദ്ധാത്മാവ് ഉള്ളിലേക്ക് വന്ന്, ക്രിസ്തുവിലുണ്ടായിരുന്ന മനസ്സിനെ നിങ്ങളിലാക്കുന്നു.

69 യേശു പറഞ്ഞു, “എന്നെ അയച്ച പിതാവ് എന്നോടൊപ്പമുണ്ടെന്നു.” ഓ, എന്റെ! എന്തൊരു പ്രഖ്യാപനമാണ്! എന്താ ഒരു വചനം! “എന്നെ അയച്ച പിതാവ് എന്നോടൊപ്പം വന്നിരിക്കുന്നു.”

70 ശ്രദ്ധിക്കു! “പിതാവ് എന്നെ അയച്ചതുപോലെ, ഞാൻ നിങ്ങളെയും അയയ്ക്കുന്നു.” അവൻ നിങ്ങളെ അയക്കുക മാത്രമല്ല ചെയ്യുന്നത്, എന്നാൽ അവൻ നിങ്ങളോടൊപ്പം പോകുകയും ചെയ്യുന്നു. “ഞാൻ നിങ്ങളോടൊപ്പം, നിങ്ങളിലും, ലോകാവസാനത്തോളം ഉണ്ടാകും.” ദൈവത്തിലുള്ളതെല്ലാം ക്രിസ്തുവിലേക്ക് ഒഴിക്കപ്പെട്ടു; ക്രിസ്തുവിലുണ്ടായിരുന്നതെല്ലാം, സഭയിലേക്ക്, വിശ്വാസിയിലേക്ക് ഇട്ടു. ദൈവം നിങ്ങളോടൊപ്പമാകുന്നു. “ലോകത്തിന്റെ അവസാന നാൾ വരെ എല്ലാ നാളും ഞാൻ നിങ്ങളോടൊപ്പം ഉണ്ടാകും.” അതാണ് ദൈവ വചനത്തിന്റെ പ്രഖ്യാപനം. അതാണ് ബൈബിൾ പറയുന്നത്. അതാണ് ഞാൻ വിശ്വസിക്കുന്നത്.

71 നിങ്ങൾക്ക് ഒറ്റക്ക് നിൽക്കേണ്ടിവന്നു എന്നു വരാം, അവിടെ നിൽക്കുക, എന്തെന്നാൽ അത് ദൈവവചനമാണ്. എവിടെയായാലും ഏതു വ്യക്തിയായാലും, ഒറ്റക്ക് നിൽക്കേണ്ടിവരുന്നത്, അവന്റെ സ്വന്തവും ഉറച്ച വിശ്വാസത്തിലും മാത്രമാണ്. അത് ഒരു പങ്കാളിത്തമുള്ള കാര്യത്തിലല്ല. നിങ്ങളോട് കൂടെ നടക്കുന്നവൻ, ആ പ്രസ്ഥാവന നടത്തിയ, അവൻ മാത്രമായിരിക്കും. കർത്താവായ യേശു, അവനാകുന്ന ഒരുവൻ താഴ്വരയിൽ നടന്നു വഴിതെളിക്കും. അവൻ നിങ്ങളുടെ മലകയറ്റത്തിൽ നിങ്ങളുടെ വശത്തായി നിന്ന്, നിങ്ങളുടെ കാൽ വെപ്പിലെ ഓരോ ചുവട്ടിലും ചെറിയ കുഴിയെ വെട്ടിത്തരും.

72 അവനുമായി നുകം ചേർത്തുകൊള്ളുക. “എന്തെന്നാൽ എന്റെ നുകം മൃദുവും എന്റെ ചുമട് ഭാരമില്ലാത്തതുമാകുന്നു.” ലോകത്തിന്റെ

കാര്യങ്ങളുമായി നിങ്ങളുടെ നുകം ചേർത്തു വെയ്ക്കരുത്. വ്യത്യസ്തമായ സൊസൈറ്റികളുമായി നിങ്ങളുടെ നുകത്തെ ചേർക്കരുത്. നിങ്ങൾക്ക് അതു ചെയ്തു തീർക്കാനായി കർത്താവായ യേശുക്രിസ്തുവുമായി മാത്രം നിങ്ങളെ സ്വയം നുകത്തിലാക്കുക. വിശ്വസിക്കുകയും, ഉയിർപ്പിനെ കാണുകയും ചെയ്യുക.

73 ഇപ്പോൾ, ഈ അപ്പോസ്തലന്മാർ, അവർ അവനോടുകൂടെ നടന്നു എന്നിട്ടും, അവർ അവനുമായി കൂട്ടായ്മ ചെയ്തിരുന്നു, ഇന്നു മനുഷ്യർ നടന്നുകൊണ്ടിരിക്കുന്നതുപോലെ, സ്വാഭാവികമായി രീതിയിൽ അവനുമായി നടന്നിരുന്നു. എന്നാൽ അവൻ ആരായിരുന്നു എന്നു തിരിച്ചറിയുന്നതിൽ പരാജയപ്പെട്ടു.

74 യേശു പറഞ്ഞു, "അന്ധനായ പരീശന്മാർ." അവൻ പറഞ്ഞു, "ഓ, നിങ്ങൾദൈവത്തിന്റെ കല്പനകളെ എടുക്കുന്നു, എന്നാൽ അവയെ നിങ്ങളുടെ സമ്പ്രദായങ്ങളാൽ പ്രയോജനമില്ലാതാക്കിതീർക്കുന്നു." കണ്ടോ?

75 അവർ അവിടെയുള്ള, അദ്ധ്യാപകരും, വേദപണ്ഡിതന്മാരും വൈദീക വേദപാഠശാലയിലെ വിദ്യാർത്ഥികളും മറ്റും ആയിരുന്നു! ദൈവ വചനപ്രകാരം യേശു ഏതു വിധമായി വരും എന്നു പറഞ്ഞിരുന്നതിനെ സാധാരണ രീതിയിൽ തന്നെ പറഞ്ഞിരുന്നു, എന്നാൽ അവരുടെ സമ്പ്രദായങ്ങൾ അതിനെ ആ രീതിയിലല്ല പഠിപ്പിച്ചിരുന്നത്. അവർ അതിനെ എല്ലാം തേച്ചു മാച്ചു മാറ്റി, "*അത്* മറ്റൊരു സമയത്തേക്കാണ്. *ഇത്* മറ്റൊരു സമയം നടക്കേണ്ടതാണ്." എന്നു പറഞ്ഞിരുന്നു. എന്നാൽ ദൈവം അതേ രീതിയിൽ തന്നെയാകുന്നു.

76 ഇന്നും, അന്ന് ആയിരുന്ന അതേ രീതിയിൽ തന്നെയാണ്. അവർ ഈ ഒരു ഭാഗം ഒരു വശത്തേക്ക് മാറ്റുന്നു, *ഈ* ഭാഗത്തെ *മറ്റേ* ഭാഗത്തേക്ക്, മറുഭാഗത്തേക്ക് മാറ്റുന്നു എന്നിട്ട് പറയുന്നു, "ദൈവം അന്നു ചെയ്തിരുന്നു. അവൻ ഇപ്പോൾ അതു ചെയ്യുന്നില്ല. അത് ഈ ദിവസങ്ങളിലേക്കുള്ളതല്ല."

77 "അവൻ ഇന്നലേയും, ഇന്നും, എന്നേക്കും അനന്യൻ തന്നെ." അതാണ് തിരുവെഴുത്ത്. അതാണ് സത്യമെന്നു നാം വിശ്വസിക്കുന്നു. അതിനെയാണ് നമ്മൾ സത്യമെന്നു സ്വീകരിച്ചിരിക്കുന്നത്. അവൻ അതേ തത്വത്തിൽ തന്നെയാണ്. അവൻ അതേ ശക്തിയിൽ തന്നെയാണ്. അവൻ സ്നേഹത്തിലും അതുപോലെ തന്നെ. അവൻ അന്ന് എങ്ങനെയാണോ ആയിരുന്നത് ഇന്നും അതേ രീതിയിൽ തന്നെ. ദൈവം അവനെ അയച്ചിട്ട് അവനോടൊപ്പം പോയതുപോലെ തന്നെ അവൻ സഭയോടൊപ്പം വന്നിരിക്കുന്നു. അങ്ങനെ...

78 ദൈവം അവനെ ഉയിർപ്പിച്ചു. ദൈവം അവനോടൊപ്പം ഇല്ലായിരുന്നെങ്കിൽ, അവന് മൂന്നാം ദിനം ഉയിർക്കാനാകില്ലായിരുന്നു. അതിനാൽ, അവനെ അയച്ച പിതാവ്, അവനോട് എപ്പോഴുമിരിക്കയും, അവനോടൊത്ത് കല്ലറയിലേക്ക് പോയി, അവനെ മൂന്നാം ദിനം ഉയിർപ്പിച്ചു.

79 അവൻ പറഞ്ഞത്, “ദൈവം എന്നെ അയച്ചിരിക്കുന്നു, അതുപോലെ ഞാനും നിങ്ങളെ അയക്കുന്നു. ഞാൻ നിങ്ങളോടൊപ്പവും നിങ്ങളിലും ലോകത്തിന്റെ അവസാന നാൾ വരെയും ഉണ്ടാകും.” ഉയിർത്തെഴുന്നേല്പ് ഉണ്ടായപ്പോൾ, അവനെ മരിച്ചവരിൽ നിന്നും ഉയിർത്തെഴുന്നേല്പിച്ച ദൈവം ഈസ്റ്റർ പ്രഭാതത്തിൽ ഉണ്ടായിരുന്നതുപോലെ, നമ്മുടെ ഈസ്റ്റർ ദിനം വരുമ്പോൾ അവനും ഉണ്ടാവും!

80 അതിന് ഒരു അടയാളമായിട്ടാണ്, അവൻ ഇതു കൊണ്ടു വന്നിരിക്കുന്നത്. ഒരു പുനരുദ്ധാനം ഉണ്ടാകുന്നതിനു മുമ്പ്, ഒരു മരണം സംഭവിക്കേണ്ടതുണ്ട്. അതിന് ഒരു കാര്യമുള്ളത്, ഉയിർത്തെഴുന്നേല്പ് സംഭവിക്കാനായി, അപ്പോൾ കടന്നു പോകുകയും അപ്പോൾ തന്നെ തിരികെ വരികയും ചെയ്യേണ്ടതുണ്ട്. “മടക്കി വരുത്തുക,” എന്നാണ് അതിന്റെ അർത്ഥം.

81 ക്രിസ്തുവിനോടൊപ്പം മനുഷ്യൻ ഉയിർത്തെഴുന്നേല്പ് പ്രാപിക്കുന്നതിനു മുമ്പ്, അവൻ സ്വയം തന്നെ മരിക്കേണ്ടതായിട്ടുണ്ട്; ലോകത്തോടൊപ്പം അവനുള്ള എല്ലാ സംസർഗ്ഗങ്ങളും അവന് മരിപ്പിക്കേണ്ടതുണ്ട്; ലോകത്തിന്റെ സ്വഭാവങ്ങളെ കൊന്നുകളയേണ്ടതുണ്ട്; ദൈവീകമല്ലാത്ത എല്ലാറ്റിനേയും നശിപ്പിക്കേണ്ടതുണ്ട്; അതിനുശേഷം പുതുതായി ഉയിർക്കേണ്ടതുണ്ട്.

82 അവനെതന്നെ ഒരുവൻ ശൂന്യമാക്കിതീർക്കുമ്പോൾ, അഥവാ പരിശുദ്ധാത്മാവിനു വേണ്ടിയുള്ള ശൂന്യമാക്കൽ, നിറയ്ക്കൽ വരുന്നു, അതായത്, പരിശുദ്ധാത്മാവിനാലുള്ള നിറയൽ. അതിനുശേഷം അവൻ ദൈവത്തെ വിശ്വസിക്കുന്ന ഒരു വസ്തുവായി മാറുന്നു. അതിനുംശേഷം അവൻ ദൈവം കാണുന്നതുപോലെ കാണുന്നു. അവൻ ആ വേദപണ്ഡിതന്മാർ കാണുന്നതുപോലെ കാണില്ല. പിന്നെ അവൻ യേശുക്രിസ്തു ഇന്നലേയും ഇന്നും എന്നേക്കും അനന്യനാണ് എന്നു കാണുന്നു. അതും കഴിയുമ്പോൾ അന്ന് ആ മഹത്തായ ദിനങ്ങളിൽ ദൈവത്തിന്റെ ശക്തിയായിരുന്നതു പോലെ തന്നെയാണ് ഇന്നും എന്നു കാണുന്നത്.

83 അവന്റെ പഴയ ജഡീക അവസ്ഥയിൽ, നിങ്ങൾക്ക് അവനെ വിദ്യാഭ്യാസം ചെയ്യിക്കാം, അവനെ മിനുക്കി, അവന്

സ്കോളർഷിപ്പുകൾ കൊടുക്കാം. അത് ചിലപ്പോൾ അവനെ ഏറ്റവും നല്ല സഭയിൽ കൊണ്ടു പോയെന്നു വന്നേക്കാം, ഏറ്റവും നല്ല അംഗങ്ങൾക്കിടയിൽ, ഏറ്റവും നല്ല ഇരിപ്പിടങ്ങളിൽ ഇരുത്തി എന്നു വരാം. അവൻ ആദ്യം മരിക്കുന്നതുവരെ അവന് ഒരു വ്യത്യാസവും ഉണ്ടാക്കില്ല, അതിനു ശേഷം അവൻ പുതുതായി ജനിക്കുന്നു. പരിശുദ്ധാത്മാവ് എന്നു വിളിക്കപ്പെടുന്നവൻ, അവനായി അയയ്ക്കപ്പെട്ടു, അവനോടൊപ്പം ലോകാവസാനത്തോളം ഇരിക്കും. ആമേൻ. അത് ആഘാതമുണ്ടാക്കുന്നതാണെന്ന് എനിക്കറിയാം, എന്നാൽ അത് സത്യമാണ്.

84 അപ്പോൾ, ക്രിസ്തു ഇന്നു നമ്മളിലാണെങ്കിൽ, അവൻ ഭൂമിയിലായിരുന്നപ്പോൾ ചെയ്ത അതേ കാര്യങ്ങൾ ഇന്നും ചെയ്തിരിക്കണം. ഇന്ന് കർത്താവായ യേശു മരിച്ചവരിൽ നിന്നും ഉയിർത്തെഴുന്നേല്ക്കയും, നമ്മുടെ ഇടയിൽ ജീവിക്കുകയും ചെയ്യുന്നെങ്കിലും, അവൻ പറഞ്ഞത്, "ഞാൻ ചെയ്യുന്ന അതേ കാര്യങ്ങൾ നിങ്ങളും ചെയ്യും, എന്തെന്നാൽ ഞാൻ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോടൊപ്പം ഉണ്ടാകും." എങ്കിൽ അവൻ മരിച്ചവരുടെ ഇടയിൽ നിന്നും ഉയിർത്തെഴുന്നേറ്റതിനെ തെളിയിക്കാൻ ഏക വഴിയേയുള്ളു. അതായത്, സഭ അതു വിശ്വസിക്കുമ്പോൾ, ക്രിസ്തു തന്നെത്താൻ അവന്റെ ഉയിർത്തെഴുന്നേല്പിന്റെ ശക്തിയാൽ സഭയെ അറിയിക്കും. അതു ഉണ്ടായിരിക്കേണ്ടതാണ്, സുഹൃത്തുക്കളെ.

85 ഒന്നുകിൽ ഇത് ദൈവത്തിന്റെ വചനം അല്ലെങ്കിൽ ഇത് ഒരു കബളിപ്പിക്കലിന്റെ പുസ്തകം. അതാണ് ശരി. ഇത് ഒന്നുകിൽ ശരി അല്ലെങ്കിൽ തെറ്റ്. ഒന്നുകിൽ ഇത് മുഴുവനും ശരി അല്ലെങ്കിൽ മുഴുവനും തെറ്റ്. ഓരോ വാക്യവും പ്രചോദനമേകുന്നത് അഥവാ അതിലൊന്നുപോലും പ്രചോദനമേകുന്നവയല്ല. ഞാൻ ഇത് വിശ്വസിക്കാൻ ആഗ്രഹിക്കുന്നു.

86 പൌലൊസ് ഇപ്രകാരം പറഞ്ഞു, "നിങ്ങളുടെ വിശ്വാസത്തിന് മനുഷ്യരുടെ ജ്ഞാനമല്ല, ദൈവത്തിന്റെ ശക്തി തന്നെ ആധാരമായിരിക്കേണ്ടതിന്നു എന്റെ വചനവും എന്റെ പ്രസംഗവും ജ്ഞാനത്തിന്റെ വശീകരണവാക്കുകളാൽ അല്ല, ആത്മാവിന്റെയും ശക്തിയുടെയും പ്രദർശനത്താലത്രേ ആയിരുന്നത്." പൌലൊസ് ഏതെങ്കിലും സെമിനാരിയിലെ പ്രവർത്തി പരിചയത്താൽ, ഒരു മിനുക്കൽ നടത്താനോ ഒരു കൂട്ടിച്ചേർക്കലോ, എടുത്തുമാറ്റലോ നടത്താനോ, അല്ല വന്നത്.

87 അവൻ പറഞ്ഞു, "ഞാൻ നിങ്ങളുടെ അടുക്കൽ വന്നത് ഒരു കാര്യം അറിഞ്ഞിട്ടാണ്, ക്രിസ്തു ക്രൂശിക്കപ്പെട്ടു. ഉയിർത്തെഴുന്നേല്പിന്റെ ശക്തിയെ പ്രസംഗിക്കുമ്പോൾ, ഞാൻ അറിഞ്ഞിരുന്ന ഏക കാര്യമെന്നത്, ക്രിസ്തു ഇന്നലേയും ഇന്നും എന്നേക്കും അനന്യനായിരിക്കുന്നു എന്നാണ്." മാത്രമല്ല ഗലാത്യർ 1:8-ൽ അവൻ ഇങ്ങനെ പറഞ്ഞു, "മറ്റെന്തെങ്കിലും, ഒരു ദൂതൻ പ്രസംഗിച്ചാലും ശരി, അവൻ ശപിക്കപ്പെട്ടവൻ." അതു ശരിതന്നെ.

88 ഇപ്പോൾ, അവൻ ഉയിർത്തെഴുന്നേറ്റോ? ഇന്നു രാവിലെ നേരം ഞങ്ങൾ ഈ ചോദ്യം ചോദിക്കുകയാണ്. അവൻ ഉയിർത്തെഴുന്നേറ്റോ? [കൂട്ടായ്മ പറയുന്നു, "ആമേൻ."—Ed.]

89 ഇന്ന്, ലോകമെമ്പാടും, ആഘോഷമെന്നു പറയുന്നു. അവർ ലോകമെമ്പാടും പോകുന്നു...അവരിൽ ചിലർ പ്രാർത്ഥന മാലകളുമായി പോകുകയും, അവയെ ഏറ്റു പറയുകയും ചെയ്യുന്നു. അത് അവരുടെ പൊറുപ്പാണ്. മറ്റു ചിലർ അവരുടെ സംഘടനാസഭകളെപ്പറ്റി പൊങ്ങച്ചം പറഞ്ഞും കൊണ്ടു എല്ലായിടത്തും പോകുന്നു. അതും അവരുടെ കാര്യം. മറ്റുചിലർ വലിയ കുരിശുകൾ മുകളിൽ വെച്ചും, പീയാനോകളും, ഓർഗനുകളുമായിട്ടുള്ള മനോഹരമായ സഭാ മന്ദിരങ്ങളാക്കിയും കൊണ്ട്, ഇങ്ങനെ പറയുന്നു, "ഞങ്ങൾക്ക് എന്തു കിട്ടിയിരിക്കുന്നു എന്നു നോക്കു! പട്ടണത്തിലെ ഏറ്റവും നല്ലയാളുകൾ ഞങ്ങളുടെ ആലയത്തിലേക്ക് വരുന്നു." അതും ശരിതന്നെ. അത് അവരുടെ കാര്യം.

90 എന്നാൽ, അത് ഒരു പശുത്തൊഴുത്തിലോ അഥവാ ധാന്യപ്പുരയിലായും, അത് എവിടെയായിരുന്നാലും ശരി, എനിക്ക് ക്രൂശിതനായ കർത്താവായ യേശുവിനെ അല്ലാതെ മറ്റൊന്നും അറിയില്ല. ഉയിർത്തെഴുന്നേറ്റിരിക്കുന്നു എന്നല്ലാതെ ഞാൻ നിങ്ങളിൽ നിന്നും മറ്റൊന്നും ആഗ്രഹിക്കുന്നില്ല. നിങ്ങൾ എത്രമാത്രം നല്ലവനാണെന്ന് ഞാൻ അറിയാൻ ആശിക്കുന്നില്ല, എന്തെന്നാൽ നിങ്ങൾ ആരംഭം മുതലേ ശരിയല്ല. നാം ആരംഭം മുതൽക്കേ നല്ലവരല്ല. എനിക്ക് ഒരേ ഒരു കാര്യം മാത്രമേ അറിയാനുള്ളു, അത് യേശുക്രിസ്തുവിന്റെ ഉയിർത്തെഴുന്നേല്പ് ഹൃദയങ്ങളിലുണ്ടോ. എന്നാൽ ക്രിസ്തു മരിച്ചു, അതെ, മരിച്ചില്ല, എന്നാൽ വീണ്ടും എഴുന്നേൽക്കുകയും, അവൻ നമ്മൊടൊപ്പം ആയിരിക്കുകയും ചെയ്യുന്നു. എന്നാൽ അവൻ ഈ ഭൂമിയിൽ ആയിരുന്നപ്പോൾ ചെയ്ത കാര്യങ്ങൾ, അവന്റെ വചനപ്രകാരം അവൻ വീണ്ടും ചെയ്യാൻ കടമപ്പെട്ടിരിക്കുന്നു. അവൻ ആകുന്നു. അതേ കാര്യങ്ങൾ, ഈ ഭൂമിയിൽ വീണ്ടും ഉണ്ടാക്കുമ്പോൾ...

91 ഇപ്പോൾ, അവൻ ഇവിടെ ആയിരുന്നപ്പോൾ, അവൻ ഒരു മഹാനായ സൗഖ്യദായകനാണ് എന്നു അവകാശപ്പെട്ടിരുന്നില്ല. അവൻ ചെയ്തിരുന്നോ? അവൻ ഒരു സൗഖ്യദായകനല്ല എന്നാണ് അവൻ പറഞ്ഞിരുന്നത്. അവൻ പറഞ്ഞത് ഇങ്ങനെയാണ്, "ഞാൻ സ്വതവെ യാതൊന്നും ചെയ്യുന്നില്ല. ഞാൻ പിതാവ് ചെയ്തു കാണുന്ന പ്രവർത്തികളല്ലാതെ മറ്റൊന്നും ചെയ്യുന്നില്ല, അതു തന്നെ പുത്രനും ചെയ്യുന്നു."

92 അവൻ ബേഥെസ്ദ കുളത്തിനടുത്തു കൂടെ നടന്നു പോകുമ്പോൾ, മുടന്തർ, അന്ധർ, നടക്കാനാകാത്തവർ, അംഗഭംഗം വന്നവർ, വ്യാധിക്കാർ, ചുരുണ്ടു കൂടിയവരുമായി അനേക ജനക്കൂട്ടം, വെള്ളം അനങ്ങുന്നതു കാണാനായി കിടക്കുന്നതു കണ്ടു. ഇതാ ഇമ്മാനുവേൽ, വസ്ത്രധാരിയായി ശക്തി നിറഞ്ഞ യേശു വരുന്നു.

93 അതിനു കുറച്ചു ദിവസങ്ങൾ മുമ്പ്, ഒരു സ്ത്രീ അവന്റെ വസ്ത്രത്തിൽ തൊട്ടപ്പോൾ, ഓരോ അണുവിലും സൗഖ്യം പ്രാപിച്ചിരുന്നു. അവൾ അവനെ തൊട്ടതിനുശേഷം, അവിടെ നിന്നും ഓടിപ്പോയി ജനക്കൂട്ടത്തിന്റെ ഇടയിൽ ഇരുന്നു അഥവാ അതു എങ്ങനെയായാലും ശരി. യേശു നിന്നശേഷം, ചുറ്റിലും നോക്കി. "എന്നെ തൊട്ടത് ആർ?" എന്നു ചോദിച്ചു.

94 "എന്താ" "ഗുരു, ജനക്കൂട്ടത്തെ നോക്കൂ! എല്ലാവരും നിന്നെ തൊടുന്നു."

95 അവൻ ഇങ്ങനെ പറഞ്ഞു, "അതെ, എന്നാൽ ഞാൻ—എനിക്ക് ബലക്ഷയമുണ്ടായി." അവൻ പറഞ്ഞു, "എന്തോ ചിലത് സംഭവിച്ചു."

96 അവൻ ആ മഹിളയെ ജനക്കൂട്ടത്തിനിടയിൽ കാണുന്നതുവരെ, അവൻ ചുറ്റിലും നോക്കിക്കൊണ്ടിരുന്നു. അവൻ ഇങ്ങനെ പറഞ്ഞു, "ഇപ്പോൾ, നിന്റെ വിശ്വാസത്താൽ ആ രക്തസ്രാവം സൗഖ്യമായിരിക്കുന്നു." കണ്ടോ? അവളുടെ വിശ്വാസം അവനെ തൊട്ടു.

97 അത് ഇന്നലത്തെ യേശു. അത് ഇന്നായിരിക്കുന്ന യേശുവാണ്. ആ യേശു എന്നേക്കുമായിരിക്കും. ഒരു രോഗസൗഖ്യം ആവശ്യമുള്ളിടത്തോളം, അവിടെ സൗഖ്യമാക്കാൻ യേശു ഉണ്ടായിരിക്കും. രക്ഷിക്കപ്പെടാൻ ഒരു പാപി ഉണ്ടായിരിക്കുന്നിടത്തോളം അവനെ രക്ഷിക്കാനായി യേശു അവിടെ ഉണ്ടായിരിക്കും. അതാണ് അവൻ.

98 അവൻ ആ വലിയ ജനക്കൂട്ടത്തിനരികിലൂടെ കടന്നു പോകുമ്പോൾ, ആ വയ്ക്കോൽകിടക്കയിൽ കിടന്നിരുന്ന ഒരു രോഗിയെ സൗഖ്യമാക്കിയിട്ട്, അവനെ വിട്ടേച്ച് നടന്നുപോയി. എന്താ,

യഹൂദന്മാരിൽപ്പെട്ട ശിഷ്യന്മാർ ഇങ്ങനെ ചോദിച്ചു, "എന്താ അങ്ങോട്ട് നോക്കൂ, ആ ജനക്കൂട്ടത്തെ നോക്കൂ! എന്താ അവൻ അവിടേക്ക് കടന്നു ചെന്നു ഈ ഒരാളിനോട് മാത്രം ചെയ്തത്?" ഞാൻ അതു വിശ്വസിക്കുന്നു. അങ്ങനെയായിട്ട്, അവർ അവനെ ചോദ്യം ചെയ്തു. ശബത്ത് ദിവസം ഈ മനുഷ്യൻ തന്റെ കിടക്ക ചുരുട്ടുന്നത് അവർ കണ്ടു.

99 അവൻ പറഞ്ഞു, "ആമേൻ, ആമേൻ, ഞാൻ നിങ്ങളോട് പറയുന്നു, പുത്രന് സ്വതവേ ഒന്നും ചെയ്യാൻ കഴിയുന്നതല്ല."

100 അവൻ ആർക്കാണ് എല്ലാ പുകഴ്ചയും കൊടുത്തതെന്ന് കണ്ടോ? ഏതു വാസ്തവമായ ദൈവാത്മാവും അതു തന്നെ ചെയ്യും. അത് ഓരോ സമയത്തും ദൈവത്തെ പുകഴ്ത്തും.

101 പറഞ്ഞു, "പുത്രന് സ്വതവേ ഒന്നും ചെയ്യാൻ കഴിയില്ല. എന്നാൽ പിതാവ് എന്താണോ ചെയ്തു കാണുന്നത്, ആ കാര്യമാണ് ഞാൻ ചെയ്യുന്നത്. പിതാവ് എന്തെങ്കിലും ചെയ്തിട്ട്, അതെന്നെ കാണിക്കുന്നു, അത് ഞാൻ ചെയ്യുന്നു."

102 അന്ന് യേശു അങ്ങനെയായിരുന്നെങ്കിൽ, ഇന്നും യേശു അങ്ങനെ തന്നെയാകേണ്ടതുണ്ട്. അതു ശരിയാണ്.

103 അവൻ ശ്രോതാക്കളായ ജനങ്ങളുടെ ഇടയിൽ നിൽക്കുമ്പോൾ, അവൻ അവരുടെ ഹൃദയവിചാരങ്ങളെ തിരിച്ചറിയാനാകുമായിരുന്നു. അവരിൽ എന്താണ് കുഴപ്പമെന്നുള്ള കാര്യം അവനറിയാമായിരുന്നു. അനേക നേരങ്ങളിൽ അവൻ ശ്രോതാക്കളെ നോക്കിക്കൊണ്ട്, "നിങ്ങൾ നിങ്ങളുടെ ഹൃദയത്തിൽ വ്യത്യസ്തമായ കാര്യങ്ങളാൽ വിചാരം കൊള്ളുന്നതെന്ത്?" എന്നു ചോദിച്ചിട്ടുണ്ട്.

104 ഒരിക്കൽ ഒരു കിണറ്റിനരുകിൽ ഒരു സ്ത്രീ കടന്നു വരുമ്പോൾ, അവൻ ഇങ്ങനെ പറഞ്ഞു, "എനിക്ക് അല്പം കുടിക്കാൻ തരിക."

105 അവൾ പറഞ്ഞു, "യഹൂദനായ നീ ശമര്യക്കാരിയായ എന്നോട് കുടിപ്പാൻ ചോദിക്കുന്നത് ഉചിതമല്ല, എന്തെന്നാൽ നമുക്ക് തമ്മിൽ സംബന്ധമില്ല."

106 അവൻ പറഞ്ഞു, "എന്നാൽ നിന്നോട് സംസാരിക്കുന്നത് ആരെന്ന് നീ അറിഞ്ഞിരുന്നെങ്കിൽ, നീ എന്നോട് കുടിപ്പാൻ ചോദിക്കുമായിരുന്നു."

"ഓ, ഇപ്പോൾ, അതെങ്ങനെ സംഭവിക്കും?

അവൻ പറഞ്ഞു, "പോകൂ, നിന്റെ ഭർത്താവിനെ കൂട്ടിവരൂ."

അവൾ പറഞ്ഞു, "എനിക്ക് ഭർത്താവില്ല."

107 പറഞ്ഞു, "അതു സത്യം. നിനക്ക് അഞ്ചുണ്ടായിരുന്നു. ഇപ്പോൾ നിന്നോടൊപ്പം ഉള്ളവനോ നിന്റെ ഭർത്താവല്ല."

108 അവൾ പറഞ്ഞു, "യജമാനനേ, നീ ഒരു പ്രവാചകൻ എന്നു ഞാൻ കാണുന്നു." പറഞ്ഞു, "ഇപ്പോൾ, ഇത് ഒരു പ്രവാചകന്റെ ലക്ഷണമായിരിക്കും. എന്നാൽ മിശിഹാ വരുമ്പോൾ, അവൻ ഈ കാര്യങ്ങൾ ഞങ്ങളെ അറിയിക്കും എന്ന് ഞാൻ അറിയുന്നു, എന്നാൽ നീ ആരാണ്?"

അവൻ പറഞ്ഞു, "നിന്നോട് സംസാരിക്കുന്ന ഞാൻ തന്നെ അവൻ."

109 അവിടെയാണ് നിങ്ങൾ. അത് എന്തായിരുന്നു? മിശിഹായുടെ ഒരു അടയാളം. ആമേൻ. ശ്രദ്ധിക്കു. അവിടെ അവർ അതിനെ തെറ്റിധരിച്ചു. അതിന്റെ അർത്ഥമെന്താണെന്ന് അവർക്ക് മനസ്സിലായില്ല. അത് അവരുടെ കണ്ണ് കുരുടാക്കി. അവന്റെ അതിശയങ്ങളും മറ്റു അവരുടെ കണ്ണിനെ കുരുടാക്കി.

110 അതുതന്നെയാണ് ഇന്നും. ജഡീക മനസ്സിന്റെ കണ്ണുകളെ അതേ കാര്യം തന്നെ ഇന്നും കുരുടാക്കുന്നു, എന്തെന്നാൽ അതിന് ദൈവത്തിന്റെ കാര്യങ്ങളെ മനസ്സിലാക്കാനാകില്ല. അത് ദൈവത്തിന് വിരുദ്ധമാണ്. വീണ്ടും ജനനം പ്രാപിക്കാൻ, നിങ്ങൾക്കു നിങ്ങളിലെ മനുഷ്യ മനസ്സിനെ നിങ്ങളിൽ നിന്നും പുറത്താക്കി, പരിശുദ്ധാത്മാവിനാൽ, ദൈവത്തിന്റെ മനസ്സിനെ നിങ്ങളിലാക്കേണ്ടതുണ്ട്. അപ്പോൾ നിങ്ങൾക്ക് ആ കാര്യങ്ങളെ മനസ്സിലാക്കാനാകും. അതിനുശേഷം അതു വാസ്തവമായി വരും. ആമേൻ.

111 ഇപ്പോൾ അന്നത്തേത് ശ്രദ്ധിക്കുക, അവൻ ഇവിടെയായിരുന്നപ്പോൾ ചെയ്തിരുന്നതെന്താണ്. അവൻ ഉയിർത്തെഴുന്നേറ്റശേഷം തന്റെ സഭയൊടൊപ്പം നടന്നു പോയ്ക്കൊണ്ടിരിക്കുമ്പോൾ, അവൻ പറഞ്ഞു, "നോക്കു, ലോകാവസാനത്തോളം എല്ലാ നാളും ഞാൻ നിങ്ങളോടൊപ്പം ഉണ്ടാകും." അവരുടെ കണ്ണുകൾ തുറന്നുവന്നപ്പോൾ, അവർക്ക് അവനെ മനസ്സിലായി.

112 പത്രൊസും കൂട്ടരും, അതിനുമുമ്പ്, അവനോടൊത്ത് നടന്നിരുന്നു, അവനുമായി സംസാരിച്ചിരുന്നു, അവനോട് നല്ല ചങ്ങാത്തം വെച്ചിരുന്നു. പത്രൊസ് ഇങ്ങനെ പറഞ്ഞു, "ഞാൻ വളരെ നിരാശനാണ്! അവിടെ അവൻ മരിക്കുകയും, അവർ അവനെ അടക്കം ചെയ്യുകയും ചെയ്തു. ഞാൻ—എനിക്ക് വളരെ നിരാശയുണ്ട്.

ഞാൻ മീൻ പിടിക്കാൻ പോകുന്നതാണ് ശരി എന്നു ഞാൻ വിശ്വസിക്കുന്നു."

113 അങ്ങനെ അവിടെ ചുറ്റിനും കൂടി നിന്നിരുന്ന ശിഷ്യന്മാരും പറഞ്ഞു, "അതെ ഞങ്ങളും നിന്നോടൊപ്പം വരുന്നു." അങ്ങനെ, അവർ അവരുടെ വലയെടുത്തും കൊണ്ട് പുറപ്പെട്ടു. നിരാശരായി! ഒരു സമയം, മാനസികമായ മതതത്വശാസ്ത്രത്താലുള്ള, വിശ്വാസികൾ. ഒരിക്കൽ അവർ സ്വാഭാവികമായി വിശ്വസിച്ചിരുന്നവർ. എന്നാൽ, ഒരു ചെറിയ പരീക്ഷ വന്നപ്പോൾ, അതെല്ലാം കഷ്ണങ്ങളായി മുറിഞ്ഞുവീണു.

114 ഇപ്പോൾ, ഇവിടെ, ഞാൻ നിങ്ങളെ മുറിപ്പെടുത്താൻ ഉദ്ദേശിച്ചല്ല, എന്നാൽ ഞാൻ നിങ്ങളെ നേരെയാക്കാൻ ആഗ്രഹിക്കുന്നു. കണ്ടോ? "അതെ, അത് ദൈവത്തിന്റെ വചനമാണ്. അതെ, ഇന്നേ ദിവസം ദൈവം യേശുവിനെ ഉയിർത്തെഴുന്നേല്പിച്ചു, എന്നു ഞാൻ വിശ്വസിക്കുന്നു," എന്നു പറയുന്ന ഒരു മനുഷ്യന്റെ ബുദ്ധിപരമായ വിശ്വാസം മാത്രമാണ് കാണിക്കുന്നത്. പിന്നെ, അതാണ്, അതാണ് നിങ്ങളിലെല്ലാം ഉണ്ടായിരിക്കുക. നിങ്ങളുടെ സഭയിൽ ഒരു ചെറിയ നിരാശ വന്നാലുടനെ, പുറത്തേക്ക് പോകുന്നു, എവിടേക്കെങ്കിലും പുറപ്പെട്ടുപോകുന്നു. കണ്ടോ? നിങ്ങൾ അവന്റെ ഒരു കൂട്ടുകാരനാണെന്നിരിക്കാം, എന്നാൽ നിങ്ങൾക്ക് അവനെ അവന്റെ ഉയിർത്തെഴുന്നേല്പിന്റെ ശക്തിയാൽ അറിയില്ല.

115 പെന്തെക്കോസ്തു ദിവസത്തിനു ശേഷം, ആ ഉപദേഷ്ടാവായ, പത്രൊസ്, ഒരിക്കൽപോലും പിന്നെ അങ്ങനെ ചെയ്തിട്ടുണ്ടോ? അവർ അവനെ കൊല്ലാനായി തയ്യാറെടുക്കുമ്പോൾ, അവർ അവനെ ക്രൂശിൽ തൂക്കി കൊല്ലാൻ പോകുകയായിരുന്നു. അവൻ പറഞ്ഞു, "ഞാൻ ആ വിധത്തിൽ മരിക്കാൻ പോലും യോഗ്യനല്ല. എന്റെ കാലുകളെ മുകൾ വശത്താക്കി; എന്റെ തലയെ താഴെയാക്കു. എന്തെന്നാൽ എന്റെ കർത്താവ് ആ വിധത്തിലാണ് മരിച്ചത്, അവന്റെ തല മുകളിലേക്കായിരുന്നു." അതെ, ഒരിക്കലും, ഒരിക്കലും. കണ്ടോ? അപ്പോൾ അവൻ തന്റെ സഭയോടൊപ്പം ആയിരുന്നു, എന്നാൽ ക്രിസ്തു പത്രൊസിലായിരുന്നു. അന്ന് പത്രൊസ് നായകത്വം നടത്തിയിരുന്നു, പരിശുദ്ധാത്മാവ് വന്നപ്പോൾ, പരിശുദ്ധാത്മാവ് നായകത്വം നടത്തി. പത്രോസ് പശ്ചാത്തലത്തിലേക്ക് പോയപ്പോൾ പരിശുദ്ധാത്മാവ് നായകത്വം ഏറ്റെടുക്കുകയും, നയിച്ചു കൊണ്ടുപോകുകയും ചെയ്തു.

116 നിങ്ങൾക്ക് ഒരു നല്ല കാരണമുണ്ടെങ്കിൽ, നിങ്ങൾ ബൈബിളുമായിട്ട് ഇരുന്നുകൊണ്ട് അതിൽ നിന്നും യുക്തിബോധം ചെയ്യു, വിവേകം, "അവൻ എങ്ങനെയാണ് മരിച്ചവരുടെ ഇടയിൽ

നിന്നും എഴുന്നേറ്റത്?" ഈ മഹത്തായതും പരിഷ്കൃതവുമായ, നാം ജീവിച്ചുകൊണ്ടിരിക്കുന്ന ശാസ്ത്രീയമായ മണ്ഡലത്തിൽ അത്ഭുതങ്ങൾ നടക്കുന്നത് എങ്ങനെയാണ്? നിങ്ങൾ അതിനെ ചോദ്യം ചെയ്യാനായി തുടങ്ങുമ്പോൾ, നിങ്ങൾ എല്ലായ്പ്പോഴും ദൈവത്തിൽ നിന്നും ദൂരമായിക്കൊണ്ടേയിരിക്കും. വിവേകത്താൽ നിങ്ങൾക്ക് ഒരിക്കലും അവനെ അറിയാനാകില്ല. യുക്തിബോധത്താൽ അല്ല നിങ്ങൾ ദൈവത്തെ അറിയുന്നത്.

117 ദൈവം വിശ്വാസത്താലാണ് അറിയുന്നത്. നിങ്ങൾ അതിനെ സ്വീകരിക്കുന്നു. നിങ്ങൾ അതിൽ വിശ്വസിക്കുന്നു. നിങ്ങളിൽ എന്തെങ്കിലും സംഭവിക്കുംവരെ നിങ്ങൾക്ക് അതു ചെയ്യാനാകില്ല, അതിനുശേഷം പരിശുദ്ധാത്മാവ് കടന്നു വരികയും നിങ്ങൾക്ക് ക്രിസ്തുവിന്റെ മനസ്സുണ്ടാക്കുന്നു.

118 ശ്രദ്ധിക്കു. അവർ മുഴു രാത്രിയും മീൻ പിടിച്ചു, എന്നാൽ ഒരു മീനും കിട്ടിയില്ല. വളരെ നിരാശാജനകം! അടുത്ത അതിരാവിലെ സമയം, സൂര്യോദയ സർവ്വീസിൽ, അവർ കരയിലേക്ക് നോക്കുമ്പോൾ, അവിടെ യേശു നിൽക്കുന്നുണ്ടായിരുന്നു. എന്നാൽ അവർ അവനെ അറിഞ്ഞില്ല. അതാണ് ദുഃഖമുണ്ടാക്കുന്ന ഭാഗം. അവർ അവനെ അറിഞ്ഞില്ല.

119 ഒരു രാത്രിയിൽ, സമുദ്രത്തിൽ, കാറ്റിനാൽ, ആ പഴയ വഞ്ചി മുങ്ങാറായിരുന്നു. ഇതാ ആ സ്നേഹവാനായ കർത്താവ് അവരുടെ അടുക്കലേക്ക് നടന്നു വരുന്നു. അവർ നിലവിളിച്ചു, "ഓ, ദൂരമാകു. അത് ഒരു ഭൂതമാണ്. അത് ഒരു ഉമ്മാക്കി. അതിന് ഞങ്ങളുമായി യാതൊന്നും ചെയ്യാനില്ല." അവരെ സഹായിക്കാനാകുന്ന ഏക കാര്യം അവരുടെ അടുത്തായിരുന്നു, എന്നാൽ അവർ അതിനാൽ ഭയന്നിരുന്നു.

120 പരിശുദ്ധാത്മാവ് പ്രാപിക്കാത്തവരായിട്ടുള്ള ആരായാലും ശരി, ഇന്നു ഞാൻ അവരോട് അറിയിച്ചു കൊള്ളട്ടെ. സഭയുടെ മണ്ഡലത്തിൽ, നമുക്ക് വളരെയേറെ പരിഹാസമുണ്ട് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അവർക്ക് അതു കിട്ടാതിരിക്കുമ്പോൾ, പരിശുദ്ധാത്മാവ് കിട്ടിയിരിക്കുന്നു എന്നഭിനയിക്കുന്നവരും നമ്മുടെ ഇടയിലുണ്ട്. അതു ശരിതന്നെ. അവർ ഇവിടെ നിങ്ങളുടെ മണ്ഡലത്തിലേക്ക് വരികയും, അവർ സഭയുടെ ഭാഗമല്ലാതിരിക്കെ അതാണെന്നു നടിക്കുകയും ചെയ്യുന്നു. അത് ശരിയാണ്. അതുകൊണ്ട് എവിടെ ഒരു അനുകാരിയുണ്ടോ അവിടെ ഒരു ഹൃദ്യസ്ഥമാക്കുന്നവനും ഉണ്ട്. അതു ഓർത്തുകൊള്ളുക. എവിടെ ഒരു പോസിറ്റീവ് ഉണ്ടോ അവിടെ ഒരു നെഗറ്റീവ് ഉണ്ട്. ഒരു

കള്ള നാണയം ഉള്ളടത്ത് ഒരു യഥാർത്ഥ നാണയവും ഉണ്ടാകും. ആരെങ്കിലും പരിശുദ്ധാത്മാവ് ഉണ്ടെന്നു വേഷം കെട്ടുന്നിടത്ത്, ഒരു വാസ്തവമായ പരിശുദ്ധാത്മാവും ഉണ്ടാകും. അതു ഓർത്തുകൊള്ളുക. ലോകത്തിന്റെ പാപങ്ങളെല്ലാം അവന്റെമേൽ അവൻ വഹിച്ചിരുന്നു, ഉണ്ടാകാനുണ്ടായിരുന്ന ഓരോ രോഗത്തേയും അവന്റെമേൽ അവൻ തൂക്കിയിട്ടിരുന്നു. അവൻ ക്രൂശിക്കപ്പെടാനായി കാൽവരിയിലേക്ക് നടന്നു കൊണ്ടെയിരുന്നു.

121 നിങ്ങളെ സഹായിക്കുന്ന അതേ കാര്യം; നിങ്ങളെ വിടുവിക്കുന്ന അതേ കാര്യം; നിങ്ങളുടെ സ്വഭാവങ്ങളുടെ ജയിലിൽ നിന്നും നിങ്ങളെ പുറത്താക്കുന്ന അതേ കാര്യം, നിങ്ങളെ ഭയത്തിന്റെയും ആശങ്കകളുടേയും ജയിലറയിൽ നിന്നും പുറത്താക്കുന്ന, നിങ്ങളെ ക്യാൻസറിൽ നിന്നും പുറത്താക്കി ഒരു ജീവനുള്ള സൃഷ്ടിയാക്കുന്ന അതേ കാര്യം; നിങ്ങളെ അവസാന നാളിൽ വീണ്ടും ഉയിർത്തെഴുന്നേല്പിക്കുന്ന അതേ കാര്യം; നിങ്ങളുടെ അടുത്ത് നിൽക്കുകയും, നിങ്ങൾ അതുമൂലം ഭയന്നുമിരിക്കുന്നു. ഭയപ്പെടരുത്. അത് അവനാകുന്നു.

122 അവൻ പറഞ്ഞു, "ഇത് ഞാനാണ്, ഭയപ്പെടരുത്, ഇത് ഞാനാണ്." എന്നാൽ അവർ അതിനാൽ ഭയപ്പെട്ടുപോയി, അതിനുവേണ്ടി അവന്റെ വാക്കുകളെ കൈക്കൊള്ളാൻ അവർ ഭയന്നുപോയി. അവൻ പറഞ്ഞു, "അത്...ഭയപ്പെടരുത്. ഇത് ഞാൻ തന്നെ."

123 അവരുടെ പക്കൽ മീൻ വല്ലതും ഉണ്ടോ എന്നു യേശു അവരോട് ചോദിച്ചു. അവർ പറഞ്ഞു, "ഇല്ല." പറഞ്ഞു, "ഞങ്ങൾ രാത്രി മുഴുവൻ പ്രയത്നിച്ചു." അവർ കടൽക്കരയിൽ വന്നപ്പോൾ, അവർക്കുവേണ്ടി പാകം ചെയ്തിരുന്ന മീന് കണ്ടു. അത്ഭുതത്താൽ അത് അവനായിരുന്നു എന്നറിഞ്ഞു.

124 അവരിൽ രണ്ടുപേർ, എമ്മാവൂസിലേക്ക് പോകുകയായിരുന്നു. നാം ഇപ്പോൾ അവസാനിപ്പിക്കാൻ പോകുന്നു ശ്രദ്ധയോടെയിരിക്കു. ഉയിർത്തെഴുന്നേറ്റ ശേഷം ഒരുനാൾ എമ്മാവൂസിലേക്ക് പോകുന്ന വഴിയിൽ, അവർ രണ്ടുപേരുണ്ടായിരുന്നു; ഒരുവൻ ക്ലെയപ്പാവും മറ്റെയാൾ അയാളുടെ കൂട്ടുകാരനും. ആദ്യത്തെ മനോഹര ഈസ്റ്റർ പ്രഭാതം, ഇന്നത്തേതുപോലുള്ള ഒരു മനോഹരമായി ശബ്ബത്ത് പ്രഭാതം.

ഇപ്പോൾ വളരെ അടുത്ത്, വാക്കുകളെ ശ്രദ്ധിക്കു. തയ്യാറായിക്കൊള്ളുക.

125 അവർ ആദ്യത്തെ ഈസ്റ്റർ അനുഷ്ഠിക്കുമ്പോൾ, ഹൃദയഭേദിതരായും, അധൈര്യപ്പെട്ടിരുന്നു എന്തെന്നാൽ നിരാശ വന്നുകഴിഞ്ഞിരുന്നു.

126 എന്തെങ്കിലും സംഭവിച്ച കാരണത്താൽ ചില നൈരാശ്യം ഉണ്ടായിട്ടുള്ള പുരുഷന്മാരും സ്ത്രീകളും ഈ ഈസ്റ്റർ അനുഷ്ഠിക്കുമ്പോൾ ഇന്നു ഇവിടെ ഉണ്ടെന്നിരിക്കാം. എന്നാൽ, ഇത്രയും മാത്രം ഓർക്കു, യേശുക്രിസ്തു ഇന്നു കല്ലറയിൽ നിന്നും പുറത്തു വന്നിരിക്കുന്നു. അവൻ ജനങ്ങളുടെ ഇടയിൽ ജീവിച്ചുകൊണ്ടിരിക്കുന്നു.

127 ഞാൻ സ്കൂളിലായിരുന്ന, അനേക സമയങ്ങളിൽ, ഞങ്ങളെ സസ്യശാസ്ത്രം പഠിപ്പിച്ചിരുന്നു. ഞാൻ എല്ലായ്പ്പോഴും സസ്യശാസ്ത്രം പഠിക്കുമായിരുന്നു. സസ്യശാസ്ത്രം എന്നത് എന്നെ സംബന്ധിച്ചിടത്തോളം, അത്രയേറെ ഒരു സസ്യങ്ങളെക്കുറിച്ചുള്ള പഠനം മാത്രമായിരുന്നില്ല; സൂര്യൻ കടന്നു വരുമ്പോൾ, സസ്യം എങ്ങനെയാണ് വളർന്നു വരുന്നതു എന്നതു മറ്റുമായിരുന്നു. സസ്യശാസ്ത്രം എന്നത് എന്നെ സംബന്ധിച്ചിടത്തോളം, സസ്യത്തെ വളരുമാറാക്കുന്ന, അതിനെ സൃഷ്ടിപ്പിനെക്കുറിച്ചും, അതിന്റെ സൃഷ്ടാവിനെപ്പറ്റിയുമായിരുന്നു. ഓ, ആ ഈസ്റ്റർ പൂക്കൾ എത്ര മനോഹരമാണ്! അവയെ നോക്കു. ഓ, എന്റെ! അതിനു ചുറ്റുമായി പിടിപ്പിച്ചിരിക്കുന്ന മനോഹരമായ പൂക്കൾ, അതിലേക്ക് നോക്കിയിട്ട്, ശരിയായ മനസ്സുള്ള ഒരാൾക്കു പോലും ദൈവമില്ല എന്നു പറയാനാകില്ല.

128 അവർ ഇവിടെ ഇതാ ഇപ്പോൾ, അവർ നിരാശരായി വീട്ടിലേക്കു മടങ്ങിപ്പോകുന്നു. "അതെ, നാം ആരംഭിച്ചു. അതെല്ലാം ശരിയാകും എന്നു നാം നിരൂപിച്ചു, എന്നാൽ നാം ഇപ്പോൾ വീട്ടിലേക്ക് മടങ്ങിപ്പോകുന്നു, അപ്പോൾ, അവർ എമ്മാവൂസിലേക്കുള്ള മടക്കയാത്രയിലായിരുന്നു." നിരാശരായിത്തീർന്ന്, അവർ നടന്നു നീങ്ങുമ്പോൾ, അവർ...

129 സംഭാഷണം ശരിയായിരുന്നു. അവർ അവനെപ്പറ്റി സംസാരിച്ചുകൊണ്ടിരുന്നു. അപ്പോഴാണ് അവൻ പ്രത്യക്ഷമായത്.

130 ആ കാരണത്താലാണ് നമ്മിൽ അനേകർക്കും അവൻ ഈ ദിവസങ്ങളിൽ പ്രത്യക്ഷമാകാത്തത്, നമ്മുടെ സംഭാഷണം മറ്റെല്ലാത്തിനെപ്പറ്റിയുമാണ്, എന്നാൽ ക്രിസ്തുവിനെക്കുറിച്ചല്ല. നാം എപ്പോഴാണ് ആ ജോലി ചെയ്തു തീർക്കാൻ പോകുന്നത് എന്നതിനെക്കുറിച്ചും, അഥവാ നാം എന്താണ് അവിടെ ചെയ്യാൻ പോകുന്നു എന്നതിനെക്കുറിച്ചും മറ്റുമാണ്. നിങ്ങളുടെ സംഭാഷണം ക്രിസ്തുവിനെപ്പറ്റി മാത്രം ആയിരിക്കട്ടെ. നിങ്ങൾഅവനെപ്പറ്റി

സംസാരിക്കുമ്പോൾ മാത്രമാണ് അവൻ പ്രത്യക്ഷമാകുക. അവനെക്കുറിച്ച് മാത്രം സംസാരിക്കാം.

131 അവനെക്കുറിച്ച് സംസാരിച്ചുംകൊണ്ട് അവർ മുന്നോട്ട് നടന്നു കൊണ്ടിരുന്നു. അവർ അവനെ സ്നേഹിച്ചിരുന്നു എന്നിരിക്കിലും, അവൻ മരിച്ചവരുടെ ഇടയിൽ നിന്നും ഉയിർത്തെഴുന്നേറ്റു എന്ന് അവർ അറിഞ്ഞിരുന്നില്ല.

132 ലോകത്തെമ്പാടുമുള്ള മഹത്തായ സഭകളിലുള്ളവരും, അവനെ വാസ്തവമായും സ്നേഹിക്കുന്നവരുമായ, അനേക ജനങ്ങൾ, അവർ കർത്താവിനെ സ്നേഹിക്കുന്നു, എന്നാൽ അവൻ മരിച്ചവരിൽ നിന്നും വാസ്തവമായും ഉയിർത്തെഴുന്നേറ്റു എന്ന് അറിയുന്നില്ല. അവൻ എന്തു ചെയ്യും? അവൻ ഇങ്ങനെ പറയുമോ..."നിങ്ങൾ വന്ന് കർത്താവെ എന്നേ രക്ഷിക്കില്ലേ?" എന്നു ചോദിക്കേണ്ടതായിട്ടുണ്ടോ?

133 ശ്രദ്ധിക്കൂ. അവൻ മുന്നോട്ട് പോയ്ക്കൊണ്ടിരിക്കുമ്പോൾ, ഒരു അപരിചിതൻ കുറ്റിക്കാടുകൾക്കിടയിൽ നിന്നും പുറത്ത് വന്ന് അവരെ അഭിവാദ്യം ചെയ്തു, ഒരു പക്ഷേ "പ്രഭാത വന്ദനം" എന്നോ മറ്റോ ആയിരിക്കും. അവർ വളരെ നിരാശരായി, മുറിവേറ്റവരായി, ഇങ്ങനെ പറയുന്നുണ്ടായിരുന്നു, "ഓ, ഞാൻ അവനെ സ്നേഹിച്ചിരുന്നു. മരിച്ചു നാലു ദിവസമായ ഒരു മനുഷ്യന്റെ കല്ലറയ്ക്കരികിൽ, ഞാൻ അവനെ ലാസറിന്റെ കല്ലറയ്ക്കരികിൽ നിൽക്കുന്നതും, 'ലാസറേ പുറത്തു വരൂ,' എന്നു വിളിക്കുന്നതും കേട്ടു. ഓ, ആ മനുഷ്യന് എങ്ങനെ തോൽവിയടയാനാകും? എങ്ങനെ അവന് ഞങ്ങളെ ഇങ്ങനെ താഴ്ത്താനാകും? ഇപ്പോൾ ഞങ്ങൾ ലജ്ജിതരായും അവജ്ഞരായും മാറിയില്ലേ? ഞങ്ങളുടെ ആശാരിപ്പണി തുടങ്ങുന്നതിനും മീൻ പിടിക്കുന്നതിനും മറ്റുമായി ഞങ്ങൾ ഞങ്ങളുടെ വീട്ടിലേക്ക് പോകുകയാണ്." കണ്ടോ?

134 അത് ഇന്നത്തെ ആധുനീക ക്രിസ്ത്യാനിയെപ്പോലെയല്ലേ? ഓ, രോഗസൗഖ്യം ഉണ്ടായെന്നിരിക്കട്ടെ, അവർ ജയാഘോഷം മുഴക്കും. പരിശുദ്ധാത്മാവിന്റെ ശക്തി വീഴട്ടെ, അവർ ജയാഘോഷം നടത്തും. വാസ്തവമായും പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ടിരിക്കുന്ന ഓരോരുത്തരും അവരുടെ ജീവിതത്തിലുടനീളം അങ്ങനെ തന്നെയായിരിക്കും.

135 എന്നാൽ ഇപ്പോഴും ജഡീക മനസ്സിൽ നടക്കുന്ന മനുഷ്യൻ, ഒരു ചെറിയ നിരാശയുണ്ടാകുമ്പോഴോ, എന്തെങ്കിലും തെറ്റായി പോകുമ്പോഴോ, അവർ ദൂരമായിട്ട് ഇങ്ങനെ പറയും, "അതെ, അത് ശരിയാണെന്നാണ് ഞാൻ വിചാരിച്ചത്, എന്നാൽ, ഓ, എന്റെ, അതിനെ ഇപ്പോൾ നോക്കൂ. ആ ചെറിയ സഭ ഒരിക്കലും

തോൽക്കില്ല എന്നാണ് ഞാൻ കരുതിയത്. ഞാൻ വിചാരിച്ച ആ വ്യക്തി..." നിങ്ങൾനിങ്ങളുടെ മനസ്സിനെ തെറ്റായ കാര്യത്തിലേക്ക് തിരിച്ചു. കണ്ടോ? തോൽവിയടയാൻ കഴിയാത്തവനിലേക്ക് നിങ്ങൾ നിങ്ങളുടെ മനസ്സിനെ വെയ്ക്കുക. നിങ്ങളുടെ സംഭാഷണം നിങ്ങളുടെ സഭയെപ്പറ്റിയല്ല, എന്നാൽ നിങ്ങളുടെ കർത്താവിനെപ്പറ്റി ആയിരിക്കട്ടെ. അതാണ് ആ ഒന്ന്. നിങ്ങളുടെ അയൽവാസിയെ കുറിച്ചല്ല, എന്നാൽ നിങ്ങളുടെ കർത്താവിനെപ്പറ്റി. നിങ്ങളുടെ സംഭാഷണം അവനെക്കുറിച്ച് മാത്രമായിരിക്കട്ടെ.

136 അതിനുശേഷം, സംസാരിച്ചും കൊണ്ട്, അവർ മുന്നോട്ട് യാത്ര ചെയ്തുകൊണ്ടിരിക്കുമ്പോൾ; വളരെ പെട്ടെന്ന് തന്നെ, ഒരു മനുഷ്യൻ, ഒരു സാധാരണ മനുഷ്യൻ...

137 അവൻ ഒരു മഹാനായ പകർപ്പെഴുത്തുകാരനായിരുന്നില്ല. അവൻ ഒരു വിദ്യാഭ്യാസമുള്ളവനായിരുന്നില്ല. അവന് യാതൊരു വിദ്യാഭ്യാസവും ഇല്ലായിരുന്നു. നമുക്ക് അറിയാവുന്നിടത്തോളം അവന്റെ ജീവിതത്തിൽ ഒരിക്കൽ പോലും അവൻ സ്കൂളിൽ പോയിരുന്നില്ല, എന്നാൽ അവന്റെ പക്കൽ എപ്പോഴെങ്കിലും ജീവിച്ചിരുന്ന മനുഷ്യരിൽ ഏറെ ജ്ഞാനം ഉണ്ടായിരുന്നു. അവന്റെ ജ്ഞാനം പരീശന്മാർ കണ്ടപ്പോൾ, അവർ ഇങ്ങനെ ചോദിച്ചു, "ഏതു സ്കൂളിൽ നിന്നാണ് അവൻ *ഇത്* സമ്പാദിച്ചത്? അവൻ എവിടെ നിന്നാണ് വന്നത്? ഈ വാക്കുകൾ നിങ്ങൾക്ക് എവിടെയാണ് കണ്ടുപിടിക്കാനാകുക? അവൻ ഇതെല്ലാം എങ്ങനെയാണ് ചെയ്യുന്നത്? ഞങ്ങൾ...ഞങ്ങളുടെ സെമിനാരിയിൽ ഞങ്ങൾ ഇതിലൂടെ കടന്നു വന്നില്ല. നമ്മുടെ ജനങ്ങളെപ്പോലെയല്ല അവൻ സംസാരിച്ചിരുന്നത്. ഈ വാക്കുകൾ എവിടെ നിന്നാണ് വരുന്നത്? അവൻ അവരുടെ കൂട്ടത്തിൽപ്പെട്ടവൻ അല്ലാത്തതിനാലായിരുന്നു അവർ എതിർത്തിരുന്നത്. അവൻ അവനെത്തന്നെ അവരുമായി സഹകരിപ്പിച്ചിരുന്നില്ല. അവൻ ദൈവമായിരുന്നതിനാൽ, ശ്രദ്ധേയമായി, പുറമേ നിന്നിരുന്നു.

138 അവനെ സ്വയം വെളിപ്പെടുത്തിക്കൊണ്ട്, അവൻ അവിടെ നിന്നിരുന്നു. അവൻ ഇങ്ങനെ പറഞ്ഞു, "നിങ്ങൾക്ക് എന്നെ വിശ്വസിക്കാൻ കഴിയുന്നില്ലെങ്കിൽ, ഞാൻ ചെയ്യുന്ന പ്രവർത്തികളിൽ വിശ്വസിപ്പിൻ. അത് പിതാവ് എന്നെ അയച്ചിരിക്കുന്നു എന്നു അവ സാക്ഷീകരിക്കുന്നു." മറ്റു വാക്കുകളിൽ അതിനെ പറഞ്ഞാൽ, "എന്റെ വിദ്യാഭ്യാസം നിങ്ങളുടെ ആഗ്രഹങ്ങളെ തൃപ്തിപ്പെടുത്തുന്നില്ലെങ്കിൽ, എന്റെ ഡിഗ്രികൾ...എനിക്ക് അതിൽ ഒരെണ്ണം പോലുമില്ല. എന്നാൽ എന്റെ ഡിഗ്രിയോ, എന്റെ ഡിപ്ലമായോ, നിങ്ങളുടെ സെമിനാരികളിൽ നന്നല്ല. എന്റെ ഡിപ്ലോമോ ഞാൻ ചെയ്യുന്ന പ്രവർത്തികളാണ്,

അത് എന്റെ പിതാവ് എന്നെ അയച്ചതാകുന്നു. അവയാണ് എന്റെ ഡിപ്ലോമാകൾ." അതാണ് എനിക്കറിയാവുന്ന ഏറ്റവും നല്ല ഡിപ്ലോമാ. ദൈവം നമുക്ക് അത്തരത്തിലെ അധികം ഡിപ്ലോമകൾ നൽകട്ടെ! "ഞാൻ ചെയ്യുന്ന പ്രവർത്തികൾ പിതാവ് എന്നെ അയച്ചിരിക്കുന്നു എന്നതിന്റെ തെളിവാണ്. അത് തൃപ്തിപ്പെടുത്തുന്നില്ലെങ്കിൽ, എന്നെ വിശ്വസിക്കുന്നതിനു പകരം അവയിൽ വിശ്വസിപ്പിൻ."

139 ഇപ്പോൾ അവരെ ശ്രദ്ധിക്കു. ഓ, ഞാൻ അവനെ സ്നേഹിക്കുന്നു! അവൻ അവിടെക്കൂടെ നടക്കുമ്പോൾ അവൻ ഇങ്ങനെ പറഞ്ഞു, "നിങ്ങൾ ദുഃഖിതരായി കാണപ്പെടുന്നതെന്താണ്? ഇത്തരത്തിലെ ഒരു അനുഭവം നിങ്ങൾക്കുണ്ടാവാൻ കാരണമെന്താണ്? എന്തൊരു മനോഹര പ്രഭാതം! എല്ലാം എങ്ങനെയാണ് കാണുന്നതെന്ന് നോക്കു!

140 അവൻ പറഞ്ഞു, "അതെ, എനിക്കറിയാം, എന്നാൽ ഞങ്ങൾ ആശവെച്ചിരുന്നു..." എന്നിട്ട് ചോദിച്ചു, "നീ ഇവിടെ ഇപ്പോൾ വന്ന അപരിചിതനാണോ? എന്താണ് അത്ഭുതങ്ങളാലും അടയാളങ്ങളാലും ദൈവത്താൽ ന്യായീകരിക്കപ്പെട്ടിരുന്ന മനുഷ്യനായിരുന്ന നസ്സറേയനായ യേശുവിനെ നിനക്ക് അറിയില്ലേ? ഞങ്ങൾ അവനെ മൂന്നര കൊല്ലം പിമ്പറ്റിയിരുന്നു. പീലാത്തോസ് അവനെ ക്രൂശിച്ചു കൊന്നു. അവർ അവനെ ഒരു കല്ലറയിൽ വെച്ചു സംസ്കരിച്ചു. അവൻ ഒരു മഹാനായ നായകനായിരിക്കും എന്നും ഒരു രാജാവാകും എന്നു ഞങ്ങൾ ആശവെച്ചു പോന്നു. അവൻ ഇപ്പോൾ കല്ലറയിൽ പരിമള തൈലം പൂശപ്പെട്ടു കല്ലറയിൽ വെച്ചിരിക്കുന്നു, അവിടെ കിടക്കുകയാണ്."

അവൻ ചോദിച്ചു, "എന്താ നിങ്ങൾക്ക് വചനമറിയില്ലേ?

141 ഓ, ഞാൻ അതിഷ്ടപ്പെടുന്നു! അവൻ എന്തു ചെയ്തു? അവന്റെ കാര്യം തെളിയിക്കാൻ, അവൻ നേരെ വചനത്തിലേക്ക് പോയി. ദൈവത്തിന്റെ ഏതു സത്യാത്മാവും നേരെ വചനത്തിലേക്ക് പോകും.

142 അവൻ എന്തു ചെയ്തു? നേരെ പഴയ നിയമത്തിലേക്ക് തിരികെച്ചെന്ന്, മോശെയുടെ പുസ്തകങ്ങളിലേക്ക് ചെന്ന്, മോശെയെക്കുറിച്ചും മറ്റുള്ളവരെയും കുറിച്ച് പറയാൻ തുടങ്ങി, യേശു എങ്ങനെയാണ് വരേണ്ടിയിരുന്നതെന്നും, അവൻ എന്തു ചെയ്യുമെന്നും, അവൻ എങ്ങനെയാണ് കഷ്ടം അനുഭവിക്കേണ്ടതെന്നതിനെയും പറ്റി സംസാരിച്ചു. അവൻ ചോദിച്ചു, "വചനത്തിൽ ഇങ്ങനെ പറയപ്പെട്ടിരിക്കുന്നത് നിങ്ങൾക്കറിയില്ലേ? മുമ്പ് എഴുതപ്പെട്ടിരുന്ന വചനം ജീവനുള്ളതായി തീർന്നു എന്നു നിങ്ങൾക്കറിയില്ലേ? ക്രിസ്തു മരിച്ചവരിൽ

നിന്നും ഉയിർത്തെഴുന്നേൽക്കയും ചെയ്യേണ്ടതാണ് എന്നു നിങ്ങൾക്കറിയില്ലേ? അവിടെ..."

143 "ഇല്ല, ഞങ്ങൾക്ക് അതറിയില്ല." അവനെ സ്നേഹിക്കുന്ന, നല്ലവരായ ജനങ്ങൾ, എന്നാൽ അവൻ മരിച്ചവരിൽ നിന്നും ഉയിർത്തെഴുന്നേൽക്കേണ്ടതാണ് എന്നറിയില്ല.

144 സഹോദരാ, സഹോദരി, അതേ കാര്യം തന്നെയാണ് തികച്ചും ഇന്നും ആയിരിക്കുന്നത്. ഓ, ദൈവം നിങ്ങളിലെ ഏറ്റവും അകത്തുള്ള വ്യക്തിയെ ഉണർത്താൻ ഇടവരട്ടെ! അവൻ മരിച്ചവരിൽ നിന്നും ഉയിർത്തെഴുന്നേറ്റു എന്നു ജനങ്ങൾ അറിയാതിരിക്കുന്നു. അവൻ മരിച്ചിട്ടില്ല. അവൻ ജീവിച്ചിരിക്കുന്നു.

145 അവൻ പ്രച്ഛന്നവേഷനായി, അവിടെ നിന്നും കടന്നു പോയി. അവൻ അവർക്കു ഒരു മനുഷ്യ വേഷത്തിലാണ് പ്രത്യക്ഷമായത്.

146 അവൻ ചിലപ്പോൾ നിങ്ങൾക്കു നിങ്ങളുടെ അയൽവാസിയായി പ്രത്യക്ഷമായെന്നിരിക്കാം. അവൻ ചിലപ്പോൾ നിങ്ങൾക്കു ഒരു ദൈവ വേലക്കാരനായി അഥവാ നിങ്ങളുടെ അമ്മയായി പ്രത്യക്ഷനായെന്നിരിക്കാം. ക്രിസ്തു നിങ്ങൾക്കു ജനങ്ങളിൽ പ്രത്യക്ഷമാകുന്നു. അങ്ങനെയെങ്കിൽ, എല്ലാവരേയും, ശരിയായും, ദയയോടും, അടുത്തറിയുന്നയാളിനെപ്പോലെ, സ്നേഹത്തോടെ ഇടപെടുക. ക്രിസ്തു ആ വ്യക്തിയിലാണ്. "മഹത്വത്തിന്റെ പ്രത്യാശ, ക്രിസ്തു നിങ്ങളിലാണ്." നിങ്ങൾ മുന്നോട്ട് പോയ്ക്കൊണ്ടിരിക്കുമ്പോൾ, ജനങ്ങൾ നിങ്ങൾക്കു പ്രത്യക്ഷരാകുന്നു, ഒരു ദയാവാനായ വ്യക്തി നിങ്ങളോട് സംസാരിക്കാനാരംഭിക്കുന്നു, അവരെ ശ്രദ്ധിക്കുക. അത് ചിലപ്പോൾ യേശു നിങ്ങളോട് സംസാരിക്കുന്നതാകാം എന്നു നിങ്ങൾക്കറിയാനാകില്ല. അവൻ പ്രത്യക്ഷനാകുന്നു. "ഞാൻ നിങ്ങളോടൊപ്പവും, നിങ്ങളിലും ആയിരിക്കും, നിങ്ങൾ ഇവർക്കായി ചെയ്യുന്നതെല്ലാം, എനിക്കായിട്ടാണ് ചെയ്യുന്നത്."

147 ഓ, നിങ്ങൾ അതിനെ ആ രീതിയിൽ നോക്കാൻ തുടങ്ങുമ്പോൾ, ആ പഴയ പാരമ്പര്യം ഉടഞ്ഞു ദൂരത്താകും. കണ്ടോ? അത് ഒരു കൂട്ടം വാക്കുകളെ ചേർത്തു വെച്ചുണ്ടാക്കുന്നു, അതു ഒരു കൂട്ടം വാക്കുകളുടെ കൂട്ടമായ, പ്രഖ്യാപനമായിരിക്കില്ല. അത് ജീവിച്ചുകൊണ്ടിരിക്കുന്ന ജീവനുള്ള ക്രിസ്തു നമ്മിലാകുന്നു. ഓരോ മനുഷ്യരിലും കൂടെ പരിശുദ്ധാത്മാവ് മുന്നോട്ടും പിന്നോട്ടും ചലിച്ചുകൊണ്ടെയിരിക്കുന്നു, ഹൃദയങ്ങൾ വിവേചിച്ചുകൊണ്ടും, അവരുടെ ജീവിതത്തിലെ ജീർണ്ണനങ്ങളെ കുറ്റം വിധിച്ചു കൊണ്ടു തിരമാലകൾ പോലെ വരികയാണ്. അതിനെ നിങ്ങൾ ഏറ്റു പറയുമ്പോൾ, അത്

അവൻ ദൈവത്തിന് മുമ്പാകെ വെയ്ക്കുകയും, രക്തം അതിനെ ശുദ്ധീകരിക്കുകയും ചെയ്യുന്നു. ആമേൻ.

148 അതിനുശേഷം, ഇപ്പോൾ നോക്കു, അവർ മുന്നോട്ട് പോയ്ക്കൊണ്ടിരിക്കുമ്പോൾ, സന്ധ്യയാകാൻ തുടങ്ങിയിരുന്നു. ഓ, ഞാൻ ഇതിനെ അങ്ങനെ ഇഷ്ടപ്പെടുന്നു!

149 നമുക്ക് അല്പ നേരം കൂടെ ഉണ്ടായിരുന്നെങ്കിൽ എന്നാശിക്കുന്നു... ഓ, എന്റെ! ഞാൻ അതിനും പിന്നിലായിരുന്നു എന്നു എനിക്കറിയില്ലായിരുന്നു.

150 നോക്കു. സന്ധ്യയാകാൻ തുടങ്ങിയിരുന്നു. ഞാൻ നിർത്താൻ പോകുന്നു. നിങ്ങൾശ്രദ്ധിച്ചോ? ഇപ്പോൾ വളരെ അടുത്തായി ശ്രദ്ധിക്കു. അപ്പോൾ സന്ധ്യയാകാൻ തുടങ്ങിയിരുന്നു. അവൻ അവരെ വിട്ടു പോകാൻ പോകുന്നു എന്ന ഭാവം കാണിക്കാൻ തുടങ്ങി, എന്നാൽ അവർ അവനെ അവരോടൊപ്പം പോകാൻ നിർബ്ബന്ധിച്ചു.

151 ഞാൻ ആശ്ചര്യപ്പെടുന്നതെന്തെന്നാൽ ഇന്നു നമുക്ക് എത്രമാത്രം വശീകരിക്കുന്ന കാര്യങ്ങളാണ് ഉണ്ടായിരിക്കുന്നത്? ആശ്ചര്യമായ കാര്യമെന്തെന്നാൽ നിങ്ങൾ എത്രമാത്രം ശരിയായ കാര്യങ്ങളാണ് ചെയ്യുന്നത്? “ഓ, കർത്താവെ, ഉയിർത്തെഴുന്നേറ്റ ഒരുവനെ, എന്റെ ഹൃദയത്തിൽ അങ്ങ് വരാനായി ഞാൻ എന്നെത്തന്നെ വശീകരിക്കട്ടെ. എന്നിലേക്ക് കടന്നു വരൂ. ഞാൻ നിന്നെ വിശ്വസിക്കാൻ ആഗ്രഹിക്കുന്നു. ഞാൻ ഒരു അര ക്രിസ്ത്യാനിയുടെ ജീവിതമാണ് ജീവിക്കുന്നത്, അതിനാൽ ഞാൻ...ഒരു അറിവിനാലുള്ള വിശ്വാസത്തെയാണ്, അങ്ങനെ ഉള്ളതിനെയാണ്, ബുദ്ധിപരമായ വിശ്വാസത്തെയാണ് ഞാൻ വിശ്വസിക്കുന്നത്. എന്നാൽ ഞാൻ നിന്നെ ഉയിർത്തെഴുന്നേല്പിന്റെ ശക്തിയാൽ അറിയാൻ ആശിക്കുന്നു, എന്തെന്നാൽ ഈ സമയത്താണ് ഞാൻ അതിനായി തയ്യാറായത്. വീണ്ടും ഒരു പ്രാവശ്യം പോലും ഉയർത്താനാഗ്രഹിക്കാതെ, ഞാൻ എന്റെ തലയെ കുമ്പിടാൻ ആഗ്രഹിക്കുന്നു. നിന്റെ ഉയിർത്തെഴുന്നേല്പിന്റെ ശക്തിയാൽ ഞാൻ നിന്നെ അറിയാൻ ആശിക്കുന്നു. ഞാൻ അതിനെക്കുറിച്ച് വെറും ഊഹിക്കാൻ മാത്രം ആശിക്കുന്നില്ല. എനിക്ക് നിന്നെ അറിയാൻ ആശയുണ്ട്. നീ ഇപ്പോൾ തന്നെ കടന്നു വന്ന് എന്നോടൊപ്പം വസിക്കില്ലേ? വളരെ നാളുകൾ വൃഥാ ചിലവഴിച്ചു.”

152 ശ്രദ്ധിക്കു, അവർ അകത്തേക്ക് കടന്നു ചെന്നതിനു ശേഷം, കതകുകളെ അടച്ചു, എന്നാൽ മാത്രമേ അവൻ അവരോട് സംസാരിക്കാനാകു. ഈ എല്ലാ ജനങ്ങളിൽ നിന്നും അവൻ എന്തൊരു വ്യത്യാസ്തനാണ്! അവർ അവനെ അറിയാതെ ഒരു വശത്തേക്ക്

തന്നെ നിൽക്കുകയായിരുന്നു; അവർ അവനോടൊപ്പം വളരെ നേരം ഉണ്ടായിരുന്നു. എന്നാൽ, ഒരിക്കൽ ക്രിസ്തു ഉള്ളിലാകുമ്പോൾ...

153 ക്രിസ്തു *പുറത്തായിരുന്നു* എന്നല്ല അവിടെ വായിച്ചത്, പറയുന്നത്, "അതെ, അതു ശരിയാണ്." എന്നാൽ അത് വായിച്ചത്, ക്രിസ്തു *അകത്തായിരുന്നു* എന്നാണ്, "അതെ, അത് ശരിയാണ്." നിങ്ങൾക്ക് അതിന്റെ വ്യത്യാസം മനസ്സിലായോ? ക്രിസ്തു ഉള്ളിൽ! അവൻ പറഞ്ഞു...

154 ഒരിക്കൽ ഉള്ളിലായി, വാതിൽ അടയ്ക്കപ്പെട്ടു. അതിനു ശേഷം അവൻ എന്തോ ചെയ്തുകൊണ്ട് അവൻ തന്നെത്താൻ വെളിപ്പെടുത്തി. അവൻ അപ്പത്തെ എടുത്തു അതിനെ മുറിച്ചു.

155 അവർ നോക്കിക്കൊണ്ട്, ഇങ്ങനെ പറഞ്ഞു, "ഇങ്ങനെ ഭൂമിയിൽ ചെയ്യാൻ കഴിയുന്ന ഒരേ ഒരു വ്യക്തിയേയുള്ളൂ, അത് അവനാണ്." അവൻ എന്തോ ചെയ്ത രീതിയിൽ! അവൻ തന്റെ സന്ദേശങ്ങൾ ഉണ്ടാക്കുന്നതു പോലെയല്ല; എന്തെന്നാൽ അവർക്ക് അതുണ്ടാക്കുന്ന അനേക മതതത്വവേദശാസ്ത്രികൾ അധികമായിട്ടുണ്ടായിരുന്നു. ഹോളിവുഡ് സ്റ്റൈലിൽ അവൻ വസ്ത്രം ധരിക്കുന്ന വിധത്തിലല്ല, ഇന്ന് അത് ആ രീതിയിലാണ്. അതല്ല. എന്നാൽ അവൻ ചെയ്തുപോന്ന ഒരു രീതിയുണ്ടായിരുന്നു, അവൻ ആ ചെയ്തിരുന്ന രീതി അവർ അറിഞ്ഞിരുന്നു. അവരുടെ കണ്ണുകൾ തുറന്നു വന്നു. അപ്പോൾ അവർ അവനെ അറിഞ്ഞു.

156 കുറച്ചു നാളുകൾക്കു മുമ്പ് അവർ അവനെ അറിഞ്ഞിരുന്നില്ല... അഥവാ ശിഷ്യന്മാർ അവനെ ആ വിധത്തിൽ കണ്ടിട്ടില്ലായിരുന്നു. അവർ അവനോടൊപ്പം അതുവരെ ഉള്ളിലാക്കപ്പെട്ടിട്ടില്ലായിരുന്നു. അവർ അവനെ കണ്ടപ്പോൾ അവർക്ക് അവനെ തിരിച്ചറിയാനായില്ല. എന്നാൽ ഒരിക്കൽ അവനുമായി അടയ്ക്കപ്പെട്ടപ്പോൾ, അത് അവരുടെ കർത്താവാണെന്നു അവർ തിരിച്ചറിഞ്ഞു.

157 നിങ്ങൾ ചില കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട് എന്നു ഞാൻ ആഗ്രഹിക്കുന്നു. ആ അതിരാവിലെ നേരം കല്ലറയിൽ ആദ്യമായി എത്തിയത്, മഗ്ദലനക്കാരത്തി മറിയയും, മാർത്തയും ആയിരുന്നു. ശ്രദ്ധിക്കു. ആദ്യം, അതിരാവിലെ, ആദ്യ ഉണർന്നെഴുന്നേറ്റവർക്ക് ക്രിസ്തു സ്വയം പ്രത്യക്ഷനായി. ആ ദിവസത്തിലുടനീളം, സന്ധ്യാ സമയം വരെ പിന്നെ അവൻ ആർക്കും പ്രത്യക്ഷമായില്ല. അതിനുശേഷം അവൻ വീണ്ടും, അവൻ ആൽഫയും ഓമേഗയും ആയിരുന്ന കാരണത്താൽ വീണ്ടും പ്രത്യക്ഷനായി.

സന്ധ്യാ സമയത്തോ വെളിച്ചമാകും,
മഹത്വത്തിന്റെ പാത നിങ്ങൾ കണ്ടുമുട്ടും തീർച്ച.

158 ഉയിർപ്പിൻ, അത്ഭുതങ്ങളും അടയാളങ്ങളും, ചെയ്തുകൊണ്ട് അപ്പോസ്തലന്മാരായ, പത്രൊസിനും, യാക്കോബിനും, യോഹന്നാനും, അതിരാവിലെ സമയം ക്രിസ്തു തന്നെ വെളിപ്പെടുത്തി. അവൻ ജനങ്ങൾക്ക്, വെളിപ്പെടുത്തുന്നത് (എങ്ങനെ?) ഉയിർപ്പിന്റെ ശക്തിയാലാണ് വെളിപ്പെടുത്തുന്നത് (ശ്രദ്ധിക്കു) അവൻ ചെയ്തിരുന്ന അത്ഭുതങ്ങളാലും അടയാളങ്ങളാലുമാണ്. അത് ശരിയല്ലേ? [കൂട്ടായ്മ "ആമേൻ" പറയുന്നു—Ed.] അവൻ അവനെത്തന്നെ വെളിപ്പെടുത്തി.

159 ഇപ്പോൾ നാം ഒരു മഹത്തായ ദിവസത്തിലൂടെയാണ് കടന്നു വന്നത്. കഴിഞ്ഞു പോയ ദിവസങ്ങളോ; മഹാന്മാരും വാഗ്മികളുമായ, വിശുദ്ധ അഗസ്ഥീനിലൂടെ നാം കടന്നു വന്ന് മാൽട്ടിൻ ലൂഥറിലൂടേയും, ജോൺ വെസ്ലിയിലൂടേയും, കാൽവിൻ, ക്നോക്സ്, മുതലായവരിലൂടെ വന്ന്; മെഥോഡിസ്റ്റ് കാലത്തിലേക്കും, മെഥോഡിസ്റ്റിൽ നിന്ന് ബാപ്റ്റിസ്റ്റിലേക്കും, നസ്സറയനിലേക്കും, പിൽഗ്രീം ഹോളിനസ്സിന്റെ കാലത്തിലേക്കും പിന്നെ പെന്തെക്കോസ്തൽ കാലത്തേക്കും വന്നു. ഈ എല്ലാ കാലങ്ങളും കഴിഞ്ഞു പോകുകയും ചെയ്തു. സൂര്യൻ അസ്ഥമിക്കാനും പോകുന്നു.

160 അവൻ പറഞ്ഞു, "സന്ധ്യാ സമയത്തോ പ്രകാശമാകും. ഒരു പ്രഭാതമുണ്ടാകും." പ്രവാചകൻ പറഞ്ഞതോ, "അത് പകലുമല്ല രാത്രിയുമല്ല. അത് മൂടൽ ഉള്ളതുപോലുള്ള ഒരു ദിനമായിരിക്കും."

161 കർത്താവായ യേശു ഉയിർത്തെഴുന്നേറ്റ ആദ്യ പ്രഭാതം മുതൽ, അവിടെ പുറകിലത്തെ ആദ്യ സഭാ കാലം—എഫെസ്യയരുടെ സഭാ കാലം മുതൽ സഭ ഇന്നു യാത്ര ചെയ്യുന്ന രീതി നോക്കു. ആ ആദ്യ സഭാ കാലത്ത് തന്നെ ദൈവം അത്ഭുതങ്ങളും അടയാളങ്ങളും കാട്ടിക്കൊണ്ട് തന്നെത്തന്നെ പ്രകടമാക്കി. അത് ആദ്യപിതാക്കന്മാരുടെ കാലത്ത് കുറെശെ മങ്ങാൻ തുടങ്ങി. കത്തോലിക്കാ സഭാകാലത്തിൽ തുടങ്ങി, പരിഷ്കർത്താക്കളുടെ കാലത്തിലൂടെ, ഇവിടെ വരെ എത്തി. അവൻ ദൈവപുത്രനാണെന്ന് വിശ്വസിക്കാൻ തക്കവണ്ണം ആവശ്യമുള്ള പ്രകാശമുണ്ടായിരുന്നു. അതിൽ നിന്നും താഴേക്ക് ചെന്ന് അവനെ വ്യക്തിപരമായ രക്ഷകനാണെന്ന് സ്വീകരിക്കാൻ ആവശ്യമായ പ്രകാശവും ഉണ്ടായിരുന്നു. എന്നാൽ മേഘങ്ങൾ, മേഘങ്ങളുടെ ഇരുട്ട്, "അത്ഭുതങ്ങളുടെ കാലം കഴിഞ്ഞു പോയി. ഈ കാര്യങ്ങളെല്ലാം കാലങ്ങൾക്കു മുമ്പു തന്നെ അവസാനിച്ചു കഴിഞ്ഞു," എന്നു ജനങ്ങളെ പഠിപ്പിച്ചുകൊണ്ട് ഉപദേഷ്ടാക്കന്മാർ ജനങ്ങളെ കെട്ടിയിട്ടിരുന്നു. അത് ഒരു അന്ധകാരമുള്ള ദിനമായിരുന്നു. മുഴുവനും ഇരുട്ടല്ല; എന്നാൽ അവർക്ക് മുന്നോട്ട് കാണാൻ വിധത്തിലുണ്ടായിരുന്നു, എന്നാൽ വളരെ നന്നായിട്ടില്ലായിരുന്നു.

162 എന്നാൽ, സഹോദരാ, സൂര്യൻ പടിഞ്ഞാറേ തീരത്ത് അസ്ഥമിക്കുമ്പോൾ, ലോകം ഉണ്ടായിരിക്കുന്നത് തീർച്ചയായിരിക്കുന്നതു പോലെ, വീണ്ടും പ്രകാശം ഉണ്ടാകും എന്നു ദൈവം വാഗ്ദത്തം ചെയ്തിരുന്നു.

163 ഈ ബൈബിൾ ഒരു പൗരസ്ത്യപുസ്തകമാണ്. ഇത് എഴുതപ്പെട്ടിരിക്കുന്നത് പൗരസ്ത്യമായ രീതിയിലാണ്. കിഴക്കുള്ള പൗരസ്ത്യ രീതിയിലാണ് ഇത് എഴുതപ്പെട്ടിരിക്കുന്നത്. സൂര്യൻ ഉദിക്കുന്നത് കിഴക്കും അസ്ഥമിക്കുന്നത് പടിഞ്ഞാറുമാണ്. കിഴക്കുള്ള ജനങ്ങൾ അവരുടെ ദിവസങ്ങളിൽ, ആദ്യ ഉയിർഴുന്നേല്പിനെ കണ്ടു. സൂര്യൻ കാലത്തിലൂടെ നീങ്ങിക്കൊണ്ട് മറുഭാഗത്ത് എത്തിയിരിക്കുന്നു. നാഗരീകരത കിഴക്കുനിന്നും തുടങ്ങി പടിഞ്ഞാറ് ഭാഗത്ത് എത്തിയിരിക്കുന്നു. സൂര്യൻ ഈ പടിഞ്ഞാറേ ഭാഗത്ത് അസ്ഥമിക്കുന്നതിനു തൊട്ടു മുമ്പ്, പ്രകാശം വീണ്ടും ഉണ്ടാകും. ഉയിർത്തെഴുന്നേറ്റ അതേ യേശു തന്നെ അവന്റെ അതേ ശക്തിയാൽ വരും. [ബ്രദർ ബ്രൺഹാം പുൾപ്പിറ്റിൽ അഞ്ചു പ്രാവശ്യം മുട്ടുന്നു—Ed.] ആരംഭത്തിൽ അവൻ തന്നെ മഗ്ദലന മറിയക്കും മറ്റും വെളിപ്പെടുത്തിയതു പോലെ. അവന്റെ ഉയിർത്തെഴുന്നേല്പിന്റെ ശക്തിയാൽ അവനെത്തന്നെ വെളിപ്പെടുത്തിയതുപോലെ, അന്ത്യകാലത്തും വെളിപ്പെടുത്തും. എവിടെയായിരിക്കും? അവസാന കാലത്ത്.

164 അവൻ പറഞ്ഞു, "അകത്തേക്കു വരൂ. താമസിച്ചുപോയി. രാവിലെ നേരം വളരെ ചെലവഴിച്ചു. നേരം വൈകുന്നു. നീ അകത്തേക്കു വരില്ലേ?" അങ്ങനെ അവർ അവനെ അകത്തേക്കു കൊണ്ടുവന്നു.

165 അങ്ങനെ ഒരിക്കൽ അകത്തായപ്പോൾ, അവൻ അവരുടെ കണ്ണുകൾ തുറന്നു. അവൻ എന്തോ ചിലത് പ്രവർത്തിച്ചു. അവർ പറഞ്ഞു, "ഇത് അവനു മാത്രമേ ചെയ്യാനാകൂ."

അവർ എങ്ങനെയായിരുന്നെന്നു നോക്കൂ. അവർക്ക് ഒരു പകൽ മുഴുവനും ചിലവിടേണ്ടി വന്നു.

166 അവിടെയാണ് മിഷണറികൾ തോൽവിയടഞ്ഞത്. ട്രാക്റ്റുകൾ മാത്രം കൈമാറാനായി, അവിടേയ്ക്ക് പോയ മിഷണറിമാരെ സഹായിക്കാനായി, നമുക്ക് അലക്കുകല്ലുകളിൽ വെച്ചു തുണി അലക്കേണ്ടതായിട്ടു വന്നു. നാം മതതത്വശാസ്ത്രം പഠിപ്പിക്കാനായി അവിടേക്ക് അയച്ചു. ക്രിസ്ത്യാനി എന്നു വിളിക്കപ്പെടുന്നവർക്കു ചെയ്യാനാകുന്നതുപോലെ തന്നെ അവിടെ മനഃശാസ്ത്രത്തിന്റെ രീതിയിൽ ചെയ്യുന്ന ബുദ്ധനും, മുദ്ധനും, മുഹമ്മദീയനും, സിക്കുകാരും അനേക മതങ്ങളും ഉണ്ടായിരുന്നു. അതു ശരിയാണ്.

167 ഈ ഈസ്റ്റർ പ്രഭാതത്തിൽ, ലോകത്തിന്റെ മൂന്നിൽ ഒരാൾ മാത്രമേ, എപ്പോഴെങ്കിലും യേശുവിനെക്കുറിച്ച് കേട്ടിട്ടുള്ളൂ. ലോകത്തിന്റെ മൂന്നിൽ രണ്ടും കമ്മ്യൂണിസവും അന്ധകാരവുമാണ്. മൂന്നിൽ രണ്ട് ഒരിക്കൽപ്പോലും യേശുവിന്റെ ഉയിർത്തെഴുന്നേല്പിനെക്കുറിച്ച് കേട്ടിട്ടില്ല.

168 [ബ്രദർ ബ്രൺഹാം തന്റെ കൈകളെ രണ്ടു പ്രാവശ്യം കൈയ്യടിക്കുന്നു—Ed.] എന്നാൽ, സഹോദരാ, എമ്മാവൂസിന്റെ പ്രവർത്തി പരിചയം ക്ലെയാപ്പാവിനുണ്ടായപ്പോൾ, അവരുടെ കണ്ണുകൾ തുറക്കപ്പെട്ട്, അവർ എവിടെ ആയിരുന്നു എന്നു തിരിച്ചറിഞ്ഞു! ഏതാനും നിമിഷങ്ങൾക്കുള്ളിൽ, അവർ സമയത്തിന്റെ ഇടനാഴിയിലൂടെ യാത്ര ചെയ്ത്, പാദയ്ക്കു പ്രകാശവും, ഹൃദയദൃഷ്ടി തെളിഞ്ഞവരുമായി, യെരുശലേമിലേക്ക് മടങ്ങി ചെന്നു ജനങ്ങളോട് പറഞ്ഞു. "ഞങ്ങളുടെ കർത്താവ് മരിച്ചവരിൽ നിന്നും ഉയിർത്തെഴുന്നേറ്റു, എന്തെന്നാൽ ഞങ്ങൾ അവനെ വാസ്തവമായും കണ്ടു."

169 അവസാന കാലങ്ങളിൽ അത് എപ്രകാരം ആയിരിക്കും? യേശു ക്രിസ്തു ഇന്നലേയും ഇന്നും എന്നേക്കും മാറ്റമില്ലാത്തവൻ എന്ന് ശക്തിയാലും, വിടുതലിനാലും, സുവിശേഷശക്തിയാലും, തെളിയിക്കാൻ, ദൈവം മനുഷ്യരെ ഉയർത്താൻ പോകുകയാണ്. [ടേപ്പിൽ സ്ഥലം ശൂന്യമായിരിക്കുന്നു—Ed.]

170 അത് ഉത്തേജിതമായ ശബ്ദമാണെന്നു എനിക്കറിയാം. യാതൊരു അത്ഭുതവുമില്ല! നാം ജീവിച്ചുകൊണ്ടിരിക്കുന്നത് ഒരു ഉത്തേജിക്കപ്പെട്ട സമയത്താണ്. അതെ, അതു തന്നെ. നാം അവസാന കാലങ്ങളിലാണ് ജീവിച്ചുകൊണ്ടിരിക്കുന്നത്. ദൈവം, പഴയ നിയമത്തിലുടനീളവും, അതു പുതിയ നിയമത്തിലുമുണ്ട്, ഓരോ വിശുദ്ധ പ്രവാചകന്മാരിലൂടെയും, അവസാന കാലം, ആദ്യകാലത്ത് സംഭവിച്ചതുപോലെ തന്നെ സംഭവിക്കും എന്നു പ്രവചിക്കപ്പെട്ടിട്ടുണ്ട്, അന്ധകാരം കപ്പൽവ്യൂഹം പോലെ നീങ്ങാൻ തുടങ്ങുമ്പോൾ, കർത്താവായ യേശുവിന്റെ വരവിനു മുമ്പ്, സുവിശേഷ പ്രകാശം, ലോകത്തിന്റെ ഓരോ ഇടനാഴിയിലും, ഒരിക്കൽക്കൂടി പ്രകാശിക്കും.

171 അവൻ മരിച്ചവരിൽ നിന്നും ഉയിർത്തെഴുന്നേറ്റിരിക്കുന്നു. അവൻ ഇന്നലേയും, ഇന്നും, എന്നേക്കും അനന്യനാണ്. യേശുക്രിസ്തു മരിച്ചവരിൽ നിന്നും ഉയിർത്തെഴുന്നേറ്റിരിക്കുകയും അവൻ നമ്മുടെ ഇടയിൽ ജീവിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു. ഞാൻ അതിൽ സന്തോഷമുള്ളവനാണ്. എന്റെ ഹൃദയം

വാക്കുകൾക്കപ്പുറം ആനന്ദത്താൽ നിറഞ്ഞിരിക്കുന്നു. അതിനെപ്പറ്റി നമുക്ക് ഊഹിക്കാനായില്ലെങ്കിലും ശരി. അതു വാസ്തവമായിരിക്കുന്നു.

172 സുഹൃത്തെ, ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. നിങ്ങൾക്ക് അത് അറിയില്ലെങ്കിൽ...ഈ സന്ദേശം കൊണ്ടുവരുന്നത് ആരാണെന്ന് ശ്രദ്ധിക്കരുത്, എന്നാൽ സന്ദേശം എന്താണ് എന്നു മാത്രം ശ്രദ്ധിക്കുക. കാണുന്നോ? അത് ക്രിസ്തുവിന് പുറത്തായിരിക്കുന്ന നിങ്ങളോടാകുന്നു. അവന്റെ ഉയിർഴുന്നേല്പിന്റെ ശക്തിയാൽ നിങ്ങൾക്ക് അവനെ അറിയില്ലെങ്കിൽ, നിങ്ങൾ ഇങ്ങനെ...അതിനെപ്പറ്റിയുള്ള മാനസിക നിരൂപണങ്ങളെ എടുക്കരുത്. നിങ്ങളുടെ ബുദ്ധിപരമായ വിശ്വാസത്തേയോ, മതതത്വശാസ്ത്രപരമായതിനെക്കുറിച്ചോ പറയരുത്; നിങ്ങളുടെ ഹൃദയത്തിൽ എന്തെങ്കിലും സാക്ഷീകരിക്കപ്പെട്ടിട്ടില്ലെങ്കിൽ, (ഹല്ലേലൂയാ), ലോകത്തിന്റെ നശിച്ച പഴയ കാര്യങ്ങളിൽ നിന്നും, നിങ്ങളുടെ ഹൃദയം ഒരു ഒഴിഞ്ഞ കല്ലറയെപ്പോലെ, അതിലുള്ളതെല്ലാം പുറത്തേക്ക് എടുത്തു നീക്കുക, ക്രിസ്തു നിങ്ങളുടെ ഹൃദയത്തിൽ പുതുതായി ഉയിർത്തെഴുന്നേൽക്കട്ടെ.

173 ഓ ദൈവമേ, ഇന്നു രാവിലെ നേരം, സംശയത്തിന്റെ കല്ലിനെ ദൂരെ നീക്കേണമെ. അതിനെ എടുത്തുമാറ്റേണമെ.

174 അവൻ ഇന്നേ ദിവസം നമ്മുടെ ഹൃദയത്തിൽ ഉയിർത്തെഴുന്നേറ്റ്, നിങ്ങളെ ഒരു പുതിയ സൃഷ്ടിയാക്കിത്തീർക്കട്ടെ. അല്പ നിമിഷങ്ങൾക്കുള്ളിൽ അവൻ കാഴ്ചയിൽ വരികയും, വന്നു കഴിയുമ്പോൾ, അവൻ ഈ ഭൂമിയിലായിരുന്നപ്പോൾ ചെയ്തുകൊണ്ടിരുന്ന അതേ കാര്യത്തെ തന്നെ ചെയ്യുമെന്നു ഞാൻ വിശ്വസിക്കുന്നു.

നാം നമ്മുടെ തലകളെ കുമ്പിട്ടിരിക്കുമ്പോൾ, നമുക്ക് പ്രാർത്ഥിക്കാം.

175 ഞങ്ങളുടെ സ്വർഗ്ഗീയ പിതാവെ, ഇപ്പോൾ താമസിച്ചു കൊണ്ടിരിക്കുന്നു. സമയം വളരെ കഴിഞ്ഞുപോയി. എന്നാൽ, നീ പ്രത്യക്ഷതയിൽ വരുന്നത് വൃഥാ സമയം ചിലവഴിച്ചു കഴിയുമ്പോഴാണല്ലോ. അങ്ങയുടെ ദിവ്യമായ വചനങ്ങൾക്കായി ഞങ്ങൾ അങ്ങേക്കു നന്ദി പറയുന്നു. ഞങ്ങൾ പ്രസംഗിക്കുകയും വിശ്വസിക്കുകയും ചെയ്യുന്ന ഈ സുവിശേഷത്തിനായി ഞങ്ങൾ അങ്ങേക്കു നന്ദി പറയുന്നു. ഈ സുവിശേഷം സത്യമാണെന്നു അങ്ങു തെളിയിക്കുന്നതിനാൽ ഞങ്ങൾ അങ്ങേക്കു വളരെ നന്ദി പറയുന്നു.

176 ഇപ്പോൾ, കർത്താവായ യേശുവെ, നഷ്ടപ്പെട്ട ആത്മാക്കളോട് സംസാരിക്കേണമെ. ഇവിടെ അങ്ങയെ സ്നേഹിക്കുന്നതായ അനേക ജനങ്ങളുണ്ട്, എന്നാൽ അവർ നിന്നെ ഒരിക്കലും സ്വീകരിച്ചിട്ടില്ല.

അവരോടൊപ്പം നീ ദിനംപ്രതി നടന്നുകൊണ്ടിരിക്കുന്നു. അവർ അപടകങ്ങളിൽ ചെന്നു പെട്ടപ്പോൾ നീയാണ് അവരോടൊപ്പം ഇരുന്നത്. ആ രാത്രിയിലെ കാറ്റിൽ, അവരുടെ വീട് പറന്നു പോകാതെ കാത്തത് നീയായിരുന്നു. അവരുടെ കഷ്ടത്തിന്റെ മദ്ധ്യേ കടന്നു വന്നത് നീയായിരുന്നു. അവർക്കു യാതൊന്നും ഇല്ലാതിരുന്നപ്പോൾ, അവർക്ക് ഒരു ജോലി നൽകിയത് നീയായിരുന്നു. അവർ സ്നേഹിച്ചിരുന്ന ഒരാളെ കല്ലറയിലേക്ക് കൊണ്ടുപോകുമ്പോൾ, നീയാണ് അവരെ ആശ്വസിപ്പിച്ചത്. നീ എപ്പോഴും അവരോടൊപ്പം നടന്നു, എന്നാൽ, അപ്പോഴും, അവർ നിന്നെ അറിഞ്ഞിരുന്നില്ല.

177 ദൈവമേ, ക്രിസ്തുവിന് പുറത്തായിട്ട് ഇവിടെയുള്ള ഓരോ വ്യക്തിയിലേക്കും "കടന്നു വരൂ, ഞങ്ങളോടൊപ്പം താമസിക്കൂ," എന്നു ക്ലെയപ്പാവിനും തന്റെ സുഹൃത്തിനും കൊടുത്തതുപോലെ, ആ അനുഭവത്തെ, അതു ഇന്നു നൽകേണമേ. "എന്റെ ജീവിതത്തിന്റെ അധിക നാളുകളും കഴിഞ്ഞുപോയിരിക്കുന്നു ഞങ്ങളിലേക്ക് കടന്നു വരൂ, നിന്റെ വഴിയിൽ നടത്തു."

178 നാം നമ്മുടെ തലകളെ താഴ്ത്തി നിൽക്കുമ്പോൾ, പുറത്തായിരുന്നാലും, അകത്തായിരുന്നാലും, എവിടെയായാലും ശരി, ഇവിടെ ഒരു വ്യക്തി തന്റെ കൈകളെ ഉയർത്തി, ദൈവത്തോട്, തന്റെ സഹോദരനോടല്ല, ഇങ്ങനെ പറയുകയാണെങ്കിൽ, "ഓ, ഇന്നു രാവിലെ സമയം എന്റെ ഹൃദയത്തിൽ എന്തോ സംഭവിച്ചു കൊണ്ടിരിക്കുന്നു. ഞാൻ—എന്റെ ഹൃദയത്തിൽ എന്തോ സംഭവിച്ചുകൊണ്ടിരിക്കുന്നതായി അറിയുന്നു. ഞാൻ—എനിക്ക് ഇങ്ങനെ ഇനി ആയിരിക്കാനാകില്ല. ഇന്നു രാവിലെ നേരം ഞാൻ ഈ കെട്ടിടത്തിലേക്ക് വന്നതു മുതൽ എന്നിൽ എന്തോ സംഭവിച്ചുകൊണ്ടിരിക്കുന്നു എന്ന് എനിക്ക് അനുഭവപ്പെടുന്നു. ഞാൻ ഇപ്പോൾ എന്റെ ഹൃദയത്തിൽ ക്രിസ്തുവിനെ രക്ഷകനായി സ്വീകരിക്കുന്നു. ഞാൻ എന്റെ കൈകളെ ഉയർത്തിക്കൊണ്ട്, 'ദൈവമേ ഞാൻ ഇവിടെ നിൽക്കുകയാണ് എന്നു പറയാൻ ആഗ്രഹിക്കുന്നു. നിങ്ങൾ പറയുകയും വിശ്വസിക്കുകയും ചെയ്യുക, ഇത്ര മാത്രമേ എനിക്ക് നിങ്ങളോട് പറയാനാകൂ.'"

179 നിങ്ങളുടെ കൈകളെ ഉയർത്തുമോ? ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ സർ. അത് ശരിയാണ്. ഇപ്പോൾ കൈകളെ ഉയർത്തിക്കൊണ്ട്, "ഞാൻ ഇപ്പോൾ അവനെ സ്വീകരിക്കുന്നു," എന്നു പറയാനായി ഇനിയും ആരെങ്കിലും ഉണ്ടോ? ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ മഹിളെ. അത് വളരെ നല്ലത്. ആരെങ്കിലുമുണ്ടോ?

180 നിങ്ങൾ കൈകളെ ഉയർത്തിയാൽ നിങ്ങൾക്ക് ദൈവം നിത്യജീവനെ നൽകാമെന്നു വാഗ്ദത്തം നൽകിയിരിക്കുന്നു. "എന്റെ വചനം കേട്ട് എന്നെ അയച്ചവനിൽ വിശ്വസിക്കുന്നവന് നിത്യജീവനുണ്ട്. അവൻ ന്യായവിധിയിൽ കടക്കാതെ നിത്യജീവങ്കലേക്ക് കടന്നിരിക്കുന്നു."

181 "കർത്താവെ, ഞാൻ വിശ്വസിക്കുന്നു," എന്നു പറഞ്ഞുകൊണ്ട് ഇപ്പോൾ നിങ്ങൾ നിങ്ങളുടെ കൈകളെ ഉയർത്തുമോ? ദയവായിട്ട്, ആരും നോക്കരുത്, ഞാനും കർത്താവായ യേശുവും മാത്രം. കൈകളെ മാത്രം ഉയർത്തിയിട്ട് പറയുക, "ഞാൻ അവനെ ഇപ്പോൾ എന്റെ രക്ഷകനായി സ്വീകരിക്കുന്നു. നിങ്ങൾ ഉയർത്തില്ലേ... ദൈവം നിങ്ങളേയും, നിങ്ങളേയും, നിങ്ങളേയും അനുഗ്രഹിക്കട്ടെ, ഓ. അത് നല്ലതാണ്. റെക്കാർഡ് കൈകൾ. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. അത് വളരെ നല്ലത്.

182 അത് നിങ്ങളിൽ എന്തു ചെയ്യും? ജീവനെ നിങ്ങൾക്കു തരും. നിങ്ങൾ യജമാനനിലേക്ക് കൈ നീട്ടിക്കൊണ്ട് "ഞാൻ അത് വിശ്വസിക്കുന്നു," എന്നു പറഞ്ഞിരിക്കുന്നു.

183 യേശു പറഞ്ഞു, "വിശ്വസിക്കുന്നവൻ ന്യായവിധിയിൽ അകപ്പെടാതെ, ജീവങ്കലേക്ക് കടന്നിരിക്കുന്നു." ഇപ്പോൾ തന്നെ നിങ്ങൾക്ക് നിത്യജീവൻ കിട്ടിയിരിക്കുന്നു. അതിനാൽ നിങ്ങൾ സന്തോഷമില്ലേ?

184 ഇന്നു ഈ ഈസ്റ്റർ പ്രഭാതത്തിൽ നാം പ്രാർത്ഥന ആരംഭിക്കുന്നതിനു മുമ്പ്, ക്രിസ്തു കാഴ്ചയിൽ വരുമ്പോൾ, കാണാനാകുന്ന അടയാളങ്ങൾ കാണുന്നതിനു മുമ്പ്, "ബ്രദർ ബ്രൺഹാം, അവൻ അങ്ങനെ ചെയ്യുമെങ്കിൽ, അവൻ അത് എന്തെങ്കിലും ചെയ്തു കാണുന്നതിനു മുമ്പായി ഞാൻ അവനെ എന്റെ സ്വന്ത രക്ഷകനായി സ്വീകരുക്കുന്നു എന്നു പറയാനായി ഇനിയും ആരെങ്കിലും ഒരാളുണ്ടോ? ഞാൻ അവനെ കണ്ട് അത് അനുഭവിക്കുന്നതുവരെ, അങ്ങനെയും മറ്റുമായി തോമസ് പറഞ്ഞതു പോലെ ഞാൻ പറയാൻ ആഗ്രഹിക്കുന്നില്ല. ഞാൻ അവനെ ഇപ്പോൾ തന്നെ സ്വീകരിക്കുന്നു."

185 അവൻ ഇങ്ങനെ പറഞ്ഞു, "കണ്ടു വിശ്വസിക്കുന്നതോ, അഥവാ അനുഭവത്തിലൂടെയോ, അതുമല്ലെങ്കിൽ മറ്റേതെങ്കിലും വഴിയിലൂടേയോ വിശ്വസിക്കുന്നതിനെക്കാൾ എത്രയോ നല്ലതാണ് കാണാതെ വിശ്വസിക്കുന്നത്!"

186 അകത്തുള്ളവരോ പുറത്തായിരിക്കുന്നവരിലോ ഇനിയും ആരെങ്കിലും കൈ ഉയർത്താനുണ്ടോ? ദൈവം നിങ്ങളേയും,

നിങ്ങളേയും, നിങ്ങളേയും അനുഗ്രഹിക്കട്ടെ. സഹോദരി, നിങ്ങളെ, ദൈവം അനുഗ്രഹിക്കട്ടെ. സഹോദരി, നിങ്ങളെ ദൈവം അനുഗ്രഹിക്കട്ടെ.

ശരി, നമ്മുടെ ഹൃദയങ്ങളെ താഴ്ത്തിക്കൊണ്ട്.

187 ഞങ്ങളുടെ സ്വർഗ്ഗീയ പിതവെ, "വചനം പ്രസംഗിക്ക. സമയത്തും അസമയത്തും ഒരുങ്ങിനിൽക്ക, സകല ദീർഘക്ഷമയോടും ഉപദേശത്തോടും കൂടെ ശാസിക്ക; തർജ്ജനം ചെയ്ക; പ്രബോധിപ്പിക്ക." എന്ന് അങ്ങ് പറഞ്ഞിരിക്കുന്നു. മറ്റൊന്നും പ്രസംഗിക്കാതെ ഞങ്ങളിൽ ഭരമേൽപ്പിച്ചിരിക്കുന്നത് മാത്രം പ്രസംഗിക്കുന്നു. ക്രിസ്തു മരിച്ചു, വചനപ്രകാരം മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റു ഇപ്പോൾ ദൈവ മഹത്വത്തിന്റെ വലത്തു ഭാഗത്ത്, സ്വർഗ്ഗീയ സ്ഥാനങ്ങളിൽ ഇരുന്നുകൊണ്ട്, ഞങ്ങളുടെ ഏറ്റുപറച്ചിലിന്റെ പക്ഷപാദം നടത്തുന്നു. ഇങ്ങനെയാണ് അവന്റെ വചനം, "എന്റെ വചനം കേട്ടു എന്നെ അയച്ചവനിൽ വിശ്വസിക്കുന്നവന് നിത്യജീവനുണ്ട്."

188 ഇന്ന്, ഈ ധൃതിക്കിടയിൽ, അങ്ങിങ്ങായിരിക്കുന്ന ജനങ്ങളുടെ ഇടയിൽ നിന്ന് അനേകർ തങ്ങളുടെ കരങ്ങളെ ഉയർത്തി. നീ അവരെ കണ്ടു. തെരുവിൽ ഒരു ചെറിയ കുരുകിൽ പറക്കുന്നതു നീ കാണുന്നെന്നു എങ്കിൽ, എങ്ങനെ നീ അവരെ കാണാതിരിക്കും! നീ അത് അറിയുന്നു. മഹാനും സർവ്വ വ്യാപിയുമായ ദൈവമേ, നീ എല്ലാം കാണുന്നു, എല്ലാം അറിയുന്നു, നിനക്ക് എല്ലാം ചെയ്യാനുമാകും. ഇപ്പോൾ, നിന്റെ വചനപ്രകാരം, നീ ഇവരെ അവരുടെ പാപങ്ങളിൽ നിന്നും രക്ഷിച്ചു, അതിനായി പിതാവെ, ഞങ്ങൾ അങ്ങയോട് കടപ്പെട്ടവരാണ്. അവർ അധികനാൾ, സന്തോഷമായി ജീവിക്കട്ടെ. അവരുടെ ജീവിതകാലം മുഴുവനും അങ്ങയെ അവർ സേവിക്കാനിടവരട്ടെ.

189 വരുന്ന രാത്രിയിൽ, അവർ എപ്പോഴെങ്കിലും മുങ്ങി സ്നാനം ഏറ്റിട്ടില്ലെങ്കിൽ, കർത്താവിന്റെ നാമത്തെ വിളിച്ചപേക്ഷിച്ച്, ഇന്നു രാത്രിയിൽ തന്നെ പരിശുദ്ധാത്മാവിനെ സ്വീകരിച്ച്, കടന്നുവന്ന് സ്നാനമേൽക്കട്ടെ. ഇത് അനുവദിക്കേണമെ, സ്നേഹവാനായ ദൈവമേ. ഞങ്ങൾ ഇതു ക്രിസ്തുവിന്റെ നാമത്തിൽ ചോദിക്കുന്നു.

190 ഇപ്പോൾ, പിതാവെ, ഞങ്ങൾ സർവ്വീസിലേക്ക് കടക്കുകയാണ്. നിന്റെ വചനം തോൽവിയടയില്ല എന്ന് ഞാൻ അറിയുന്നു. അത് ഇങ്ങനെ പറയുന്നു, ഞങ്ങളുടെ സ്വന്ത പട്ടണത്തിൽ, "ഒരു ദാസൻ തന്റെ സ്വന്ത പട്ടണത്തിലും, സ്വന്ത ജനങ്ങൾക്കിടയിലും," എന്നാൽ കർത്താവെ, കഴിഞ്ഞ പത്തു വർഷങ്ങൾക്കുള്ളിൽ, രണ്ടുവട്ടം നീ അത് സംഭവിക്കാൻ അനുവദിച്ചിരുന്നു. ഇന്നു

വീണ്ടും നീ അതു അനുവദിക്കില്ലേ? ഉയിർത്തെഴുന്നേല്പിന്മേൽ, ഇന്നു ഈസ്റ്ററായതിനാൽ, ഞങ്ങളുടെ മനസ്സുകൾ നിറയെ ഈസ്റ്റർ ചിന്തകളാൽ പുതുക്കപ്പെട്ടിരിക്കുന്നു. ഇന്നു രാവിലെ നേരം അതു രണ്ടുവട്ടം കേട്ടതിനാൽ, സുവിശേഷത്താൽ, അതിനു പുതുക്കം വന്നിരിക്കുന്നു. കർത്താവെ, അങ്ങയെ ഞങ്ങൾ കാണാനാഗ്രഹിക്കുന്നു. നീ ഇവിടെയാണ് എന്നു ഞാൻ ജനങ്ങളോട് പറഞ്ഞിരിക്കുന്നു. നീയായിരുന്നു എന്നു നീ പറഞ്ഞു. നീ എപ്പോഴും സർവ്വവ്യാപിയായിരിക്കുന്നു. കടന്നു വരികയും, അവർ പാവങ്ങളായിരിക്കുന്നതു പോലെ, നിന്റെ പാവപ്പെട്ട ജോലിക്കാരന്റെ പ്രജകളെ എടുക്കില്ലേ കർത്താവെ? ഇപ്പോൾ നിന്നെ സ്വീകരിച്ചിരിക്കുന്ന, പുരുഷന്മാരിലൂടെയും, സ്ത്രീകളിലൂടെയും, പ്രവർത്തിച്ചുകൊണ്ട്, അവർ എന്താണ് ചെയ്യുന്നത് എന്നതിനെ നോക്കേണമെ, അത് തെറ്റായ എന്തെങ്കിലുമല്ല; അത് കർത്താവായ യേശു തന്നെയാണ്. ഓ, ദൈവമേ, അത് അനുവദിക്കേണമെ. എന്തെന്നാൽ ഞങ്ങൾ ഇത് യേശുവിന്റെ നാമത്തിൽ ചോദിക്കുന്നു. ആമേൻ.

191 ഓ, എന്റെ! നിങ്ങൾക്ക് നന്നായി അനുഭവപ്പെടുന്നോ? [കൂട്ടായ്മ "ആമേൻ."—Ed.] ഞാൻ ക്ഷീണിതനും ബലഹീനപ്പെട്ടിരിക്കുന്നെങ്കിലും എനിക്കും അങ്ങനെ തന്നെ തോന്നുന്നു. വചനം എത്ര മഹത്വമേറിയതാണ്!

ഇപ്പോൾ, കൂട്ടുകാരെ, എനിക്ക് കഴിയാവുന്ന എല്ലാ പ്രസംഗവും ഞാൻ നടത്തിക്കഴിഞ്ഞു...

192 ഞാൻ ഇന്നു രണ്ടുവട്ടം പ്രസംഗിച്ചു. നാളെ വണ്ടി ഓടിക്കേണ്ടതിനാൽ, പെട്ടെന്ന് പോകേണ്ടതായിട്ടുണ്ട്. കാനഡയിലേക്ക് പോകാനായി, എനിക്ക് അതിരാവിലെ വാഷിഗ്ടണിലെ, ടൊക്കാമോയിലേക്ക് പോകേണ്ടതുണ്ട്. നാളത്തെ സർവ്വീസിനായി അവർ എന്നെ വിമാനത്തിൽ കൊണ്ടുപോകാൻ ആശിച്ചു, എന്നാൽ ഞാൻ ചിലപ്പോൾ, വണ്ടിയോടിച്ചു പോകും.

193 അതുകൊണ്ട് ഇപ്പോൾ ശ്രദ്ധിക്കുക, ഇപ്പോൾ ഞാൻ ചെയ്ത എല്ലാ പ്രസംഗവും; നിങ്ങൾ ആയിരം വർഷം ജീവിച്ചിരുന്നാൽ, എനിക്ക് ആയിരം വർഷംകൊണ്ടു ചെയ്യാനാകുന്ന വിലപിടിക്കുന്ന കാര്യം; കർത്താവിന് ഒറ്റത്തവണകൊണ്ട് ചെയ്യാനാകും.

194 ഇപ്പോൾ ഞാൻ നിങ്ങളോട് ഒരു കാര്യം ചോദിക്കാൻ ആശിക്കുന്നു, നിങ്ങൾ വളരെ വിനയത്തോടിരിക്കുക. ഇപ്പോൾ, നിങ്ങളിൽ അനേകർ നിൽക്കുകയാണല്ലോ. നിങ്ങൾ ക്ഷീണിതരാണെന്ന് എനിക്കറിയാം,

എന്നാൽ ഞങ്ങൾക്ക് ഒരു അല്പ നിമിഷങ്ങൾ കൂടെ തരൂ. ഞാൻ ഇതിനെ ഇപ്പോൾ എടുക്കുന്നു...

195 അതു സംഭവിക്കും വരെ ഞാൻ സംസാരിക്കില്ലെന്നു, മനസ്സിലായി. വിശ്വാസത്താൽ, ഞാൻ അത് അങ്ങനെ സംഭവിക്കണമെന്നു ദൈവത്തോട് ചോദിക്കുന്നു. ഇവിടെ ജെഫെർസൺവില്ലെയിലെ ജനങ്ങൾ അവൻ ഇന്നും ജീവിച്ചിരിക്കുന്നു എന്നു തിരിച്ചറിയേണ്ടതിന് അവൻ ചെയ്തിരുന്നതുപോലെ, ഒരു മീറ്റിംഗിനെ ഉണ്ടാക്കേണമെന്നു ഞാൻ അവനോട് അപേക്ഷിക്കുന്നു. അത് നമുക്ക് രണ്ടു തവണ ഉണ്ടായിട്ടുണ്ട്.

196 ഇന്നു കഴിയുമ്പോൾ ഞാൻ വീണ്ടും കൂടാരത്തിലേയ്ക്ക് എപ്പോൾ മടങ്ങിവരുമെന്നു എനിക്കറിയില്ല. ഞാൻ ഈ പഴയ, ആലയത്തെ ഇഷ്ടപ്പെടുന്നു. ഇതിൽ അനേകരും അപരിചിതരായ ജനങ്ങളല്ല. ഇവിടെ പന്ത്രണ്ട് വർഷങ്ങൾ പ്രസംഗിച്ചതിന്റെ വിരലടയാളം ഇപ്പോഴും ഇവിടെയുണ്ട്. ഇപ്പോൾ ഞാൻ സുവിശേഷ ഘോഷണത്തിലായി ഇരുപത്തിമൂന്ന് വർഷങ്ങളായിരിക്കുന്നു.

197 ഓ, അവിടേക്ക് നോക്കാനായി ഞാൻ വളരെയേറെ പിന്നിലേക്ക് നോക്കിയിരിക്കുന്നു! ഓ, ഞാൻ ചെയ്ത കാര്യങ്ങളെ വളരെയേറെ നോക്കിയിരിക്കുന്നു! ജനങ്ങൾ എന്താണ് ചെയ്യുന്നതെന്ന് ഞാൻ ശ്രദ്ധിക്കാറില്ല. ഞാൻ—എനിക്കറിയാം. എനിക്കറിയാം. അതെ, സർ. ലോകം മുഴുവനും വ്യത്യസ്തമായി പറഞ്ഞാലും കാര്യമില്ല. "ഞാൻ—ഞാൻ ആരിലാണ് വിശ്വസിക്കുന്നതെന്ന് ഞാൻ അറിയുന്നു. ആ ദിവസത്തിൽ ഞാൻ ആരെയാണ് പിൻപറ്റിയതെന്നും അവനിൽ ഭരമേല്പിച്ചത് എന്തായിരുന്നെന്നും അവൻ അത് കാക്കാൻ ശക്തനെന്നും ഞാൻ അറിയും."

198 അനേക സുഹൃത്തുക്കളും മറ്റും ഇവിടെ ഇരിപ്പുണ്ട്, അനേകർ പുറത്തുമുണ്ട്. ഇന്നു എന്റെ ചില ഡോക്ടർമാരായ സുഹൃത്തുക്കളും കൂടെ ഇവിടെ ഇരിപ്പുണ്ട്.

199 ഞാൻ ഒരു ഭ്രാന്ത് കളിക്കുന്നവനല്ല. നിങ്ങൾ, യേശുവിന്റെ ഉയിർപ്പിനെ, ഇല്ലാത്തതിനെ ഉള്ളതാക്കി പറയുന്നതാണ് എന്നു പറയുന്നതെങ്കിൽ, എനിക്ക് ഭ്രാന്താണ്. അത് ശരിയാണ്. ഞാൻ അതിൽ, എന്റെ മുഴു ഹൃദയത്തോടും കൂടെ വിശ്വസിക്കുന്നു.

200 എനിക്ക് പറയാനുള്ള ഉള്ളടക്കം ഇതാണ്, യേശു മരിച്ചവരിൽ നിന്നും ഉയിർത്തെഴുന്നേറ്റുകൊണ്ട്, ജീവിച്ചിരിക്കുന്നു. അവൻ മരിച്ചവരിൽ നിന്നും ഉയിർത്തെഴുന്നേറ്റു ജീവിച്ചിരിക്കുന്നു എന്നു ഞാൻ വിശ്വസിക്കുന്നു...അവൻ ഇങ്ങനെ പറഞ്ഞു, "ഞാൻ ചെയ്യുന്ന അതേ

പ്രവർത്തികൾ നിങ്ങളും ചെയ്യും. ഞാൻ എന്റെ പിതാവിന്റെ അടുക്കൽ പോകുന്നതിനാൽ ഇതിൽ വലിയവയും ചെയ്യും."

201 ഇന്നു ഈ ഈസ്റ്റർ പ്രഭാതത്തിൽ, ഞാൻ വിശ്വസിക്കുന്നത് എന്തെന്നാൽ, അവൻ എന്തായിരിക്കുന്നു എന്ന് നിങ്ങൾക്ക് അറിയാനാകും വിധം, അവൻ ഒരിക്കൽ കാഴ്ചയിൽ വന്ന് പ്രത്യക്ഷനായെങ്കിൽ! നിങ്ങൾ അവനെ കാണാൻ ആശിക്കുന്നില്ലേ? [കൂട്ടായ്മ, "ആമേൻ"—Ed.] ക്ലെയപ്പാവും മറ്റും നടന്നുകൊണ്ടിരിക്കുമ്പോൾ അവർ ആയിരുന്നതുപോലെ നിങ്ങളും ആശിക്കുന്നില്ലേ? ദൈവം അതു ചെയ്താൽ, ഞാൻ നിങ്ങളോട് അറിയിച്ച സുവിശേഷം സത്യമാണ്.

202 ഇപ്പോൾ, ഇന്നു രാവിലെ നേരം അവൻ പ്രത്യക്ഷനായാൽ അവൻ എന്തു ചെയ്യും? അവൻ ഇങ്ങനെ പറയുമോ..."നിങ്ങൾ വന്ന് കർത്താവെ എന്നേ രക്ഷിക്കില്ലേ?" എന്നു ചോദിക്കേണ്ടതായിട്ടുണ്ടോ?

203 അവൻ എന്തു പറയും? "ഞാൻ കാൽവരിയിൽ മരിച്ചപ്പോൾ നിങ്ങൾക്കുവേണ്ടി അതു ചെയ്തു കഴിഞ്ഞു." എന്തെന്നാൽ അതാണ് സുവിശേഷം.

നിങ്ങൾ ചോദിക്കും, "കർത്താവെ, നീ എന്നെ സൗഖ്യമാക്കില്ലേ?"

അവൻ പറയും, "ഞാൻ കാൽവരിയിൽ മരിച്ചപ്പോൾ, അതു നിങ്ങൾക്കുവേണ്ടി ചെയ്തുകഴിഞ്ഞു.

204 ഇപ്പോൾ അവൻ ചെയ്യുന്ന ഏക കാര്യം, അത്ഭുതങ്ങളും അതിശയങ്ങളും നിങ്ങളുടെ ഇടയിൽ ചെയ്യുക എന്നതു മാത്രമാണ്, അതു നിങ്ങളെ വിശ്വസിപ്പിച്ച് അവനെ സ്വീകരിക്കാനിടവരുത്തും. അത് ശരിയല്ലേ? [കൂട്ടായ്മ "ആമേൻ" പറയുന്നു—Ed.]

205 ഇന്നു രാവിലെ സമയം കുട്ടികൾ ചില പ്രാർത്ഥന കാർഡുകൾ വിതരണം നടത്തിയിരിക്കും എന്നു ഞാൻ ഇപ്പോൾ വിശ്വസിക്കുകയാണ്. ബില്ലി അല്പ നിമിഷങ്ങൾക്കു മുമ്പ്, "അവർ കുറച്ചു മാത്രം എടുത്തുകൊണ്ട് ഓടി പോയി," എന്ന് എന്നോട് പറഞ്ഞു. എന്നാൽ എല്ലാവരുടേയും അടുക്കൽ വരാനായി അവരുടെ പക്കൽ അത്രയും കുട്ടികളില്ലായിരുന്നു. അവൻ എല്ലാവരുടേയും അടുക്കൽ പോയിരുന്നെങ്കിൽ, കടന്നു വരാനാകില്ലായിരുന്നു. അവൻ ചില കാർഡുകൾ എടുക്കാനായി പുറപ്പെട്ടപ്പോൾ, സഹോദരൻ നേവിൽ *വിശ്വസിക്കുക മാത്രം ചെയ്യുക* എന്ന പാട്ട് പാടാൻ തുടങ്ങിക്കഴിഞ്ഞിരുന്നു.

206 അവർ ഇവിടേക്ക് ഓടി വന്നു. അപ്പോൾ സഹോദരൻ വുഡ്സും മറ്റുള്ളവരും, "പാട്ടും മറ്റുള്ളതെല്ലാം ആദ്യമേ പാടി തീർന്നല്ലോ എന്നു

പറഞ്ഞു," അതിനാൽ എനിക്ക് ഇവിടേക്ക് ധൃതിപ്പെട്ട് വരേണ്ടിവന്നു. അധികം കാർഡുകളില്ല, ഒരുപക്ഷേ അമ്പതോ അതല്ലെങ്കിൽ നൂറ് കാർഡോ മറ്റോ കാണും. അവയിൽ നമുക്ക് കഴിയാവുന്നതിന്റെ പരമാവധിയിലൂടെ കടക്കാം.

207 ഇപ്പോൾ നിങ്ങൾ നിങ്ങളുടെ പ്രാർത്ഥന കാർഡുകളെ പുറത്തെടുക്കാൻ ഞാൻ ആശിക്കുന്നു. അത് ഒരു ചെറിയ ചതുരാകൃതിയിലുള്ള കാർഡാണ്. അതിൽ എന്റെ ഫോട്ടോയും, പിന്നിലായി ഒരു നമ്പറും ഉണ്ട്. ഞങ്ങൾ അവരെ പ്രാർത്ഥനക്കായി ഇവിടെ നിരനിരയായി നിർത്തി അതിൽ ഒരു കൂട്ടമായി പ്രാർത്ഥിക്കാൻ ആശിക്കുന്നു. ഞങ്ങൾക്കു കഴിയുന്നതുപോലെ അവർക്കായി പ്രാർത്ഥിക്കാം.

208 ഇപ്പോൾ നിങ്ങൾ നിങ്ങളുടെ കാർഡുകളെ എടുത്തു കൊണ്ടിരിക്കുമ്പോൾ, തയ്യാറാകുക, നിങ്ങൾ ഒരു കാര്യം ശ്രദ്ധിക്കാനും ഞാൻ ആശിക്കുന്നു. ഇവിടെ പ്രാർത്ഥനാ കാർഡുകളില്ലാത്ത അനേകർ ഇവിടെ ഉണ്ടാകും. ഒരു പക്ഷേ നൂറു പേരെങ്കിലും പ്രാർത്ഥന കാർഡില്ലാത്തവരായി ഇവിടെ ഉണ്ടാകാം. പ്രാർത്ഥന കാർഡുണ്ടായിരിക്കുന്നതിൽ, യാതൊന്നുമില്ല, ഒരു കാര്യവുമില്ല. അത് അർത്ഥമാക്കുന്ന ഏക കാര്യം എന്നത് നിങ്ങൾ ദൈവത്തിൽ വിശ്വസിക്കുന്നു എന്നു മാത്രം.

209 യേശു ജനങ്ങൾക്കായി പ്രാർത്ഥിച്ചിരുന്നു, അത് ശരിയാണ്, അനേക തവണ അവരുടെ കുഴപ്പമെന്താണെന്ന് അവൻ അവരോട് പറഞ്ഞു. എന്നാൽ അവൻ അവരോട് ഒരു പ്രാവശ്യം പോലും, "ഞാൻ നിങ്ങളെ സൗഖ്യമാക്കിയിരിക്കുന്നു," എന്നു പറഞ്ഞിട്ടില്ല. അവൻ ഇങ്ങനെ പറഞ്ഞു, "നിങ്ങളുടെ വിശ്വാസം നിങ്ങളെ സൗഖ്യമാക്കിയിരിക്കുന്നു." കടന്നു വന്നിരുന്ന ജനങ്ങൾ...

210 അവിടെ അന്ധനായ ബർത്തിമായി അവിടെ ഇരുന്നുകൊണ്ട് ഭിക്ഷാടനം നടത്തിയിരുന്നു. ബർത്തിമായി ഇരുന്നിരുന്ന ഗേയ്റ്റിനരികിലൂടെ ഒരുപക്ഷേ യേശു നടന്നു പോയ്ക്കൊണ്ടിരുന്നു എന്നു വരാം, ഏകദേശം ഇവിടെ നിന്നും ആ മൂലയോളമുള്ള ദൂരം. ഇതാ യേശു നടന്നു വരുന്നു. അവിടെ അതാ ആ ചുമരിന്റെ മറുഭാഗത്തായെന്നോണം ആ അന്ധനായ ഭിക്ഷാടനം ചെയ്യുന്നയാൾ ഇരിക്കുന്നു.

211 ജനങ്ങൾ ഇങ്ങനെ അലറുന്നുണ്ടാകണം, "ആ ഭ്രാന്തനിൽ നിന്നും ദൂരമാകൂ! ചിലച്ചു കൊണ്ടിരിക്കുന്നവനേ കടന്നു വരൂ, എന്താ ചില അത്ഭുതങ്ങൾ നീ ഞങ്ങളെ കാണിക്കാത്തത്!"

212 മറ്റുചിലർ ഇങ്ങനെ പറയുന്നു, "ഹോശാന, ഹോശാന, അവൻ ദാവീദിന്റെ രാജാവ്, ദാവീദ് പുത്രൻ."

അവരെല്ലാം, വ്യത്യസ്തമായി കൂട്ടിക്കുഴക്കപ്പെട്ടിരുന്നു.

213 യേശു തന്റെ മുഖം താഴ്ത്തി, കാൽവരിയിലേക്ക് പോകുകയായിരുന്നു. അവൻ നടന്നു കൊണ്ടിരിക്കുന്നത് എനിക്ക് കാണാനാകും. അവൻ മുപ്പത്തിമൂന്ന് വയസ്സുണ്ടായിരുന്നപ്പോൾ, കാഴ്ചയ്ക്കു അതിനെക്കാൾ പ്രായമുള്ളവനായി കാണപ്പെട്ടു. അവർ അവന് അമ്പത് വയസ്സു വരും എന്നു പറഞ്ഞു, എന്നാൽ അവന് മുപ്പത്തിമൂന്ന് വയസ്സേ ഉണ്ടായിരുന്നുള്ളു. അവിടേക്ക് അവൻ അവന്റെ മുഖത്തെ ഉറപ്പിച്ചിരുന്നു, ലോകത്തിന്റെ പാപങ്ങളെല്ലാം അവന്റെമേൽ അവൻ വഹിച്ചിരുന്നു, ഉണ്ടാകാനുണ്ടായുരുന്ന ഓരോ രോഗത്തേയും അവന്റെമേൽ അവൻ തൂക്കിയിട്ടിരുന്നു. അവൻ ക്രൂശിക്കപ്പെടാനായി കാൽവരിയിലേക്ക് നടന്നു കൊണ്ടിരുന്നു.

214 അവിടെ ഇരുന്നു മുഷിഞ്ഞ വസ്ത്രങ്ങളോട്ടു കൂടിയ വൃദ്ധനായ യാചകൻ ദാവീദ് പുത്രാ എന്നോട് കരുണയുണ്ടാകേണമെ, ദാവീദ് പുത്രാ എന്നോട് കരുണയുണ്ടാകേണമെ! എന്നു വിളിച്ചുകൊണ്ടിരുന്നു.

ജനങ്ങൾ ഇങ്ങനെ പറഞ്ഞു, "മൗനമായിരിക്കു."

215 എന്നാൽ യേശു നിന്നശേഷം, ചുറ്റിലും നോക്കി, അവിടെ എവിടെയോ പിന്നിലായി നിന്നിരുന്നവനോട് ഇങ്ങനെ പറഞ്ഞു, "നിന്റെ വിശ്വാസം നിന്നെ സൗഖ്യമാക്കിയിരിക്കുന്നു." "നിന്റെ വിശ്വാസം!"

216 കാഴ്ചക്കു അത്ര നല്ലതല്ലായിരുന്ന, ആ പാവപ്പെട്ട സ്ത്രീ. അവർ അവിടെ നിന്നിരുന്ന ജനങ്ങളുടെ ഇടയിലൂടെ പ്രയാസപ്പെട്ട് ഇഴഞ്ഞു വന്ന് അവന്റെ വസ്ത്രത്തിന്മേൽ തൊട്ട ശേഷം കഴിയുന്നതും വേഗത്തിൽ ജനക്കൂട്ടത്തിന്റെ ഇടയിലേക്ക് മറഞ്ഞു എവിടേയോ പോയിരുന്നു.

217 യേശു നിന്നിട്ടു ചോദിച്ചു, "എന്നെ തൊട്ടതാരാണ്?" അവൻ ചുറ്റുമായി നോക്കിക്കൊണ്ട് ഇങ്ങനെ പറഞ്ഞു, "നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു."

"നിങ്ങളുടെ ഹൃദയത്തിൽ നിരൂപിക്കുന്നതെന്നതെന്ത്" എന്ന് അവൻ ചോദിച്ചു.

കിണറ്റിൻ കരയിൽ നിന്നിരുന്ന ആ സ്ത്രീ.

അവർ അന്നു പറഞ്ഞിരുന്നത്, ഇന്ന് ഇവർ എന്നെക്കുറിച്ച് പറയുന്നതുപോലെയാണ്.

218 അവന്റെ ശുശ്രൂഷയുടെ ആരംഭ സമയത്ത് ഫിലിപ്പോസ് അവന്റെ അടുക്കലേക്ക് വന്നു. ആ സമയം യേശു രോഗികൾക്കുവേണ്ടി പ്രാർത്ഥിക്കുന്ന ഒരു പ്രാർത്ഥന നിരയിലായിരുന്നു.

219 ഇവിടെ, അത് ഇന്നലത്തെ യേശുവായിരുന്നു. അവൻ ഇന്നും അതുപോലെയായിരിക്കുന്നതിനാൽ, ഇത് ഇന്നത്തെ യേശുവാണ്. അന്ന് ആ രാവിലെ നേരം ആയിരുന്ന പ്രകാശം ഇന്ന് സന്ധ്യാ സമയം ഇവിടെ ആയിരിക്കുന്നു, അതിനെ യേശുക്രിസ്തു ഇന്നലേയും ഇന്നും എന്നേക്കും അനന്യനാക്കിത്തീർക്കുന്നു.

220 യേശു അവിടെ നിൽക്കുന്ന സമയം, അവിടെ ഒരു രക്ഷിക്കപ്പെട്ട മനുഷ്യൻ ഉണ്ടായിരുന്നു. അവൻ തന്റെ കൂട്ടുകാരനായ നഥനയേൽ എന്നു പേർ വിളിച്ചു പോന്ന ഒരുവനെ ഓടിച്ചെന്നു വിളിച്ചുകൊണ്ടു വന്നു. അങ്ങനെ അവൻ നഥനയേലിനെ കണ്ടുപിടിക്കാനായി പോയി. ഫിലിപ്പോസ് ചെന്ന് നഥനയേലിനെ കണ്ടു. അവൻ ചെല്ലുമ്പോൾ നഥനയേൽ ഒരു മരത്തിൻ കീഴിൽ പ്രാർത്ഥിച്ചു കൊണ്ടിരിക്കുന്നതായി കണ്ടു.

221 അവൻ അവനെ തിരികെ കൊണ്ടു വരുമ്പോൾ...യേശു അവിടേക്ക് വന്നിരുന്നു. അവിടെ അവൻ ശ്രോതാക്കളുടെ ഇടയിലായിരുന്നു, സാധാരണയായി അവൻ അവിടെയാണ് ഉണ്ടാകാറുള്ളത്. യേശു അവിടെ ആയിരുന്നുകൊണ്ട്, രോഗികൾക്കായി പ്രാർത്ഥിക്കുകയായിരുന്നു.

222 അവൻ അതിൽ നിന്നും പുറമേ നോക്കിയിട്ട് ഇപ്രകാരം പറഞ്ഞു, "ഇതാ ഒരു യിസ്രായേല്യൻ, ഇവനിൽ ഒരു കപടവും ഇല്ല."

223 അവൻ ചോദിച്ചു, "എന്താ, റബ്ബീ, നീ എങ്ങനെ എന്നെ അറിയും? അഥവാ ഗുരോ, റെവറെൻഡ്." അത് ഒരു പദവിയാണ്.

224 അവൻ പറഞ്ഞു, "ഫിലിപ്പോസ് നിന്നെ വിളിക്കുന്നതിനു മുമ്പേ, ഞാൻ നിന്നെ ആ മരത്തിന്റെ ചുവട്ടിലിരിക്കുമ്പോൾ കണ്ടു."

225 "എന്താണ്" ആ പരീശന്മാർ ഇങ്ങനെ പറഞ്ഞു, "അവൻ ഒരു ഭാവിപറച്ചിലുകാരൻ. അവൻ ഒരു പിശാചാണ്. അവൻ ഒരു ബെയെത്സബൂലാണ്."

226 എന്നാൽ എന്താണ് ഫിലിപ്പോസ് പറയാനുള്ളത്? എന്താണ് നഥനയേൽ പറഞ്ഞത്? അവൻ ഓടിച്ചെന്ന് അവന്റെ കാൽക്കൽ വീണുകൊണ്ട് ഇങ്ങനെ പറഞ്ഞു, "നീ ദൈവപുത്രൻ. നീ യിസ്രായേലിന്റെ രാജാവ്."

227 അവൻ ചോദിച്ചു, "ഞാൻ ഇതു പറഞ്ഞതിനാലാണോ നീ എന്നിൽ വിശ്വസിക്കുന്നത്? നീ ഇതിൽ വലിയതും കാണും, എന്തെന്നാൽ നീ

ഒരു വിശ്വാസിയാകുന്നു. കണ്ടോ? നിങ്ങൾ ഇതിൽ വലിയതും കാണും." കണ്ടോ?

228 ഇപ്പോഴും, അതേ യേശു തന്നെയാണ്. നമുക്ക് രോഗികളായ ജനങ്ങളെ ഒരു വരിയായി നിർത്തി, അവർക്കു പ്രാർത്ഥിക്കാൻ തുടങ്ങാം.

229 ഇപ്പോൾ ശ്രോതാക്കളിൽ കാർഡില്ലാത്തവരായിട്ടുള്ള രോഗികളോട് ഞാൻ ആവശ്യപ്പെടുന്നതെന്തെന്നാൽ, നിങ്ങളുടെ മുഴു ഹൃദയത്തോടും വിശ്വസിക്കുക എന്നു മാത്രമാണ്. നിങ്ങളുടെ ഇരിപ്പിടത്തിൽ ഇരിക്കുന്ന സമയത്തു തന്നെ ദൈവം നിങ്ങളെ സൗഖ്യമാക്കും. അവൻ അന്നു ചെയ്തിരുന്നതുപോലെ തന്നെ ഇന്നും തന്റെ സേവകരെ അവർക്കു ചുറ്റമയച്ച് അതേ കാര്യം തന്നെ ചെയ്യും. നിങ്ങൾ അത് വിശ്വസിക്കുന്നില്ലേ? [കൂട്ടായ്മ പറയുന്നു, "ആമേൻ."—Ed.]. ശരി.

230 നിങ്ങൾ എന്താണ് ഇപ്പോൾ ചെയ്യേണ്ടതെന്ന് ഞാൻ നിങ്ങളോട് പറയാൻ പോകുന്നു. ആരുടെ കൈയ്യിലാണ് പ്രാർത്ഥനാ കാർഡ് നംബർ ഒന്നുള്ളത്? ഞങ്ങളെ കാണിക്കു. നിങ്ങളുടെ കൈ ഉയർത്തിയാലും. പ്രാർത്ഥന കാർഡ് നമ്പർ ഒന്ന്, നമ്പർ ഒന്ന്, നമ്പർ രണ്ട്...

231 *ഇവിടെ* വരിയായിട്ട് നിന്നാലും. ഞാൻ ഒരു സമയം അവരിൽ നിന്നും ഓരോരുത്തരെവീതം എടുക്കാൻ പോകുന്നു, എന്തെന്നാൽ നമുക്ക് എല്ലാവരേയും ഇവിടെ നിർത്താനായിട്ടുള്ള സ്ഥലം പോരാ.

232 നമ്പർ രണ്ട്, ആരുടെ കൈയ്യിലാണ് പ്രാർത്ഥനാ കാർഡ് നമ്പർ രണ്ട് ഇരിക്കുന്നത്, നിങ്ങളുടെ കൈ ഉയർത്തുമോ? പ്രാർത്ഥനാ കാർഡ്...ഇവിടെയുള്ള ഈ മഹിള. നമ്പർ മൂന്ന്... ഇവിടേക്ക് വരൂ, *ഈ* വശത്തേക്ക്, മഹിളെ. നമ്പർ നാല്, ആരുടെപക്കലാണ് പ്രാർത്ഥനാ...

233 പ്രാർത്ഥനാ കാർഡ് നമ്പർ മൂന്ന് ആരുടെ കൈയ്യിലാണ്? എനിക്ക് അയാളെ ഇതുവരെ കിട്ടിയില്ലെന്നാണ് ഞാൻ കരുതുന്നത്. പ്രാർത്ഥന കാർഡ് നമ്പർ മൂന്ന്.

പ്രാർത്ഥനാ കാർഡ് നമ്പർ നാല്.

234 പ്രാർത്ഥനാ കാർഡ് നമ്പർ അഞ്ച്. ആരുടെ കൈയ്യിലാണ് പ്രാർത്ഥനാ കാർഡ് നമ്പർ അഞ്ചുള്ളത്? അവിടെ പുറകിലുള്ള ഒരു മഹിളയുടെ കൈയ്യിൽ. ശരി.

പ്രാർത്ഥനാ കാർഡ് നമ്പർ ആറ്.

നമ്പർ ഏഴ്.

235 നേരെ ഇവിടേക്ക്, ഈ വശത്തേക്ക് നിങ്ങൾക്ക് കടന്നു വരാനാകുമോ? ഇപ്പോൾ, നാല്, അഞ്ച്, ആറ്, ഏഴ്. എനിക്കറിയില്ല എങ്ങനെയാണ്...നിങ്ങൾ അവിടെ ഇതിന്റെ മറുവശത്തായി നിർത്തണം, കഴിഞ്ഞാൽ പ്രസംഗപീഠത്തിന്റെ മറുവശത്ത്. നിങ്ങൾക്കു കഴിയുന്നതിന്റെ പരമാവധി വേഗത്തിൽ ചെയ്യൂ. *വിശ്വസിക്കുക മാത്രം ചെയ്യുക* എന്ന പാട്ട് പീയാനോ വായിക്കുന്നയാൾ, നിങ്ങൾക്ക് കഴിയുമെങ്കിൽ പാടുക.

നിങ്ങൾ ആരാണെന്നോ, എവിടെ നിന്നാണെന്നോ, എന്തിനു വേണ്ടിയിട്ടാണെന്നോ, അറിയാനുള്ള ഒരു വഴിയുമില്ല.

236 ഇപ്പോൾ ഇവിടെ നമുക്ക് എത്ര പേരെ നിർത്താൻ കഴിയുമെന്നു നോക്കാം. ഇപ്പോൾ നിങ്ങൾ ഇവിടേക്ക് കടന്നു വരുമോ? അത് പ്രാർത്ഥനാ കാർഡ് നമ്പർ, ഒന്ന്, രണ്ട്, മൂന്ന്, നാല്, അഞ്ച്, ആറ്, ഏഴ് എന്നിവ ആയിരിക്കട്ടെ.

പ്രാർത്ഥനാ കാർഡ് നമ്പർ എട്ട് ആരാണ്? നേരെ ഇവിടേക്ക് വരൂ മകനെ.

237 പ്രാർത്ഥനാ കാർഡ് നംബർ ഒമ്പത്. പ്രാർത്ഥനാ കാർഡ് നംബർ ഒമ്പത് ഉള്ളയാൾ കൈ ഉയർത്തിയാലും.

238 ചിലപ്പോൾ ചെകിടരായിട്ടുള്ള ആരെങ്കിലുമായിരിക്കാം. നിങ്ങളുടെ അടുക്കലിരിക്കുന്ന ആരുടെയെങ്കിലും കൈയ്യിൽ അതുണ്ടോ എന്നു നോക്കു.

പ്രാർത്ഥനാ കാർഡ് നമ്പർ ഒമ്പത്, നിങ്ങളു കൈ ഉയർത്തിക്കാട്ടുമോ?

239 അത് എഴുന്നേൽക്കാനാകാത്ത ആരെങ്കിലും ഒരാളിന്റെ പക്കലായിരിക്കുമോ, ആരെങ്കിലും ചെന്ന് അയാളെ എടുത്തുയർത്തിയാലും.

പ്രാർത്ഥനാ കാർഡ് നമ്പർ ഒമ്പത്, ചിലപ്പോൾ പുറത്തു പോയ്ക്കാണും.

പ്രാർത്ഥനാ കാർഡ് നമ്പർ പത്ത്. ശരി, അവിടെയിരിക്കുന്ന മഹിള.

പ്രാർത്ഥനാ കാർഡ് നമ്പർ പതിനൊന്ന്. *ആ* വശത്തായിരിക്കുന്ന സർ.

പ്രാർത്ഥനാ കാർഡ് നമ്പർ പന്ത്രണ്ട്, *ഇവിടിരിക്കുന്ന* സർ.

പ്രാർത്ഥനാ കാർഡ് നമ്പർ പതിമൂന്ന്, *ആ* വശത്തെ മഹിളയുടെ കൈയ്യിലുണ്ട്.

പ്രാർത്ഥനാ കാർഡ് നമ്പർ പതിനാല്. അവിടെ നിങ്ങളുടെ വശമാണോ പതിനാല്?

പതിനഞ്ച്, *ഇവിടെയിരിക്കുന്ന* മഹിളയുടെ പക്കലാണ്.

240 കടന്നു വരു, വളരെ നല്ലത്. നിങ്ങൾ കെട്ടിടത്തിന്റെ പാർശ്വത്തിലൂടെ കടന്നു വന്ന്, നിങ്ങൾ, നിങ്ങൾക്ക് കഴിയുമെങ്കിൽ, നിങ്ങൾ കടന്നു വരുമോ. ബിൽ, ഇവിടേക്ക് തന്നെ കടന്നു വരു. ആ കെട്ടിടത്തിന്റെ വശത്തെ ചുമരിന്റെ നടുഭാഗത്തായി നിൽക്കു. അത് ശരിയായി. കൊള്ളാം. അവിടെ അവരെ വരിയായി നിർത്തു. മഹിളെ, ഇതാ ഇവിടെ തന്നെ. സഹോദരി മഹിളെ, നേരെ *ഇവിടെ* തന്നെ. ആ വരിയിലൂടെ പോയ്ക്കൊണ്ടിരിക്കു.

241 ഇവിടെ നമുക്ക് എത്രപേരെ നിരയിൽ നിർത്താനാകും എന്നു നോക്കാം. ഇതിൽ, ഒരു നിമിഷം നിൽക്കു, ഒരു നിമിഷം. [ബ്രദർ ബ്രൺഹാം നൂത്തിയിരിക്കുന്നു.—Ed.]

242 ഇപ്പോൾ വളരെ വിനയത്തോടെയിരിക്കുക. വളരെ നിശ്ശബ്ദതയോടെ, ഇരിപ്പിടത്തിൽ തന്നെ ഇരിക്കുക. ഇപ്പോൾ, ഇത് ദൈവത്തിന്റെ ഭവനമാണ്. ശരി, ആ പ്രാർത്ഥനകളെ എടുക്കു...

243 [ആരോ ഒരാൾ ബ്രദർ ബ്രൺഹാമിനോട് സംസാരിക്കുന്നു—Ed.] എന്താണ് പറഞ്ഞത്? എന്താണ് പറഞ്ഞത്? ശരി, നമുക്ക് കുറച്ചുപോരെ കൂടെ നിർത്താനാകുമോ എന്നു നോക്കാമോ? ശരി. പ്രാർത്ഥനാ കാർഡ്...

244 എവിടെയാണ് ഞാൻ നിർത്തിയത്? അതെ. നിങ്ങളുടെ പ്രാർത്ഥന കാർഡു എത്രയാണ് സർ? [ഒരു സഹോദരൻ പതിനാല് എന്നു പറയുന്നു—Ed.] പതിനാല്. ശരി.

245 പ്രാർത്ഥന കാർഡു നമ്പർ പതിനഞ്ച്, പതിനാറ്, പതിനേഴ്, പതിനെട്ട്, പത്തൊമ്പത്, ഇരുപത്.

246 *ഇതുവഴി* മഹിളെ. മുകളിൽ *ആ* വഴിയെ, ആ വഴിയിലൂടെ പോകു. ശരി. ഇവിടെ നമുക്ക് ഇതിലുമധികം പേരെ നിർത്താനാകില്ല. *ആ* വഴിയിലൂടെ പോകു, മഹിളെ. നിങ്ങൾ അങ്ങനെ ചെയ്യുമെങ്കിൽ, അതു നിങ്ങൾക്കാകും. ശരി.

247 [ആരോ ഒരാൾ ബ്രദർ ബ്രൺഹാമിനോട് സംസാരിക്കുന്നു—Ed.] എന്താണ് പറഞ്ഞത്? കൊള്ളാം, അതു ശരിയാകും. അങ്ങനെ നമുക്ക് ഇവിടെ നിർത്താൻ കഴിയുന്നതിനെ എല്ലാം നാം നിർത്തിക്കഴിഞ്ഞു.

248 സഹോദരി, എന്താ ആ കൊച്ചു പെൺകുട്ടിയുടെ മൂക്കിലൂടെ രക്തമൊഴുകുന്നോ? നമുക്ക് അല്പ നിമിഷത്തേക്കു നിർത്താം. നിങ്ങൾ ഒരു നിമിഷത്തേക്ക് നിങ്ങളുടെ തലകളെ കുമ്പിടുമോ? [ബ്രദർ

ബ്രൺഹാം പുൾപ്പിറ്റിലെ മൈക്ക് വിട്ടിട്ട് ആ കുട്ടി നിന്നിരുന്നിടത്തേക്ക് പോകുന്നു—Ed.]

249 പിതാവെ, അങ്ങയുടെ പ്രിയ പുത്രനായ, കർത്താവായ യേശുവിന്റെ നാമത്തിൽ, ദൈവമേ അങ്ങ് ഈ കുട്ടിയെ തൊടണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു. രക്തത്തെ നിലയ്ക്കട്ടെ. അത് ഇപ്പോൾ നിലൻ ഇടവരട്ടെ. നിന്റെ നാമം മഹത്വമെടുക്കട്ടെ. എന്തെന്നാൽ ഞങ്ങൾ ഈ രക്തസ്രവത്തെ, ദൈവ പുത്രനായ യേശുക്രിസ്തുവിന്റെ നാമത്തിൽ ശാസിക്കുന്നു.

250 [ബ്രദർ ബ്രൺഹാം ആരോടോ വളരെ സാവധാനത്തിൽ സംസാരിച്ചതിനു ശേഷം പുൾപ്പിറ്റിലേക്ക് മടങ്ങിവരുന്നു—Ed.]

ശരി, ഇപ്പോൾ നമുക്ക് നമ്മുടെ തലകളെ ഒരു നിമിഷത്തേക്ക് വണക്കാം.

251 കർത്താവായ യേശുവേ, ഈ ശ്രോതാക്കളുടെ ഇടയിൽ അനേകർ അങ്ങേക്കായി കാത്തു നിൽക്കുന്നു. അങ്ങയുടെ സൗഖ്യമാക്കുന്ന ശക്തിക്കായി ഞങ്ങൾ നന്ദി പറയുന്നു. കർത്താവേ, ഞങ്ങളുടെ മുഴു ഹൃദയത്തോടും കൂടെ, ഞങ്ങൾ അങ്ങയോട് ചോദിക്കുന്ന ഈ കാര്യങ്ങൾ അനുവദിക്കുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു. അങ്ങയുടെ മഹത്വത്തിനായി ചെയ്യേണമെ ദൈവമേ. ഞങ്ങൾ യേശുവിൻ നാമം മൂലം ചോദിക്കുന്നു. ആമേൻ.

252 ശരി, ഇപ്പോൾ, നമുക്ക് ആകുന്നതിലും കുലീനരായി നിൽക്കാം. എനിക്ക് ഇപ്പോൾ അത് അറിയില്ല എന്ന് ഓർക്കുക. ഇതെല്ലാം ദൈവത്താൽ ചെയ്യപ്പെടേണ്ട കാര്യങ്ങളാണ്.

253 ഇപ്പോൾ, എന്നെ അറിയാവുന്ന ജനങ്ങൾ പ്രാർത്ഥനയുടെ നിരയിലുണ്ട്. സഹോദരൻ വുഡ്സ് അവിടെ നിൽക്കുന്നു, ഞാൻ അയാളെ അറിയുന്നു. അതിന്റെ രണ്ടാമത്, മൂന്നാമത് നിൽക്കുന്നയാളിനെ എനിക്കറിയാം. ഞാൻ അവരെ അറിയുന്നു. ഇവിടെ മുമ്പിലത്തെ നിരയിൽ ഒന്നാമതായി ഇരിക്കുന്ന മഹിളയെ എനിക്കറിയാം. അവളിലെ കുഴപ്പമെന്താണെന്ന് എനിക്കറിയില്ല, എന്നാൽ അവളെ എനിക്ക് പരിചയമുണ്ട്. അത് എനിക്ക് പരിചയമുള്ളവരെ നിർത്തുന്നതിന്റെ പരമാവധി എണ്ണമായിരിക്കാം.

254 അവിടെ എനിക്ക് പരിചയമില്ലാത്തവരായി അനേകരുണ്ട്. എനിക്ക് നിങ്ങളെ അറിയില്ല എന്ന കാര്യം നിങ്ങൾ നിങ്ങളിൽ തന്നെ സാക്ഷീകരിക്കാവുന്നതാണ്. എന്നാൽ യേശുക്രിസ്തുവിന് നിങ്ങളെ അറിയാം, അവനറിയുന്നില്ലേ? [കൂട്ടായ്മ പറയുന്നു, "ആമേൻ."—Ed.]

255 ഇവിടെ പ്രാർത്ഥന കാർഡ് ഇല്ലാതെയിരുന്നിട്ടും, ഏതുവിധമെങ്കിലും സൗഖ്യമാകണം എന്നു വിശ്വസിക്കുന്ന

എത്രപേരുണ്ട്? കൈകളെ വളരെ നന്നായി, നല്ലപോലെ ഉയർത്തികാട്ടിയാലും. അത് നന്നായിട്ടുണ്ട്. പ്രാർത്ഥനാ കാർഡുപോലും കൂടാതെ, അതു നല്ലത്, ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. ഇപ്പോൾ ഞാൻ നിങ്ങളോട് ഇങ്ങനെ പറയുകയാണ്. നിങ്ങൾ ഈ രീതിയിൽ നോക്കിക്കൊണ്ട് നിൽക്കുമ്പോൾ പരിശുദ്ധാത്മാവ് കടന്നു വന്ന് നിങ്ങളെ സൗഖ്യമാക്കിയാൽ നിങ്ങൾ മുഴു ഹൃദയത്തോടും കൂടെ വിശ്വസിക്കുക. നിങ്ങൾ ഇങ്ങനെ നോക്കി പറയുക, "കർത്താവെ, ഞാൻ മുഴു ഹൃദയത്തോടും കൂടെ വിശ്വസിക്കും." നിങ്ങൾ അങ്ങനെ ചെയ്യുമെങ്കിൽ, ദൈവം നിങ്ങളുടെ സൗഖ്യത്തെ അനുവദിച്ചുതരും. "ഞാൻ എന്റെ മുഴു ഹൃദയത്തോടും കൂടെ വിശ്വസിക്കുന്നു." ഇപ്പോൾ, ചുറ്റിലും ചുറ്റിത്തിരിയരുത്. വളരെ വിനയത്തോടുകൂടെ ആയിരിക്കുക. നിങ്ങൾക്ക് കഴിയാവുന്നതിലും ഏറ്റവും നന്നായി വിനയത്തോടുകൂടെ നിൽക്കുക.

ഇപ്പോൾ, നമുക്ക് വീണ്ടും പ്രാർത്ഥിക്കാം.

256 ഇപ്പോൾ നിങ്ങളുടെ തലകൾ കുമ്പിട്ടു നിൽക്കുമ്പോൾ ഞാൻ ഒരു കാര്യം ചോദിക്കാൻ ആശിക്കുന്നു. യേശുക്രിസ്തു മരിച്ചവരിൽ നിന്നും ഉയിർത്തെഴുന്നേറ്റെങ്കിൽ.... ഇത് നിങ്ങളെ സൗഖ്യമാക്കാൻ വേണ്ടിയിട്ടുള്ളതല്ല. ഇത് അവൻ മരിച്ചവരിൽ നിന്നും ഉയിർത്തെഴുന്നേറ്റിരിക്കുന്നു എന്നുള്ള ഒരു തെളിവിനു വേണ്ടി മാത്രമാണ്. യേശുക്രിസ്തു മരിച്ചവരിൽ നിന്നും ഉയിർത്തെഴുന്നേറ്റിരിക്കുകയും, മാനസാന്തരവും സൗഖ്യത്തേയും കുറിച്ചാണെങ്കിൽ, അവൻ കാൽവരിയിൽ ആദ്യം തന്നെ വിലക്കു വാങ്ങിയുമിരിക്കുന്നു. അത് ശരിയല്ലേ? "ആമേൻ" പറയൂ. [കൂട്ടായ്മ "ആമേൻ" പറയുന്നു—Ed.] അവൻ മരണത്തിൽ നിന്നും ഉയിർത്തെഴുന്നേറ്റിരിക്കുന്നു എന്നു കാണിക്കാനായി അവൻ എന്തെങ്കിലും ഒരു അടയാളമോ അത്ഭുതമോ അല്ലാതെ മറ്റൊന്നും ചെയ്യില്ല. അവൻ ഭൂമിയിലായിരുന്നപ്പോൾ ചെയ്തിരുന്നതുപോലെ ഒന്ന് അവൻ ഇപ്പോൾ ചെയ്തു എന്നു വന്നാൽ നിങ്ങൾ അവനെ സ്വീകരിക്കാൻ ബാദ്ധ്യതപ്പെട്ടിരിക്കും. അതു ശരിയല്ലേ? ["ആമേൻ"] നിങ്ങൾ അത് ചെയ്യുമോ? നിങ്ങൾ അതു ചെയ്യുമെങ്കിൽ, കൈകളെ ഉയർത്തുവിൻ. അവൻ ഭൂമിയിലായിരുന്നപ്പോൾ ചെയ്തിരുന്നതുപോലെയുള്ള ഒരു അത്ഭുതം കാട്ടിയാൽ നിങ്ങൾ അവനെ സ്വീകരിക്കുമോ? ദൈവം നിങ്ങളെ അനുഗ്രിഹക്കട്ടെ. നൂറ് ശതമാനം.

257 ഇപ്പോൾ, പിതാവെ, അങ്ങ് ഞങ്ങളുടെ മേൽ കനിവുള്ളവൻ ആയിരിക്കേണമെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു. നീ മരിച്ചവരിൽ

നിന്നും ഉയിർത്തെഴുന്നേറ്റു എന്ന കാര്യത്തെ എന്നേക്കുമായി അവസാനിപ്പിക്കാൻ ഇന്നു ഈ കൂടാരത്തിൽ, നിന്റെ മഹത്വത്തിനായി ഇത് അനുവദിക്കേണമെ എന്നു കർത്താവേ ഞാൻ അങ്ങയോട് പ്രാർത്ഥിക്കുന്നു. ദൈവ മഹത്വത്തിനായി ഞാൻ ഈ അനുഗ്രഹങ്ങളെ യേശുക്രിസ്തുവിന്റ നാമത്തിൽ ചോദിക്കുന്നു. ആമേൻ.

258 ഇപ്പോൾ, ദൈവ മഹത്വത്തിനായും, അവന്റെ ഉയിർത്തെഴുന്നേല്പിന്റെ ശക്തിക്കായിട്ടും, ദൈവത്തിന്റെ സർവ്വവല്ലഭത്തിനുവേണ്ടിയും, ഇപ്പോൾ ഞാൻ എല്ലാ ആത്മാവിനേയും ഇവിടെ എന്റെ നിയന്ത്രണത്തിൻ കീഴിൽ, യേശുക്രിസ്തുവിൻ നാമത്തിൽ എടുക്കുന്നു. അതുകൊണ്ട് നിങ്ങളോട് പറഞ്ഞതു പോലെ ചെയ്യുവിൻ.

259 ഇപ്പോൾ ആ മഹിളയോട്, *ഇവിടെ*, ഈ മൈക്കിനടുക്കലേക്ക് നിൽക്കാൽ ഞാൻ ആവശ്യപ്പെടുകയാണ്. എനിക്ക് ഈ മഹിളയെ അറിയാം. ഞാൻ—ഞാൻ വിചാരിക്കുന്നത് അവളുടെ പേർ സറ്റോൺ എന്നാണ്. എനിക്ക് തെറ്റുപറ്റിയോ...[ആ സഹോദരി പറയുന്നു, "അല്ല. കോബ്, ഇപ്പോൾ."—Ed.]. ഓ, കോബ്, എന്നോട് ക്ഷമിക്കു. അവൾ ഈ കൂടാരത്തിൽ വല്ലപ്പോഴുമൊക്കെ വരുന്നതിനാൽ, ഞാൻ ഈ സഹോദരിയെ അറിയുന്നു. എന്നാൽ അവളിലെ കുഴപ്പമെന്താണെന്നു എനിക്കറിയില്ല. ഇപ്പോൾ എനിക്ക് അത് അറിയാനാകുന്ന ഏക മാർഗ്ഗം എന്നത് ഏതെങ്കിലും രീതിയിൽ ദൈവം അത് എനിക്ക് വെളിപ്പെടുത്തിത്തരണം എന്നുള്ളതാണ്. അത് ശരിയല്ലേ ശ്രീമതി... ["അതു ശരിയാണ്"]. കോബേ? ["അതു ശരിയാണ്"] കോബോ? ശരി. കോബെന്നാണോ ഇപ്പോൾ നിങ്ങളുടെ പേർ? ["അതെ"] ശരി. ശരി.

260 ശ്രീമതി കോബ് നിങ്ങളുടെ കുഴപ്പമെന്താണെന്ന് എനിക്ക് മനസ്സിലാക്കാനാകുന്ന ഏക വഴി എന്നത് ഏതെങ്കിലും വിധത്തിൽ ദൈവം എന്നെ അത് അറിയിക്കേണ്ടതുണ്ട് എന്നുള്ളതാണ്. [ആ സഹോദരി പറയുന്നു "അതെ"] അവന് അത് ചെയ്യണമെന്നുണ്ടെങ്കിൽ, അതിനായി അവന് അതിന് ഒരു അമാനുഷികമായ ശക്തിയിലൂടെ അത് മാനുഷികമല്ലാതെ ചെയ്യേണ്ടിയുമിരിക്കുന്നു. അത് ഒരു ദിവ്യ ശക്തിയിൽ നിന്നും വരേണ്ടതായിട്ടുണ്ട്. അത് ശരിയല്ലേ? ["അത് ശരിയാണ്"] അത് ചെയ്യുന്നതിലൂടെ അവൻ മരിച്ചവരിൽ നിന്നും ഉയിർത്തെഴുന്നേറ്റിരിക്കുന്നു എന്നുള്ള കാര്യം സത്യമാണെന്ന് നിങ്ങൾക്ക് വിശ്വസിക്കാനാകില്ലേ? ["അതെ"] കണ്ടോ?

261 അത് നിങ്ങളെ വിശ്വസിപ്പിക്കുമോ കൂട്ടുകാരേ? [സഭ "ആമേൻ" പറയുന്നു.]

262 അവൻ എനിക്ക് നൽകിയിരിക്കുന്ന ഈ കോട്ട് ധരിച്ചുകൊണ്ട് യേശു ഇവിടെ നിന്നുകൊണ്ടിരുന്നാലോ? [ആ സഹോദരി പറയുന്നു, കർത്താവിന് സ്തുതിയുണ്ടാകട്ടെ."—Ed.] കണ്ടോ? അവൻ ഇവിടെ നിന്നിരുന്നെങ്കിൽ...

263 ഇപ്പോൾ, ഈ സ്ത്രീയ്ക്ക് സാമ്പത്തികമായ പരാധീനതകളുണ്ടാകാം. അവൾക്കു വീട്ടിലെ വിഷയങ്ങളുണ്ടാകാം. അവൾക്കു രോഗസംബന്ധമായി കുഴപ്പമുണ്ടാകാം. എനിക്കറിയില്ല. ദൈവം അതറിയുന്നു. എനിക്കതറിയില്ല. എനിക്ക് നിങ്ങളോട് അത് പറയാനാകില്ല. ചിലപ്പോൾ അവൾ തന്റെ ജീവിത്തിൽ എന്തെങ്കിലും ചെയ്തുപോയതിന്റെ കാരണത്താൽ അവൾക്ക് ഇപ്പോൾ അതു സംഭവിച്ചതാകാം. എനിക്കറിയില്ല. ദൈവത്തിനറിയാം. എനിക്കറിയില്ല.

264 എന്നാൽ, അവന് എന്നോട് പറയാനാകും. അതെ, അങ്ങനെ തന്നെയാണ്. യേശു ഇങ്ങനെ പറഞ്ഞു, "പിതാവ് എന്നെ കാണിച്ചു തരാതെ ഞാൻ സ്വതവെ ഒന്നും ചെയ്യുന്നില്ല." അത് ആ രീതിയിൽ വരേണ്ടതായിട്ടുണ്ട്.

265 ഇപ്പോൾ, ഞാൻ എന്താണ് ഇവിടെ ചെയ്യുന്നതെന്നാൽ, ഞാൻ അവളുടെ മനസ്സു വായിക്കുന്നതല്ല. അല്ല, സർ. ദൈവം ക്ഷമിക്കട്ടെ. അത് തെറ്റായ കാര്യമാണെന്നു ദൈവമറിയുന്നു. അത് അങ്ങനെയായിരിക്കില്ല. അത് അങ്ങനെയല്ല എന്റെ ന്യായാധിപനായ സ്വർഗ്ഗത്തിലെ ദൈവം അറിയുന്നു. അത് തെറ്റാണ്. നോക്കു, മനസ്സു വായിക്കുന്നതല്ല.

266 എന്നാൽ യേശുക്രിസ്തു തന്റെ സഭയിലായിക്കൊണ്ട്, അത് ഉയിർത്തെഴുന്നേല്പിന്റെ ശക്തിയിലൂടെയാകുന്നു. പത്രൊസും മറ്റുള്ളവരും അവിടെ നിന്നുകൊണ്ട്, ജനങ്ങളെ നോക്കിയിരുന്നതിലേക്ക് നോക്കു. പൗലൊസ് മറ്റുള്ളവരും ജനങ്ങളെ നോക്കിയിട്ട്, എപ്രകാരമാണ് ചില കാര്യങ്ങൾ അവരിൽ തെറ്റായിട്ടുണ്ടായിരുന്നതിനെ കണ്ടത്.

267 യേശു കിണറ്റിങ്കയിലെ സ്ത്രീയുമായി സംസാരിക്കുമ്പോൽ, അവൻ അവളുമായി ഒരു സംവാദം തന്നെ ചെയ്തിരുന്നു. ആ വിശുദ്ധ യോഹന്നാൻ 4-ലെ കാര്യം നമുക്ക് എല്ലാവർക്കും അറിയാം. അവൻ ആ കിണറ്റിൻകരയിലെ സ്ത്രീയുമായി സംസാരിച്ചു. അവൻ ആ സ്ത്രീയുമായി സംസാരിക്കുമ്പോൾ, അവൻ അവളുടെ ആത്മാവിനെ പിടിക്കാനായി അതുമായി ബന്ധപ്പെടാനായി മാത്രമാണ് ശ്രമിച്ചത്.

268 പിതാവ് അവനോട് ശമര്യയുടെ വഴിയായി കടന്നു പോകാൻ പറഞ്ഞിരുന്നു. അവൻ യെരീഹോവിലേക്കാണ് പോയ്ക്കൊണ്ടിരുന്നത്.

അത് യെരുശലേമിൽ നിന്നും *ഇങ്ങനെ* നേരെയുള്ള വഴിയാണ്. എന്നാൽ അവൻ ശമര്യവഴി ചുറ്റിക്കറങ്ങിയാണ് പോയത്, എന്തെന്നാൽ അവനോട് പിതാവ് അപ്രകാരം പോകാൻ പറഞ്ഞിരുന്നു.

269 അങ്ങനെ അവൻ കിണറ്റിൻ കരയിൽ ഇരിക്കുമ്പോൾ; ശിഷ്യന്മാരെ അവൻ ദൂരെ അയച്ചിരുന്നു. ആ സ്ത്രീ വരുന്നു എന്നു അവനറിയാമായിരുന്നു. അവൾ തന്റെ വെള്ളം കോരാനുള്ള കുടവുമായി വന്നപ്പോൾ, "എനിക്ക് കുടിക്കാൻ തരിക" എന്നവൻ പറഞ്ഞു.

അവൾ പറഞ്ഞു, "നീ എന്നോട് കുടിപ്പാൻ ചോദിക്കുന്നത് വിഹിതമല്ല."

270 അവൻ ഇങ്ങനെ പറഞ്ഞു, "നിന്നോട് ചോദിക്കുന്നത് ആർ എന്നു നീ അറിഞ്ഞിരുന്നെങ്കിൽ, നീ എന്നോട് കുടിപ്പാൻ ചോദിക്കുമായിരുന്നു. ഞാൻ നിനക്കു ജലം തന്നാൽ നീ ഇവിടെ വരെ അതു എടുക്കാനായി വരേണ്ട ആവശ്യമുണ്ടാകില്ല."

271 അത് ശരിയല്ലേ? അതിനു ശേഷം ആ പരസ്പരമുള്ള സംസാരം അല്പം നീണ്ടു പോയി, അവസാനം അവളുടെ കുഴപ്പമെന്താണെന്നു അവൻ കണ്ടു പിടിച്ചു. [ആ സഹോദരി പറയുന്നു, "അതെ."] പറഞ്ഞു, "പോയി നിന്റെ ഭർത്താവിനെ വിളിച്ചുകൊണ്ടു വരിക." ["അതെ."]

അവൾ പറഞ്ഞു, എനിക്കാരുമില്ല.

272 പറഞ്ഞു, "അതു ശരി തന്നെ. അതു ശരി തന്നെ. നിനക്ക് അഞ്ചു പേരുണ്ടായിരുന്നു, ഇപ്പോഴുള്ളവനോ നിന്റെ ഭർത്താവല്ല."

273 അവൾ പറഞ്ഞു, "നീ ഒരു പ്രവാചകനെന്നു ഞാൻ കാണുന്നു. എന്തെന്നാൽ മിശിഹാ വരുന്നു എന്നു ഞങ്ങൾ അറിയുന്നു, അവൻ വരുമ്പോൾ ഈ വക കാര്യങ്ങൾ ചെയ്യും എന്ന് ഞങ്ങൾക്കറിയാം." [ആ സഹോദരി പറയുന്നു, "ദൈവത്തിന് നന്ദി."—Ed.] എന്നാൽ നീ ആരാണ്?

അവൻ പറഞ്ഞു, "അവൻ നിന്നോട് സംസാരിക്കുന്ന ഞാൻ തന്നെ."

274 [ആ സഹോദരി പറയുന്നു, "ആമേൻ"—Ed.] ഇപ്പോൾ അത് ഇന്നലത്തെ യേശുവായിരുന്നു. ["കർത്താവിന് മഹത്വം] അത് ഇന്നത്തെ യേശുവാണ്. ["അവന്റെ നാമം വാഴ്ത്തപ്പെട്ടുമാറാകട്ടെ"] ഇപ്പോൾ അതിനായി...

275 മഹിളെ, നിങ്ങളെപ്പറ്റി, എനിക്ക് അറിയാനാകുന്ന ഏക വഴി എന്നത് നിങ്ങളും ഞാനും ദൈവവുമായി ഏതോ വിധത്തിൽപ്പെട്ട

ഒരു സംബന്ധം ഉളവാക്കുന്നു, അത് എനിക്ക് അതെന്താണ് എന്നുള്ളത് പറഞ്ഞു തരികയും ചെയ്യുന്നു. [ആ സഹോദരി പറയുന്നു, "അതെ."—Ed.]

276 കർത്താവിന്റെ ദൂതൻ, ആ പ്രകാശം, നിങ്ങൾക്കറിയാമോ? എന്റെ അടുക്കൽ നിൽക്കുമ്പോൾ എടുത്ത ഫോട്ടോ എപ്പോഴെങ്കിലും നിങ്ങൾ കണ്ടിട്ടുണ്ടോ? [ആ സഹോദരി "അതെ, എന്റെ പക്കലുണ്ട്," എന്നു പറയുന്നു—Ed.] നിങ്ങൾ, നിങ്ങൾ അവകളിൽപ്പെട്ട ഒന്ന് കണ്ടിട്ടുണ്ടോ? ["എന്റെ വശം അതുണ്ട്, ഞാൻ അത് കണ്ടിട്ടുണ്ട് എന്നു പറയുന്നു."]

277 എപ്പോഴെങ്കിലും സഭയിലുള്ളവർ...ഓ, നിങ്ങൾ അതു കണ്ടിട്ടുണ്ട്, ശരിയാണ് അത് ഈ സഭയിലുണ്ട്. [കൂട്ടായ്മ "ആമേൻ" പറയുന്നു—Ed.]

278 ഇപ്പോൾ, ഞാൻ അതിനെ നമ്മുടെ അടുക്കലേക്ക് കൊണ്ടു വരാനായി ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അതേ പ്രകാശം തന്നെയായിരുന്നു യിസ്രായേൽ മക്കളെ വഴിനടത്തിക്കൊണ്ടിരുന്നത്, അത് യേശുക്രിസ്തുവായിരുന്നു, അത് ശരിയാണ്, അതാണ് ഉടമ്പടിയുടെ ദൂതൻ. അവൻ പ്രകൃതാതീതമായി പ്രകാശത്തിനും അപ്പുറമായിരുന്നു.

279 അവൻ താഴേക്ക് ഇറങ്ങിയപ്പോൾ, ശരീരമായി തീർന്നു. അവൻ ഇപ്രകാരം പറഞ്ഞു, "ഞാൻ ദൈവത്തിൽ നിന്നും വന്നു ദൈവത്തിലേക്ക് മടങ്ങിപ്പോകുന്നു."

280 "കുറഞ്ഞൊന്നു കഴിഞ്ഞാൽ ലോകം എന്നെ കാണുകയില്ല, എന്നാൽ നിങ്ങളോ എന്നെ കാണും." *ലോകം* എന്നാൽ "അവിശ്വാസി" "നിങ്ങളോ എന്നെ കാണും, എന്തെന്നാൽ ഞാൻ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോടൊപ്പം ഉണ്ടാകും."

281 [ആ സഹോദരി പറയുന്നു, "ഓ, ദൈവത്തിനു സ്തുതി. അതെ, ദൈവത്തിനു മഹത്വം."—Ed.] ഇപ്പോൾ, കർത്താവ് വാഴ്ത്തപ്പെടട്ടെ! ഞാൻ...എന്നിൽ എന്തോ സംഭവിക്കുന്നതായി നിങ്ങൾക്കറിയാം.

282 ഇപ്പോൾ, ശ്രോതാക്കളോടാണ്, നിങ്ങൾ വിനമ്രതയോടു കൂടെ ഇരിക്കാൻ ഞാൻ നിങ്ങളോട് ആവശ്യപ്പെടുന്നു. എന്നാൽ, ഇപ്പോൾ, അതേ പ്രകാശം, ദൈവത്തിന് മഹത്വം എന്റെ വലത്തു വശത്തായി വന്നു നിൽക്കുന്നു. അത് ഇപ്പോൾ എനിക്കും ഈ സ്ത്രീയ്ക്കും ഇടയിൽ സഞ്ചരിച്ചു കൊണ്ടിരിക്കുന്നു. ഇപ്പോൾ അവളുടെ ജീവിതം മൂടിവെയ്ക്കാനാകില്ല.

283 എന്റെ സഹോദരി, ഇപ്പോൾ നിങ്ങളുടെ മേലുള്ളത് നിങ്ങളെ വേദനിപ്പിക്കുന്നില്ല. [ആ സഹോദരി കരയാൻ തുടങ്ങുന്നു—Ed.] അത്

നിങ്ങളെ സഹായിക്കാനായിട്ടാണ്. അതാണ് മാനസാന്തരത്തിനുള്ള ഏക മാർഗ്ഗം ["അതെ. കർത്താവിന് മഹത്വം."] നിങ്ങൾ—നിങ്ങൾ ഇവിടെ ആയിരിക്കുന്നത്...

284 ഇല്ല, നിങ്ങൾ ഈ പട്ടണത്തിലല്ല താമസിക്കുന്നത്. നിങ്ങൾ താമസിക്കുന്നത് ന്യൂ അൽബേനിയിലാണ്. [ആ സഹോദരി "അതെ" എന്നു പറയുന്നു.] നിങ്ങൾ താമസിക്കുന്നത് ന്യൂ അൽബേനിയിലാണ്. ["ദൈവത്തിന് മഹത്വം"] അതുമാത്രമല്ല നിങ്ങൾ—നിങ്ങൾ ഒരു ഡോക്ടറുടെ പരിചരണയിലാണ്. ആ ഡോക്ടർ നിങ്ങളോട് ഇങ്ങനെ പറഞ്ഞു, നിങ്ങളുടെ തൊണ്ടയിൽ ഏതോ വിധത്തിൽപ്പെട്ട ചിലതുണ്ട്...അത് ഒരു നിങ്ങളുടെ തൊണ്ടയിൽ ശ്വാസകോശത്തിലുണ്ടാകുന്ന വീക്കത്തിന്റെ അവസ്ഥയിലാണ് ["ആ സഹോദരി കരയുന്നു."] അയാൾ നിങ്ങളോട് പറഞ്ഞത്, അദ്ദേഹം നിങ്ങളോട് ഈ രാജ്യം വിട്ടുപോകാൻ നിർദ്ദേശിച്ചു ["ആ സഹോദരി കരയുന്നു,"] ഇവിടം വിട്ടു പോകുക, അതു മാത്രമാണ് നിങ്ങൾക്കു സൗഖ്യം പ്രാപിക്കാനുള്ള ഏക വഴി. ["അതെ, അതു ശരിയാണ്".] കർത്താവിന് ഇതിനെ സൗഖ്യമാക്കാനാകും എന്നു നിങ്ങൾ വിശ്വസിക്കുന്നുണ്ടോ? ["അതെ, ദൈവത്തിന് മഹത്വം."]

നമുക്ക് നമ്മുടെ തലകളെ വണക്കാം.

285 ഞങ്ങളുടെ സ്വർഗ്ഗീയ പിതാവെ, പരിശുദ്ധാത്മാവിന്റെ അഭിഷേകം ഉള്ളപ്പോൾ, ഈ സ്ത്രീയുടെ മേൽ കൈകളെ വെച്ചുകൊണ്ട്, നീ കാൽവരിയിൽവെച്ച് അവളെ സൗഖ്യമാക്കിയിരിക്കുകയാൽ, ഈ പ്രയാസത്തെ കുറ്റം വിധിച്ചുംകൊണ്ട്, അവളെ സ്വതന്ത്രയായി അയക്കേണമെന്നു ചോദിക്കുന്നു. യേശുക്രിസ്തുവിന്റെ നാമത്തിൽ ഞാൻ പ്രാർത്ഥിക്കുന്നു. ആമേൻ.

286 [ആ സഹോദരി ബ്രദർ ബ്രൺഹാം പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ മുഴുവൻ സമയവും കരഞ്ഞുകൊണ്ടിരിക്കുന്നു, എന്നിട്ട് പറയുന്നു, "കർത്താവേ നന്ദി."—Ed.]

287 സമാധാനമായി പോകൂ എന്റെ സഹോദരി, ദൈവം നിങ്ങളെ അനുഗ്രഹിക്കുകയും അവൻ നിങ്ങളോടൊപ്പം ഇരിക്കുകയും ചെയ്യട്ടെ എന്നാണ് എന്റെ പ്രാർത്ഥന. ["ആ സഹോദരി തുടർന്നും കരഞ്ഞു കൊണ്ടിരിക്കുകയും തന്റെ ഇരിപ്പിടത്തിലേക്ക് മടങ്ങിപ്പോകുകയും ചെയ്യുന്നു"—Ed.]

288 ഇപ്പോൾ, കർത്താവ് നിങ്ങളെ അനുഗ്രഹിക്കാൻ ഇടവരട്ടെ! ഇപ്പോൾ വളരെ വിനയത്തോടിരിക്കുക. ശ്രദ്ധയോടിരിക്കുക, ദൈവത്തിൽ വിശ്വാസമുള്ളവരായിരിക്കുക. സംശയിക്കരുത്.

289 മഹിളേ, നിങ്ങൾ ഇവിടേക്ക് നോക്കണമെന്നു ഞാൻ ആവശ്യപ്പെടുന്നു. ഇപ്പോൾ, ഇവിടെ ഉള്ളവൻ...നാം അവന്റെ സാന്നിദ്ധ്യത്തിലാണ്, അവൻ എല്ലാം അറിയുകയും, നിങ്ങളെ ആരംഭം മുതൽക്കു തന്നെ അവന് അറിയാം. നിങ്ങൾ ആഹാരം കഴിച്ച ഓരോ നിമിഷത്തും അവനാണ് നിങ്ങളെ കഴിപ്പിച്ചത്. അവന് നിങ്ങളെക്കുറിച്ച് മുഴുവനായും അറിയാം. എനിക്ക് നിങ്ങളെ അറിയില്ലെന്നിരിക്കാം. എന്നാൽ ദൈവം നിങ്ങളെ അറിയുന്നു. അവൻ നിങ്ങൾ ആരാണെന്നും, നിങ്ങൾ എവിടെ നിന്നാണെന്നും, നിങ്ങളെ മുഴുവനായും, നിങ്ങളുടെ ജീവിതത്തിലുടനീളം നിങ്ങൾ എന്ത് ചെയ്തെന്നും അറിയാം. അവന് മാത്രമാണ് നിങ്ങളെ സൗഖ്യമാക്കാനാകുന്നത് അഥവാ നിങ്ങൾ എന്താണ് ആശിക്കുന്നത് അത് ചെയ്യാനാകുന്നത്. അത് എന്താണെന്ന് എനിക്കറിയില്ല എന്ന് നിങ്ങൾക്കറിയാം. ദൈവത്തിന് മാത്രമേ അത് എനിക്ക് വെളിപ്പെടുത്തിത്തരാനാകൂ. [ആ സഹോദരി പറയുന്നു, “അതു ശരിയാണ്.”—Ed.] അത് ശരിയല്ലേ? അത് വാസ്തവമാണെങ്കിൽ നിങ്ങളെ കൈ ഉയർത്തിക്കാണിക്കൂ. [“അത് വാസ്തവമാണ്.”] ശരി, ഒരു നിമിഷം നിങ്ങൾ ഈ രീതിയിൽ നോക്കൂ.

290 [ബ്രദർ ബ്രൺഹാം നിർത്തി വെച്ചിരിക്കുന്നു.—Ed.] ഒരു നിമിഷം. ഇപ്പോൾ എല്ലാവരും വിനയത്തോടിരിക്കുക.

291 ഇവിടെ കർത്താവിന്റെ ദൂതൻ *ഇവിടെതന്നെ* നിൽക്കുന്നു... അത് ഇവിടിരിക്കുന്ന ഒരു ചെറിയ കുഞ്ഞിന്റെമേലാണ്. ഈ ചെറിയ കുട്ടി തന്നെ സ്നേഹിക്കുന്നവരുമായിട്ടാണ് ഇവിടെ ആയിരിക്കുന്നത്. അവളുടെ തൊണ്ടയിൽ ഏതോ വിധത്തിൽപ്പെട്ട ഒരു പ്രയാസമുണ്ടായിട്ട് അവൾ കഷ്ടപ്പെടുകയാണ്. അത് ഒരു ടോൺസിൽസിന്റെ അവസ്ഥയിലാണ്. അത് ശരിയാണ്, അത് അങ്ങനെയല്ലേ സർ? നിങ്ങളുടെ കൈ അവളുടെ മേൽ വെച്ചാലും.

കർത്താവായ ദൈവമേ, യേശുക്രിസ്തുവിന്റെ നാമത്തിൽ, സാത്താനെ തുറന്നു കാട്ടേണമെ.

292 ആ പെൺകുട്ടിയെ പിടിച്ചിരിക്കുന്ന സാത്താനെ ഞാൻ ശാസിക്കുന്നു. യേശുക്രിസ്തുവിന്റെ നാമത്തിൽ അവളിൽ നിന്നും പുറത്തു വരിക. ആമേൻ.

293 സഹോദരാ, ഈ കുട്ടിയെ ഇവിടെ കൊണ്ടുവരാനായി നിങ്ങൾക്ക് വളരെ യാത്ര ചെയ്യേണ്ടി വന്നു. എന്നാൽ വിഷമിക്കേണ്ട, നിങ്ങൾ ഇപ്പോൾ ഇവളെ സൗഖ്യമുള്ളവളായി വീട്ടിലേക്ക് കൂട്ടിക്കൊണ്ടുപോകാൻ പോകുന്നു. നിങ്ങളുടെ വിശ്വാസം നിങ്ങളെ രക്ഷിച്ചിരിക്കുന്നു.

ദൈവത്തിൽ വിശ്വാസമുള്ളവരായിരിക്കുക. [ബ്രദർ ബ്രൺഹാം നിർത്തിയിരിക്കുന്നു.—Ed.]

294 നിങ്ങളും ജെഫെർസെൺവില്ലെയിൽ നിന്നല്ല. നിങ്ങൾ ജെഫെർസൺവില്ലെയിൽ നിന്നും വളരെ ദൂരെയാണ്. ആ സഹോദരി പറയുന്നു, ["അതു ശരിയാണ്."—Ed.] നിങ്ങൾ ഇവിടേക്ക് വരുമ്പോൾ നിങ്ങൾ കിഴക്കു നിന്നും പടിഞ്ഞാറേക്കാണ് സഞ്ചരിച്ചത്. ["ഞാൻ വന്നത് എഡിൻബർഗ്ഗിൽ നിന്നാണ്."] നിങ്ങൾ ഒരു കോൺക്രീറ്റ് റോഡിലൂടെയാണ് വന്നത്. അതിനു ചുറ്റുമായി സർക്കാരുമായി ബന്ധപ്പെട്ട ഒരു ചില കാര്യമുണ്ട്. അത് ഇൻഡ്യാനയിലെ എഡിൻബെർഗ്ഗാണ്. ["അത് ശരിയാണ്."] ഞാൻ കാണുന്നത് നിങ്ങളുടെ പേർ ഡെൻറോൻ എന്നാണ്. ["അതു ശരിയാണ്."] നിങ്ങളുടെ പേർ ഡെൻറോൻ ["കർത്താവിന് മഹത്വം."] നിങ്ങൾ ഹൃദയസംബന്ധമായി രോഗത്താൽ കഷ്ടപ്പെടുന്നു. ["അതെ."] മടങ്ങി വീട്ടിലേക്ക് പോയി, സൗഖ്യമാകുക. കർത്താവായ യേശുവിന്റെ നാമത്തിൽ നിങ്ങളുടെ വിശ്വാസം നിങ്ങളെ സൗഖ്യമാക്കിയിരിക്കുന്നു. നിങ്ങൾ കടന്നു പോയി, സൗഖ്യം പ്രാപിച്ചുകൊള്ളുക. ആമേൻ. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ ["കർത്താവിന് മഹത്വം."]

295 ദൈവത്തിൽ വിശ്വാസമുണ്ടായിരിക്കുക. നിങ്ങളുടെ മുഴു ഹൃദയത്തോടും കൂടെ വിശ്വസിക്കുക. ഇപ്പോൾ വിശ്വാസമുള്ള ജനങ്ങളോടാണ്! സംശയിക്കരുത്. ഇപ്പോൾ വിശ്വസിക്കുക മാത്രം ചെയ്യുക. നിങ്ങൾ അവനെ വിശ്വസിക്കുന്നോ? [കൂട്ടായ്മ "ആമേൻ" പറയുന്നു.—Ed.] ഓ, എന്റെ ഇത്, ഞാനല്ല; അവനാണ്, അവൻ ഉയിർത്തെഴുന്നേറ്റ യേശുവാണ്. അവനാണ് ഇവിടെയായികൊണ്ട് പ്രവർത്തിക്കുന്നത്. അവൻ ചെയ്തിരുന്ന അതേ കാര്യങ്ങളാണ് അവൻ ചെയ്യുന്നത്, അത് ശരിയാണ്, അവൻ ചെയ്തിരുന്ന അതേ കാര്യങ്ങൾ.

296 ഇപ്പോൾ, മഹിളെ നിങ്ങളും ഞാനും ഇന്നു രാവിലെ നേരം യോഗത്തിലാണ് കണ്ടുമുട്ടിയത്. ദൈവം നമ്മെ രണ്ടാളേയും അറിയുന്നു. എനിക്ക് നിങ്ങളെക്കുറിച്ച് യാതൊന്നും അറിയില്ല. നിങ്ങൾക്ക് അതിനെപ്പറ്റി അറിയാം. എന്നാൽ ദൈവം നിങ്ങളെ അറിയുന്നു. അവന് എന്നെ അറിയാം. അവന്റെ ആത്മാവ് നമ്മുടെ രണ്ടാളിന്റെയും ഇടയിലാകുന്നു.

297 ഈ കൂടാരത്തിലുള്ളവർ അറിയേണ്ടതിന് ഞാൻ നിങ്ങളോട് ചിലത് ചോദിക്കട്ടെ. നിങ്ങൾ ഇപ്പോൾ അനുഭവിക്കുന്നതു പോലെ ജീവിത്തിൽ ഒരിക്കൽപ്പോലും അനുഭവിച്ചിട്ടില്ല, അത് ശരിയാണ്,

എന്തെന്നാൽ നിങ്ങൾ സർവ്വവ്യാപിയായ ജീവനുള്ളവന്റെ സന്നിധിയിലാകുന്നു. നിങ്ങൾ ആ പ്രകാശത്തിന്റെ ചിത്രത്തെ എപ്പോഴെങ്കിലും കണ്ടിട്ടുണ്ടോ? അതാണ് നിങ്ങളെ ഈ രീതിയിൽ കൃത്യമായും അനുഭവിപ്പിക്കുന്നത്. ആ സമയം ഞാൻ മറ്റൊരു ലോകത്താണ് ജീവിക്കുന്നത്. എന്തോ ചിലത് എന്റെ മുന്നിൽ നിന്നുകൊണ്ട് നിങ്ങളിൽ നിന്നും എടുത്തു കാണിക്കുന്നതായി ഞാൻ കാണുന്നു. അത് മൃദുവായതും, സ്നേഹത്തോടു കൂടിയതും, വിനയത്തോടു ആയിട്ടുള്ളതാണ് എന്ന് നിങ്ങൾക്ക് അനുഭവപ്പെടുന്നു. അത് മരണത്തിൽ നിന്നും ഉയിർത്തെഴുന്നേറ്റ യേശുവാണ്. അവൻ ദൈവമായി, ആത്മാവിൽ ജീവിക്കുന്നവനായി മടങ്ങിവന്നു. ഇപ്പോൾ അവൻ നമ്മോടൊപ്പമാകുന്നു. ലോകത്തിന്റെ അവസാനം വരെ അവൻ എല്ലാ നാളും നമ്മോടൊപ്പമായിരിക്കും.

298 നിങ്ങൾ ഒരു ക്രിസ്ത്യാനിയാണ്. നിങ്ങൾ ഒരു വിശ്വാസിയാണ്. ആ സഹോദരി പറയുന്നു, ["അതു ശരിയാണ്."] നിങ്ങൾ ഇവിടെ നിൽക്കുന്നത് നിങ്ങൾക്ക് വേണ്ടിയല്ല. നിങ്ങൾ ഇവിടെ നിൽക്കുന്നത് ഒരു പുരുഷനു വേണ്ടിയാണ്, അത് നിങ്ങളുടെ ഭർത്താവാണ്. ആ മനുഷ്യനിൽ ഒരു ഭിന്നിപ്പുണ്ട്. മറ്റൊരു കാര്യം ഞാൻ കാണുന്നത് അയാൾ ഇപ്പോൾ ബാറിൽ മദ്യപിച്ചുകൊണ്ടിരിക്കുകയാണ്. അയാൾ ഒരു മദ്യപാനിയാണ്. അയാൾ, അയാൾ മദ്യപിക്കും. നിങ്ങൾ ആ മനുഷ്യന്റെ രക്ഷക്കായിട്ടാണ് ഇവിടെ വന്നിരിക്കുന്നത്. അത് ശരിയല്ലേ? ഇപ്പോൾ, ഈ വക കാര്യങ്ങളെല്ലാം മനുഷ്യ ചിന്തയ്ക്കപ്പുറമായ കാര്യങ്ങളാണെന്ന് നിങ്ങൾക്കറിയാമല്ലോ മഹിളേ. അതെല്ലാം ശരിയല്ലേ? ["അത് ശരിയാണ്."] അത് ദൈവത്തിന് വെളിപ്പെടുത്തേണ്ടതായിട്ടുണ്ട്. അതിനാൽ നിങ്ങൾ ഇപ്പോൾ ഇത് വിശ്വസിക്കുന്നോ? ["ഞാൻ വിശ്വസിക്കുന്നു."]

299 യേശുവിനെ മരിച്ചവരിൽ നിന്നും ഉയിർപ്പിച്ച, സർവ്വശക്തിയുള്ള ദൈവമേ, ഇന്നു ഞങ്ങൾ ഉയിർപ്പിന്റെ അനുഗ്രഹങ്ങളാൽ ആനന്ദിക്കുകയാണ്. അങ്ങയുടെ കൈവേലയായ, ഇവൾ ആഗ്രഹിക്കുന്നത് ഇവൾക്കുണ്ടാകാനായി, ഞാൻ ഇതിനെ അനുഗ്രഹിക്കുന്നു. ഞാൻ യേശുവിൻ നാമത്തിൽ പ്രാർത്ഥിക്കുന്നു. ആമേൻ.

300 ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ എന്റെ സഹോദരി. പോകൂ, നിങ്ങൾ എന്താണോ ആഗ്രഹിച്ചത് അതു സ്വീകരിച്ചുകൊള്ളുക. ദൈവം അതു അനുവദിച്ചിരിക്കുന്നു.

നിങ്ങൾ വിശ്വസിക്കുന്നോ? [കൂട്ടായ്മ "ആമേൻ" പറയുന്നു.—Ed.]

301 ശരി, സർ, എന്നെ നോക്കൂ. എന്നെ നോക്കൂ എന്നു ഞാൻ അർത്ഥമാക്കുമ്പോ...സുന്ദരം എന്ന ഗോപുരത്തിൻറെ മുന്നിലൂടെ പത്രൊസും യോഹന്നാനും കടന്നു പോകുമ്പോൾ അവർ ഇങ്ങനെ പറഞ്ഞു, “ഞങ്ങളെ നോക്കൂ,” എന്ന വിധത്തിലാണ് ഞാൻ അർത്ഥമാക്കിയത്. നാം ഒരാൾക്ക് മറ്റെയാൾ അപരിചിതരാണെന്നാണ് ഞാൻ ഊഹിക്കുന്നു. നാം ഒരാൾ മറ്റെയാളിന് അപരിചിതരാണ്, എന്തെന്നാൽ നാം ആദ്യമായിട്ടാണ് ഒരാൾ മറ്റെയാളിനെ കാണുന്നത്. എന്നെങ്കിലുമായി, നാം തമ്മിൽ ഇത് ആദ്യമായിട്ടാണോ കണ്ടുമുട്ടുന്നത്? ആ സഹോദരൻ പറയുന്നു, [ആ സഹോദരൻ പറയുന്നു “അതെ.”—Ed.] എന്നാൽ തീർത്തും ഒരാൾ മറ്റെയാളിന് അപരിചിതർ തന്നെ. [“അത് ശരിയാണ്.”] ഞാൻ നിങ്ങളെ ഒരിക്കലും കണ്ടിട്ടില്ല, നിങ്ങളും എന്നെ ഇതിനു മുമ്പ് ഒരിക്കലും കണ്ടിട്ടില്ല. ഇവിടെ വെച്ചാണ് ജീവിതത്തിൽ ആദ്യമായി നാം രണ്ടുപേരും കണ്ടുമുട്ടുന്നത്. ദൈവം നമ്മെ രണ്ടാളേയും അറിയുന്നു, അവന് അറിയില്ലേ സർ? [“അവന് അറിയാം.”] അവൻ തീർത്തും അറിയുന്നു. ഇപ്പോൾ നിങ്ങളെക്കുറിച്ച് എന്തെങ്കിലും ഉണ്ടെങ്കിൽ...

302 [ബ്രദർ ബ്രൺഹാം നിർത്തുന്നു.] ഇപ്പോൾ എന്തോ സംഭവിച്ചു. ഇപ്പോൾ, എല്ലാവരും വിനയത്തോടെയായിരിക്കുക. [ബ്രദർ ബ്രൺഹാം നിർത്തുന്നു.]

303 ഇവിടെ പിന്നിലായി ഒരു മഹിള, *ഇവിടെ* നേരെ പിന്നിലായി പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയാണ്. അവൾ മലബന്ധത്താൽ പ്രയാസപ്പെടുന്നു. ഒരു നിമിഷം എഴുന്നേൽക്കു മഹിളെ. അത് സത്യമാണ്, അങ്ങനെയല്ലേ? ആ സഹോദരി പറയുന്നു, [“അതെ.”] അതുമാത്രമല്ല നിങ്ങളുടെ ഹൃദയത്തിനു ചുറ്റിലും വേഗത്തിൽ ഇടിച്ചുകൊണ്ടിരിക്കുന്ന ഒരു തുടിപ്പുമുണ്ട്. അത് മറ്റൊന്നുമല്ല എന്നാൽ മലബന്ധം തന്നെ, എന്തെന്നാൽ നിങ്ങൾ ക്ഷീണിതയും സ്ഥബ്ദയുമാണ്. എന്നാൽ നിങ്ങൾ സൗഖ്യത്തോടെ ഭവനത്തിലേക്ക് പോകുകയാണ്. [“നിനക്ക് നന്ദി യേശുവെ.”] അവിടെ നിങ്ങളുടെ ഇരുട്ടായ വശത്ത് ആ പ്രകാശം ചുറ്റിത്തിരിയുന്നതായി ഞാൻ കാണുന്നു. [“നിനക്ക് നന്ദി യേശുവെ.”] പ്രിയേ ഭയപ്പെടരുത്.

304 നോക്കൂ, നിങ്ങൾക്ക് ഒരു പ്രാർത്ഥന കാർഡിന്റെ ആവശ്യമില്ല. നിങ്ങൾക്ക് വേണ്ട ഏക കാര്യമെന്നത് വിശ്വാസമാണ്. ദൈവത്തിൽ വിശ്വാസം മാത്രം ഉണ്ടായിരിക്കുക.

305 [ഈ സഹോദരി, “യേശുവെ, നിനക്കു നന്ദി കർത്താവെ” എന്നു പറയുന്നു.] ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ മഹിളെ. [“നിനക്കു

നന്ദി യേശുവെ.”] നിങ്ങളുടെ മുഴു ഹൃദയത്തോടും കൂടെ വിശ്വസിക്കുക. [“നിനക്കു നന്ദി യേശുവെ.”]

306 ഇപ്പോൾ *ഈ* ഭാഗത്തു കൂടി, പിശാചിന്റെ ആത്മാവ് നീങ്ങാൻ തുടങ്ങിയിരിക്കുന്നു. എന്തോ ചിലത് വിളിച്ചു കൊണ്ടിരിക്കുന്നു. പ്രാർത്ഥന ചെയ്തുകഴിഞ്ഞിരിക്കുന്നു. കറുത്ത ഒരു ആത്മാവ് ഒരു സ്ത്രീയിൽ നിന്ന് ഒരു പുരുഷനിലേക്ക് പോകുന്നതായി ഞാൻ കാണുന്നു. അത് ഒരു തെറ്റായ കാര്യമാണ്, അത് വാരിയെല്ലിന് തൊട്ടു കീഴിലായിട്ടാണ്. ഞാൻ ഒരു പരീക്ഷണത്തെ കാണുന്നു. ഓ, അത് *ഇവിടെത്തന്നെ* ഇരുന്നു, കരഞ്ഞു കൊണ്ട് തന്റെ കണ്ണുനീർതുടക്കുന്ന ആ സഹോദരനാണ്. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ സഹോദരാ. വിശ്വാസമുണ്ടായിരിക്കുക! നിങ്ങൾ എന്നെ ദൈവത്തിന്റെ പ്രവാചകൻ എന്നു വിശ്വസിക്കുന്നോ? നിങ്ങൾ എന്നെ അതേ രീതിയിൽ സ്വീകരിക്കുന്നോ? ആ ചെറിയ വട്ടത്തിലുള്ള തൊപ്പിയും തലയിൽ വെച്ചുകൊണ്ട്, ആ വരിയുടെ ഏറ്റവും അവസാനത്തായിരിക്കുന്ന ആ മഹിളയ്ക്കും ഇതേ വിഷയം തന്നെയാണ്. അവിടെ ഒരു കറുത്ത ചരടുപോലെയാണ്. അവളുടെ കൈ ഉയർന്നിരിക്കുന്നു, ഈ മഹിളയുടെ നേരേ തലയിലൂടെ നോക്കുമ്പോൾ ഇരിക്കുന്ന ആ മഹിളയാണ്. അതാണ് മഹിളെ. അത് ശരിയാണ്. ഇവിടെ ഇതാ ഒന്നിൽ നിന്നും മറ്റൊന്നിലേക്ക് വരുന്നു. അത് ദുഷ്ടശക്തികൾ കറുത്ത വരകളിട്ട് വലിക്കുന്നതാണ്. നിങ്ങളുടെ വിഷമം ഇവിടെ ഈ വശത്ത് കീഴിലായിട്ടാണ്. അത് ഒരു പിത്താശയസഞ്ചി വീക്കമാണ്. അവിടെ ഇരിക്കുന്ന മഹിളയ്ക്കും അതുണ്ട്. നിങ്ങൾ രണ്ടാളും സൗഖ്യമായിരിക്കുന്നു. യേശുക്രിസ്തു നിങ്ങളെ സൗഖ്യമാക്കിയിരിക്കുന്നു. ആ ദുഷ്ടശക്തികൾ നിങ്ങളെ വിട്ടുപോകും, നിങ്ങൾ സൗഖ്യം പ്രാപിക്കാൻ പോകുകയാണ്. ആമേൻ.

307 [ബ്രദർ ബ്രൺഹാം നിർത്തിവെച്ചിരിക്കുന്നു.—Ed.] വിശ്വാസമുണ്ടായിരിക്കുക! [ബ്രദർ ബ്രൺഹാം വീണ്ടും നിർത്തിവെച്ചിരിക്കുന്നു, സഭ മുഴുവനും ഉച്ചത്തിൽ പ്രാർത്ഥിക്കുന്നു.—Ed.] ഇപ്പോൾ ഒരു നിമിഷം. ഇപ്പോൾ പരിശുദ്ധാത്മാവ് ശ്രോതാക്കളുടെ ഇടയിൽ അവിടെയുള്ള ജനങ്ങളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്.

308 തന്റെ കൈകൾ ഉയർത്തിയിരിക്കുന്ന സ്ത്രീയുടെ തൊട്ടടുത്തായി ഇരിക്കുന്ന സ്ത്രീയിൽ, അവളുടെ പരീക്ഷ ഞാൻ ഇപ്പോൾ കാണുന്നു. ആ മഹിളയുടെ കുടൽവ്യൂഹത്തിൽ എന്തോ കുഴപ്പമുള്ളതായി ഞാൻ കാണുന്നു. അത് ശരിയാണ് മഹിളെ. ദൈവത്തിന് നിങ്ങളെ സൗഖ്യമാക്കാനാകും എന്നു നിങ്ങൾ വിശ്വസിക്കുന്നോ മഹിളേ? നിങ്ങളുടെ കുടലിൽ പ്രശ്നമുണ്ടോ? അത് ശരിയാണ്. നിങ്ങൾ

നിങ്ങളുടെ കൈ ഉയർത്തിയാലും. നിങ്ങളുടെ സൗഖ്യദായകനായി യേശുവിനെ ഈ നിമിഷം നിങ്ങൾ സ്വീകരിക്കുന്നോ? ദൈവ പുത്രനായ യേശുക്രിസ്തുവിന്റെ നാമത്തിൽ, അവൻ തന്നെ അറിയിച്ചുകൊണ്ട് ഇവിടെയാകുന്നു, യേശുക്രിസ്തുവിന്റെ നാമത്തിൽ നിങ്ങളുടെ സൗഖ്യം സ്വീകരിച്ചുകൊള്ളുക.

309 തന്റെ കയ്യുടെ ചുറ്റും എന്തോ ചിലതുള്ള ഒരു മഹിളയെ ഞാൻ ഇപ്പോൾ കാണുന്നു. ഓ അതു കാഴ്ചയിൽ...ഓ, അത് ആ മഹിളയുടെ തൊട്ടു പുറകിലിരിക്കുന്ന മഹിളയാണ്, അവിടെ നിന്നും രണ്ടാമതിരിക്കുന്ന മഹിള. തുടർച്ചയായ തലവേദന. എന്നെ നോക്കിക്കൊണ്ടിരിക്കുന്നു. ഒരല്പം തല നരച്ച മഹിളെ, അവിടെ ഇരിക്കുന്ന മഹിള, ദൈവം നിങ്ങളെ സൗഖ്യമാക്കും നിങ്ങൾ വിശ്വസിക്കുന്നോ? നിങ്ങളുടെ മുഴുഹൃദയത്തോടും കൂടെ നിങ്ങൾ വിശ്വസിക്കുന്നോ? [ആ സഹോദരി പറയുന്നു, "അതെ."—Ed.] അത് ശരിയാണ്. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. അതു നീങ്ങിപ്പോയിരിക്കുന്നു. ഇപ്പോൾ നിങ്ങൾക്കു വീട്ടിലേക്ക് പോകാം. അത് അപ്പോൾ തന്നെ നിങ്ങളെ വിട്ടുപോയി. അത് ശരിയാണെങ്കിൽ, നിങ്ങളുടെ കൈ ഉയർത്തിക്കാണിക്കു. അത് ശരിയാണെങ്കിൽ നിങ്ങളുടെ കൈ വീശി കാണിക്കു. അത് നിങ്ങളിൽ നിന്നും പോയിരിക്കുന്നു. നിങ്ങൾ സൗഖ്യമായിരിക്കുന്നു.

310 കടന്നു വരൂ, വിശ്വസിക്കു, ഓ, കർത്താവായ യേശുവിന്റെ നാമം വാഴ്ത്തപ്പെടുമാറാകട്ടെ! പരിശുദ്ധാത്മാവ് വരിയിൽ നീങ്ങിക്കൊണ്ടിരിക്കുന്നു. ഓ, എത്ര അത്ഭുതം! നിങ്ങൾ അവനിൽ വിശ്വസിക്കുന്നോ? [കൂട്ടായ്മ ആനന്ദിക്കുന്നു—Ed.] അവൻ എന്താണ് ചെയ്തതെന്നു നോക്കു! ഈ അനുഭവം എന്താണെന്ന് എന്റെ സഭയോട് പറയാൻ എനിക്ക് കഴിഞ്ഞിരുന്നെങ്കിൽ, അത് മറ്റൊരു ലോകത്തിൽ എങ്ങനെയാണ്, നിങ്ങൾ കൂടാരത്തിലാണോ അല്ലയോ എന്ന് വാസ്തവമായും അത്ഭുതപ്പെട്ടും. വളരെ വിനയത്തോടെ, വളരെ വിനയത്തോടിരിക്കു.

311 വളരെ, വിദൂരത്തു നിന്നും ആരോ ഒരാൾ വരുന്നത് ഞാൻ കാണുന്നു. അത് ഒരു സ്ഥലത്തു നിന്നുമാണ് വന്നത്. അത് ഒരു പുരുഷനാണ്. അത് അനേകം മരങ്ങളുള്ള ഒരു രാജ്യമാണ്. അത് വെർജീനയാണ്. സന്ധിവീക്കത്താൽ പ്രയാസപ്പെടുന്നു. ദൈവം നിങ്ങളെ സൗഖ്യം ചെയ്തു ശരിയാക്കാനാകുമെന്നു നിങ്ങൾ വിശ്വസിക്കുന്നോ? നിങ്ങൾ അതു സ്വീകരിക്കുന്നോ? നിങ്ങൾ അങ്ങനെ ചെയ്യുമോ? നിങ്ങൾ വെർജീനിയയിൽ നിന്നും ഇവിടെ സന്ധിവീക്കത്തിൽ നിന്നും സൗഖ്യം പ്രാപിക്കാൻ വന്നതാണ്. അത് ശരിയല്ലേ? എല്ലാ വഴിയിലും...അതെ, സർ. ഇപ്പോൾ നിങ്ങൾ

സൗഖ്യമായിരിക്കുന്നു. നിങ്ങൾക്കു തിരികെപ്പോകാം. നിങ്ങളുടെ ഹൃദയ തകരാർ ശരിയായിരിക്കുന്നു. നിരയിൽ നിന്നും വെളിയിലേക്ക് വന്ന് തിരികെ പോകുക, നിങ്ങൾ ശരിയായിരിക്കുന്നു. ദൈവം നിങ്ങളെ ശരിയാക്കിയിരിക്കുന്നു. നിങ്ങളുടെ വിശ്വാസം നിങ്ങളെ രക്ഷിച്ചിരിക്കുന്നു.

312 കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുക! അവൻ മരിച്ചവരിൽ നിന്നും ഉയിർത്തെഴുന്നേറ്റു എന്നു നിങ്ങൾ വിശ്വസിക്കുന്നോ? [കൂട്ടായ്മ പറയുന്നു, "ആമേൻ."—Ed.] അവന്റെ ഉയിർപ്പിന്റെ മാറ്റമില്ലാത്ത തെളിവ്! [ബ്രദർ ബ്രൺഹാം നിർത്തിവെച്ചിരിക്കുന്നു.—Ed.] വിശ്വാസമുണ്ടായിരിക്കുക!

313 ഇപ്പോൾ, എന്നോട് ക്ഷമിക്കണം സർ. ഞാൻ ഇത്രയും നേരം നിങ്ങളെ നിർത്തിയതിന് ക്ഷമിക്കണം. ഞാൻ—എനിക്ക് ഇതിൽ ഒരു നിയന്ത്രണവും ഇല്ല. ഞാൻ അതിനെയല്ല—അതാണ് എന്നെ നിയന്ത്രിക്കുന്നത്. എന്നാൽ ഞാൻ ആരുടേയോ അടുത്താണെന്ന് ഞാൻ അറിയുന്നു, അത് ഒരു തല നരച്ച മനുഷ്യനാണ്. താങ്കൾ കണ്ണട ധരിച്ചിരിക്കുകയാണ് എന്ന് ഞാൻ അറിയുന്നു. അത്, അത് നിങ്ങളിൽ എന്തോ കുഴപ്പമുണ്ട്, അത് നിങ്ങളുടെ കണ്ണുകളിലാണ്. എന്നാൽ ദൈവത്തിന് നിങ്ങളെക്കുറിച്ച് എല്ലാമറിയാം, സർ. അത് ശരിയാണ്. നിങ്ങൾ ഇവിടെ ഒരു സൗഖ്യത്തിനായി...നിങ്ങൾ വളരെ മാനസീക പിരിമുറക്കത്തിലാണ്, വ്യാകുലത്താലാണ്. അത് സംഭവിച്ചത് ഒരു കമഴ്ന്നുള്ള വീഴ്ചയാലാണ്. നിങ്ങൾക്കു കമഴ്ന്നു വീഴുന്ന ഒരു പ്രശ്നവുമുണ്ട്. അത് ശരിയാണോ, നിങ്ങളുടെ കൈ ഉയർത്തു. നിങ്ങളുടെ ഹൃദയത്തിനും ഒരു രോഗമുണ്ട്. അത് ശരിയാണ്. നിങ്ങൾ ചെയ്യുക. നോക്കു, ഞാൻ നിങ്ങളെ കാണുന്നു...ഞാൻ എന്റെ ജീവിത്തിൽ ഇതുവരെയും നിങ്ങളെ കണ്ടിട്ടില്ല. എന്നാൽ നിങ്ങളുടെ ഇനിഷ്യൽ എ എന്നാണ്. എ.മില്ലർ. ശരി. നിങ്ങൾ മൗണ്ട് വാല്ലിയിൽ നിന്നാണ്. നിങ്ങൾ നിങ്ങളുടെ വീട്ടിലേക്ക് തിരികെ പോകുമ്പോൾ, സൗഖ്യമാകും. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. വീട്ടിലേക്ക് പോകു, സൗഖ്യമായിക്കൊള്ളുക.

314 ശ്രീമാൻ. മിൽസ്, അതു നിങ്ങൾക്കു വളരെ ലളിതമാണ്. ഇപ്പോൾ നിങ്ങൾ നിങ്ങളുടെ മുഴുഹൃദയത്തോടും കൂടെ വിശ്വസിച്ചുകൊണ്ടു പോകേണ്ടതായിട്ടുണ്ട്. എനിക്ക് നിങ്ങളെ അറിയില്ല, ഞാൻ നിങ്ങൾക്ക് അപരിചിതനാണ്, എന്നാൽ ദൈവം അറിയുന്നു. അത് ശരിയല്ലേ? എല്ലാം ശരിയാകും എന്ന അനുഭവം ഇപ്പോൾ നിങ്ങൾക്കുണ്ടാകുന്നില്ലേ? ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. വീട്ടിലേക്ക് പോകു, സൗഖ്യമാകുക.

നിങ്ങളിൽ ഓരോരുത്തരും!

315 ദൈവത്തിന് ഹൃദയ വീക്കം എന്നാൽ എന്താണ്? അവന് അതിനെ ഏതു നേരത്തും ശരിയാക്കാനാകും. അവൻ നിങ്ങളെ മടക്കി, ഒരു സൗഖ്യമുള്ള സ്ത്രീയാക്കി, ക്യംബർസ്സെൽഗിലേക്ക് അയക്കാനാകും, അത് എവിടെ ആയിരുന്നാലും. നിങ്ങൾ അത് വിശ്വസിക്കുന്നോ? എനിക്ക് നിങ്ങളെ അറിയില്ല. എന്റെ ജീവിതത്തിൽ ഒരിക്കലും ഞാൻ നിങ്ങളെ കണ്ടിട്ടില്ല. ഞാൻ നിങ്ങൾക്കു ഒരു അപരിചിതനാണ്. എന്നാൽ അവൻ നിങ്ങളെ അറിയുന്നു, നിങ്ങൾ ആരാണ്, നിങ്ങൾ എവിടെ നിന്നാണ്. അത് ശരിയല്ലേ? ശരി, ഈ സമയം എന്റെ മേലുള്ള ഈ അഭിഷേകത്തിന്, നിങ്ങളെക്കുറിച്ചുള്ളതെല്ലാം അറിയാമെന്നു നിങ്ങൾ വിശ്വസിക്കുന്നോ? (ഞാൻ ഇതിനു മുമ്പ് ഒരിക്കലും നിങ്ങളെ കണ്ടിട്ടില്ല.), ഞാൻ നിങ്ങളുടെ മേൽ കൈ വെച്ചാൽ, നിങ്ങൾ സൗഖ്യമുണ്ടാകുമോ? [ആ സഹോദരി പറയുന്നു, "അതെ."—Ed.]

316 യേശുക്രിസ്തുവിന്റെ നാമത്തിൽ, ഞാൻ ആ പിശാചിനെ ശാസിക്കുന്നു. സാത്താനെ നീ തുറന്നു കാട്ടപ്പെട്ടിരിക്കുന്നു. നീ ഈ ജനങ്ങളെ കുണ്ടും കുഴിയിലും കൂടെ വളരെ ദൂരം വലിച്ചിഴച്ചിരിക്കുന്നു. യേശുക്രിസ്തുവിന്റെ നാമത്തിൽ ഈ സ്ത്രീയിൽ നിന്നും പുറത്തു വാ. ആമേൻ.

സന്തോഷത്തോടെ നിങ്ങൾ പോകുക.

317 നിങ്ങളുടെ വിഷമം നിങ്ങളുടെ പുറകിലായിട്ടാണ്, എന്നാൽ ദൈവത്തിന് നിങ്ങളെ സൗഖ്യമാക്കാനാകും. അവൻ അത് കഴിയില്ലേ? നിങ്ങളെ സൗഖ്യമാക്കാനാകും! അവൻ അതു ചെയ്തു കഴിഞ്ഞെന്നു നിങ്ങൾ വിശ്വസിക്കുന്നോ? നിങ്ങളുടെ മുഴു ഹൃദയത്തോടും കൂടെ നിങ്ങൾക്ക് വിശ്വസിക്കാനായാൽ! ദൈവ പുത്രനായ യേശുക്രിസ്തുവിന്റെ നാമത്തിൽ, ഞാൻ ഈ രോഗത്തെ ശാസിക്കുന്നു. നിങ്ങൾ കടന്നു ചെന്നു സൗഖ്യമാകുക. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. നിങ്ങളുടെ മുഴു ഹൃദയത്തോടും കൂടെ വിശ്വസിച്ചുകൊണ്ടു പോകുക.

318 വരൂ, നിങ്ങൾ വിശ്വസിക്കില്ലേ. നിങ്ങളുടെ മുഴു ഹൃദയത്തോടും, ഇപ്പോൾ, നിങ്ങൾ വിശ്വസിക്കുന്നോ? [ആ സഹോദരി പറയുന്നു, "അതെ."—Ed.] ഞാൻ നിങ്ങൾക്ക് അപരിചിതനാണ്. എനിക്ക് നിങ്ങളെ അറിയില്ല, നിങ്ങളെപ്പറ്റി യാതൊന്നും അറിയില്ല. എന്റെ ഏറ്റവും നല്ല അറിവിനാൽ, ഞാൻ എന്റെ ജീവിതത്തിൽ ഒരിക്കലും നിങ്ങളെ കണ്ടിട്ടില്ല. എന്നാൽ സർവ്വശക്തനായ ദൈവം നിങ്ങളെ അറിയുന്നു. അവന് അറിയില്ലേ? അവന് നിങ്ങളെക്കുറിച്ച് എല്ലാം

അറിയാം. അവന് നിങ്ങൾ ആരാണെന്ന് അറിയാം, സകലതും അറിയുന്നു. എനിക്ക് അത് അറിയാനുള്ള ഒരു മാർഗ്ഗവുമില്ല, എന്നാൽ അവൻ അറിയുന്നു. എന്നാൽ നിങ്ങൾ നിങ്ങളുടെ സഹോദരന്റെ അടുക്കലല്ല, മറിച്ച് ആ സ്ത്രീയെ നോക്കി അവളുടെ കുഴപ്പമെന്താണെന്ന് പറഞ്ഞവന്റെ സന്നിധിയിലാണ് നിൽക്കുന്നതെന്ന് അറിയുന്നോ? ["അതെ".] നിങ്ങളുടെയും എന്റെയും ഇടയിലായി ഒരു മേശ വരുന്നതായി കാണുന്നു, നിങ്ങൾ അതിൽ നിന്നും പിന്നിലേക്ക് പോയിരിക്കുന്നു. നിങ്ങൾക്ക് കുടലിൽ പ്രശ്നമുണ്ട്. അത് സംഭവിച്ചത് കുടലിൽ ഒരു പെപ്റ്റിക് അൾസർ ഉണ്ടായതിനാലാണ്. ഇപ്പോൾ നിങ്ങൾ ചെന്ന് നിങ്ങളുടെ അത്താഴം കഴിച്ചുകൊള്ളുക. യേശുക്രിസ്തു നിങ്ങളെ സൗഖ്യമാക്കിയിരിക്കുന്നു. നിങ്ങളുടെ മുഴു ഹൃദയത്തോടും കൂടെ വിശ്വസിച്ചും കൊണ്ടു പോകുക. ["കർത്താവിന് മഹത്വം, കർത്താവിന് മഹത്വം."—Ed.]

319 യവ്വനക്കാരനായ വ്യക്തി, വരൂ. നീ എന്നെ അവന്റെ പ്രവാചകനാണെന്ന് വിശ്വസിക്കുന്നോ? [ആ സഹോദരൻ പറയുന്നു, "ഞാൻ വിശ്വസിക്കുന്നു."—Ed.] നിങ്ങളുടെ മുഴു പ്രാണനിലും അതു സ്വീകരിക്കുമോ? ഞാൻ നിങ്ങൾക്ക് ഒരു അപരിചിതനാണ്, എന്നാൽ ദൈവം നിങ്ങളെ അറിയുന്നു. അത് ശരിയല്ലേ? ["അതെ, അതു ശരിയാണ്."] നിങ്ങൾ നിങ്ങളുടെ ഹൃദയരോഗത്തിൽ നിന്നും പുറത്തു വന്നു സൗഖ്യമാകാൻ ആശിക്കുന്നു. ["ഞാൻ ആശിക്കുന്നു."] ശരി. ആനന്ദിച്ചും കൊണ്ടു നിങ്ങൾ നിങ്ങളുടെ വഴിക്കു പോകുക ["ഹല്ലേലൂയാ."] നിങ്ങളുടെ വിശ്വാസം നിങ്ങളെ സൗഖ്യമാക്കിയിരിക്കുന്നു, നിങ്ങളെ സൗഖ്യമാക്കി, ശരിയാക്കിയിരിക്കുന്നു.

320 നിങ്ങൾ കടന്നു വരില്ലേ മഹിളേ? നിങ്ങൾക്കും വയറ്റിലാണ് പ്രയാസം. ആ വയറ്റിനു സുഖമില്ലാതിരുന്ന മഹിള കുറച്ചു നിമിഷങ്ങൾക്കു മുമ്പു സൗഖ്യം സ്വീകരിക്കുമ്പോൾ, നിങ്ങൾക്ക് നിങ്ങളുടെ മേൽ ഒരു അസാധാരണമായ ഒരു അനുഭവം ഉണ്ടായില്ലേ, അത് അങ്ങനെ ചെയ്തില്ലേ? നിങ്ങളും അതേ സമയം സൗഖ്യപ്പെട്ടു. നിങ്ങൾ നിങ്ങളുടെ വഴിയിൽ പോയ്ക്കോളു, പോകു പോയി അത്താഴം കഴിച്ചു സൗഖ്യമായിക്കൊള്ളൂ.

321 എനിക്ക് നിങ്ങളോട് ചിലത് പറയാനുണ്ട് എന്റെ സഹോദരാ. ദൈവം നിങ്ങളെ അറിയുന്നു. നിങ്ങളുടേയും എന്റെയും ഇടിയിൽ ഒരു കറുത്ത നിഴൽ നിൽക്കുന്നു. അത് മറ്റേതൊരു രോഗത്തെക്കാളും അധികം ജനങ്ങളെ കൊല്ലുന്നു. അത് ഒരു ഹൃദയസ്ഥംഭനമാണ്. നിങ്ങളുടെ ഹൃദയത്തിൽ ഒരു ചോർച്ചയുണ്ട്, നിങ്ങൾക്ക് ഇതിൽ നിന്നും രക്ഷപ്പെടാനാകില്ലെന്നാണ് അവർ നിങ്ങളോട് പറഞ്ഞത്.

എന്നാൽ നിങ്ങൾക്ക് കഴിയുമെന്നു ദൈവമറിയുന്നു. ഇപ്പോൾ തന്നെ ദൈവം നിങ്ങളെ സൗഖ്യപ്പെടുത്തും എന്നു നിങ്ങൾ വിശ്വസിക്കുമോ? [ആ സഹോദരൻ പറയുന്നു, "അതെ."—Ed.] യേശുക്രിസ്തുവിന്റെ നാമത്തിൽ നിങ്ങളുടെ സൗഖ്യത്തെ സ്വീകരിച്ചു കൊണ്ട് ഈ പ്രസംഗവേദിയിൽ നിന്നും ഇപ്പോൾ തന്നെ കടന്നു പോകുക. പോകൂ, ദൈവ മഹത്വത്തിനായി മഹത്വം കൊടുക്കൂ! ["എന്റെ കർത്താവെ, നിനക്ക് നന്ദി."]

322 അതേ കുഴപ്പം തന്നെ നിങ്ങളിലും. ഒരു ക്ഷീണിച്ച ഹൃദയമാണ്, അതാണ്, നിങ്ങളുടെ അവസ്ഥ. അത് ശരിയാണ്. ഇപ്പോൾ നിങ്ങൾക്കു സൗഖ്യം വന്നു എന്നു നിങ്ങൾ വിശ്വസിക്കുമോ? എന്നാൽ ദൈവത്തെ മഹത്വപ്പെടുത്തിക്കൊണ്ടും, ആനന്ദിച്ചുകൊണ്ടും വീട്ടിലേക്ക് തിരികെ പോകൂ.

323 മഹിളേ, ഇവിടേക്ക് നോക്കൂ, നിങ്ങൾ വിശ്വസിക്കുന്നോ? ഒരു നിമിഷം. [ബ്രദർ ബ്രൺഹാം നിർത്തിയിരിക്കുന്നു.—Ed.] നാം ഒരാൾ മറ്റെയാളിന് അപരിചിതരാണ്. നമുക്ക് അന്യോന്യം അറിയില്ല.

324 എന്നാൽ ഒരു ഭയാനക കുലുക്കം പ്രസംഗവേദിയിൽ നിന്നുമുണ്ടായി...അഥവാ ജനങ്ങളുടെ ഇടയിൽ നിന്നും ഈ മഹിള ഇവിടേയ്ക്കു നടന്നു വരുമ്പോൾ ഉണ്ടായി. ഓ, അത് എല്ലാം ശ്രോതാക്കളുടെ ഇടയിലുമുണ്ട്.

325 ഈ രീതിയിൽ നോക്കൂ, ഒരു നിമിഷം മാത്രം. ഞാൻ നിങ്ങളെ എന്റെ ജീവിതത്തിൽ ഒരിക്കലും കണ്ടിട്ടില്ലെന്നു, നിങ്ങൾക്കറിയാം, എനിക്ക് നിങ്ങളെപ്പറ്റി യാതൊന്നും അറിയില്ല. ദൈവത്തിന് മാത്രമേ നിങ്ങളെ അറിയൂ. എന്നാൽ, നിങ്ങൾ അസ്വസ്ഥയാണെന്ന് ഞാൻ അറിയുന്നു. അത് മനോബലമില്ലായ്മയാണ്. നിങ്ങൾക്ക് ഒരു മാനസിക ക്ഷതമുണ്ട്, നിങ്ങൾ സാധനങ്ങളെയെല്ലാം എല്ലാ സമയത്തും താഴേക്കിടുന്നു. നിങ്ങൾ പാത്രങ്ങളും മറ്റും താഴേക്കിടുന്നതായി ഞാൻ കാണുന്നു. നിങ്ങൾ ഇവിടേക്ക് വരുന്നതിനു മുമ്പ് ഒരു കസേരയ്ക്കടുത്ത് നിലത്തിരുന്നു കൊണ്ട് പ്രാർത്ഥിക്കുകയായിരുന്നു. നിങ്ങൾ ഇങ്ങനെ പ്രാർത്ഥിച്ചു ദൈവമേ ഞാൻ അവിടേക്ക് ചെല്ലുമ്പോൾ എന്റെ മേൽ കൈ വെച്ചാൽ എനിക്ക് സൗഖ്യമുണ്ടാകും. അത് സത്യമാണ്. അത് ശരിയല്ലേ? നിങ്ങളുടെ കൈ ഉയർത്തൂ. അതു ശരിതന്നെ.

അതൊരു ആത്മാവാകുന്നു. ആ കാര്യമാണ് ശ്രോതാക്കളുടെ മുകളിലായിരിക്കുന്നത്.

326 *അവിടെ* ഇരിക്കുന്നു, ആ ബൈബിൾ ടീച്ചറായ, ആ മഹിളയുടെമേലും ആ ആത്മാവുണ്ട്. പിശാച് നിങ്ങളോട്

കള്ളം പറയുകയാണ് മഹിളേ. നിങ്ങൾ സ്വതന്ത്ര്യം പ്രാപിക്കാൻ തയ്യാറായിരിക്കുന്നു.

327 അവിടേക്ക് നോക്കൂ, ഇവിടെ, എല്ലായിടത്തും, കെട്ടിടത്തിൽ എല്ലായിടത്തുമായിരിക്കുന്നു. മറ്റൊന്നു ഇവിടെ *ഇവിടെത്തന്നെ* ഇരിക്കുന്നു. അവിടെ ദൂരെയായി ഒരെണ്ണമുണ്ട്. *ഇവിടെ* ഒരെണ്ണമുണ്ട്. ഓ!

328 മാനസിക അസ്വാസ്ഥതയുള്ള എല്ലാവരും, ഒരു നിമിഷം, നിങ്ങൾ എഴുന്നേറ്റു നിന്നാലും. കഴിയുമെങ്കിൽ സ്വന്തമായി എഴുന്നേൽക്കുക.

ഇപ്പോൾ നിങ്ങൾ എല്ലാവരും തലകളെ വണക്കിയാലും.

329 ഓ, സാത്താനേ, അശുദ്ധാത്മാവെ! നീ തുറന്നു കാട്ടപ്പെട്ടുകഴിഞ്ഞു. ഈ ജനങ്ങളെ വിട്ടു പുറത്തു വാ. യേശുക്രിസ്തുവിന്റെ നാമത്തിൻ ഞാൻ നിന്നെ ശാസിക്കുന്നു. ഈ ജനങ്ങളെ വിട്ടു. പുറത്തു വാ.

330 മഹിളെ, ഇപ്പോൾ ഇവിടേക്ക് നോക്കൂ. ഒരു നിമിഷം. ഇപ്പോൾ നിങ്ങൾ സ്വതന്ത്രയാണ്. അത് മുഴുവനും നിന്നെ വിട്ടു പോയിരിക്കുന്നു. നിങ്ങൾക്കു എല്ലാവർക്കും സൗഖ്യം വന്നിരിക്കുന്നു. ആ തിന്മ നിങ്ങളെ വിട്ടുപോയിരിക്കുന്നു. ഇപ്പോൾ നിങ്ങൾക്ക് ശരിയായ സമാധാനം അനുഭവിക്കുന്നു. [ആ സഹോദരി പറയുന്നു, "അതെ."—Ed.] ഇപ്പോൾ നിങ്ങൾ തികച്ചും ശരിയായിരിക്കുന്നു. ഇപ്പോൾ നിങ്ങൾക്ക് ആനന്ദത്തോടും സന്തോഷത്തോടും കൂടെ ദൈവത്തിന് നന്ദി പറഞ്ഞുകൊണ്ട് വീട്ടിലേക്ക് മടങ്ങാം. ശരി.

331 വരൂ, സർ. നിങ്ങളും ഞാനും ഒരാൾ മറ്റെയാളിന് അപരിചിതരാണ്. നമ്മിൽ ഒരാളിന് മറ്റെയാളിനെ അറിയില്ല. എന്റെ ജീവിതത്തിൽ ഒരിക്കലും ഞാൻ നിങ്ങളെ കണ്ടിട്ടില്ല. ദൈവം നിങ്ങളെ അറിയുന്നു. [ബ്രദർ ബ്രൺഹാം നിർത്തിയിരിക്കുന്നു.—Ed.] ഇവിടേക്ക് നോക്കൂ സർ. എന്നെ ഒരു നിമിഷത്തേക്കു നോക്കൂ.

332 ഇപ്പോൾ, ശ്രോതാക്കളോടാണ്. ഇതാ ഒരു അപരിചിതൻ ഇവിടെയായിരിക്കുന്നു. ഞാൻ ഈ മനുഷ്യനെ ഒരിക്കലും കണ്ടിട്ടില്ല. എനിക്ക് അയാളെ അറിയില്ല, ഞാൻ ഒരിക്കലും അയാളെ കണ്ടിട്ടില്ല. അത് ദൈവത്തിന് അറിയാം. എന്റെ അറിവിന്റെ പരമാവധി, ഞാൻ ഇയാളെ ഒരിക്കലും കണ്ടിട്ടില്ല.

333 എന്നാൽ, നിങ്ങൾക്കു കാണാനാകും വിധം അവൻ ഒരു ശരീരത്തിലായിരുന്നപ്പോൾ ചെയ്തിരുന്ന അതേ പ്രവർത്തികളെ ഇന്നും ചെയ്തുകൊണ്ട്, യേശുക്രിസ്തു മരിച്ചവരിൽ നിന്നും ഉയിർത്തെഴുന്നേറ്റു എന്നു ഞാൻ പ്രഖ്യാപിക്കുന്നു. അവൻ മരിച്ചവരിൽ നിന്നും ഉയിർത്തെഴുന്നേറ്റ്, എന്നേക്കും ജീവിച്ചിരിക്കുന്നു. ഈ കാര്യങ്ങളെ

കാണുകയും കർത്താവായ യേശുവിൽ വിശ്വസിക്കുകയും ചെയ്യുന്നവർ ഭാഗ്യവാന്മാർ!

334 ഈ മനുഷ്യൻ ഒരു അപരിചിതനാണ്. ഞാൻ ഇയാളെ ഒരിക്കലും കണ്ടിട്ടില്ല, ഒരുപക്ഷേ ഇദ്ദേഹം എന്നെയും കാണാനിടയില്ല. ഞാൻ എപ്പോഴെങ്കിൽ കണ്ടിട്ടെന്നു വന്നാൽ, അതു ദൈവമറിയുന്നു. എനിക്ക് അത് ഓർമ്മയില്ല. അയാൾ എനിക്ക് ഒരു അപരിചിതനാണെന്നാണ് അയാൾ പറയുന്നത്. എന്നാൽ ദൈവം ഇയാളെ അറിയുന്നു. തീർത്തും പരിചയമില്ലാത്ത ഈ വ്യക്തി ഇവിടെ നിൽക്കുമ്പോൾ, അയാളിലെ കുഴപ്പമെന്താണെന്നും മറ്റും, ദൈവം വെളിപ്പെടുത്തുന്ന പക്ഷം; അയാളിലെ കുഴപ്പമെന്താണെന്നു പറയുന്ന പക്ഷം, അത് എന്തായിരുന്നാലും ശരി, അതിനെക്കുറിച്ച് എനിക്ക് യാതൊന്നും തന്നെ അറിയില്ലെന്ന് ഇദ്ദേഹത്തിനറിയാം, നിങ്ങളിൽ എല്ലാവരും, നിങ്ങളിൽ ഓരോരുത്തരും ക്രിസ്തു നിങ്ങളുടെ സൗഖ്യദായകനാണെന്ന് സ്വീകരിക്കുമോ? [കൂട്ടായ്മ പറയുന്നു, "ആമേൻ."—Ed.]

335 ഈ കെട്ടിടത്തിലെ പ്രഭ മങ്ങിയശേഷം തിരികെ വന്നിരിക്കുന്നു. കൂട്ടുകാരെ എന്തുകൊണ്ടാണ് ഞാൻ നിങ്ങളോട് ഈ രീതിയിൽ സംസാരിക്കുന്നതെന്ന് നിങ്ങൾക്ക് തിരിച്ചറിയാൻ മാത്രമായെങ്കിൽ! നിങ്ങൾ മറ്റൊരു ലോകത്തിൽ എത്തിച്ചേരുമായിരുന്നു. നിങ്ങൾ ഒരു വ്യത്യസ്തമായ സ്ഥലത്താണ്. നിങ്ങൾ സമയത്തിന്റെ പ്രവാഹത്തിൽ, ആരുടെയെങ്കിലും ജീവിതം കാണുമ്പോൾ, അവർ ആരാണെന്നും, അവർ എവിടെ നിന്നാണെന്നും അറിയാനാകും. നിങ്ങൾ അത് തിരിച്ചറിയുന്നില്ല. അത് ശരിയായി പ്രവർത്തിക്കുന്നില്ലെന്നു ഞാൻ അറിയുന്നു, എന്തെന്നാൽ ഇത് എന്റെ നാടാണ്. അത് ശരിയാണ്. എന്നാൽ അവൻ മരിച്ചവരിൽ നിന്നും ഉയിർത്തെഴുന്നേറ്റു എന്നു നിങ്ങൾ കാണുന്നു. ഞാൻ നിങ്ങളോട് സത്യമാണ് പറഞ്ഞതെന്നു നിങ്ങൾ കണ്ടു.

336 ഇപ്പോൾ, ഒരു നിമിഷം എന്നെ നോക്കു, സർ, ഇത് എന്തിനാണെന്നാൽ നിങ്ങളും ഞാനും കർത്താവുമായി ബന്ധത്തിലാകാനായിട്ടാണ്. യേശു പറഞ്ഞു, ഞാൻ അവന്റെ ദാസനാണെങ്കിൽ, "ഞാൻ ചെയ്യുന്ന പ്രവർത്തികൾ നിങ്ങളും ചെയ്യും."

337 "കുറഞ്ഞൊന്നു കഴിഞ്ഞാൽ ലോകം കാണുകയില്ല," അതാണ് അവിശ്വാസി, അവർ പുറത്തു പന്തു കളിക്കുകയും നീന്തുകയും മറ്റും ചെയ്യും. അവർ അവനെ ഒരിക്കലും കാണില്ല.

338 “എന്നാൽ നിങ്ങളോ എന്നെ കാണും, എന്തെന്നാൽ ഞാൻ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോടൊപ്പമുണ്ടാകും.”

339 എന്നാൽ, അവൻ മരിച്ചവരിൽ നിന്നും ഉയിർത്തെഴുന്നേറ്റു എങ്കിൽ, അവൻ ഇന്നു രാവിലെ നേരം ഇവിടെ നിൽക്കുകയാണ്, ഇന്നു രാവിലെ നേരത്ത് എന്റെ മേലുള്ള ഈ അഭിഷേകം ഇത് എന്റേതല്ല, എന്നാൽ അത് അവന്റേതാണ്. അതിനാൽ, ആത്മീയ വ്യക്തിത്വത്താൽ നാം ഒരാൾ മറ്റെയാളുമായി ബന്ധത്തിലായതിനാൽ നിങ്ങൾക്കുണ്ടായിരുന്ന നിങ്ങളുടെ ജീവിതം നിങ്ങൾക്കു മറയ്ക്കാനാകില്ല. നിങ്ങൾ എന്തിനുവേണ്ടിയാണ് ഇവിടെ നിൽക്കുന്നതെന്ന് ദൈവം എന്നെ അറിയിച്ചാൽ, നിങ്ങൾ അതിനെ മുഴുഹൃദയത്തോടും കൂടെ വിശ്വസിക്കുമോ? [ആ സഹോദരൻ പറയുന്നു, “അതെ, സർ.—Ed.] നിങ്ങൾ അങ്ങനെ ചെയ്യുമോ? [“അതെ സർ.”—Ed.]

340 നിങ്ങൾ ഒരു വയറ്റിലെ വിഷമത്താൽ കഷ്ടപ്പെടുന്നു. [ആ സഹോദരൻ പറയുന്നു, “അതു ശരിയാണ്.” അത് തികച്ചും ശരിയാണ്. അതിന്റെ കാരണമെന്തെന്നാൽ, നിങ്ങൾ ഒരു...അത് ഒരു മാനസീക സംഘർഷത്താലാണ് അതുണ്ടായത്. അത് പുറമേ പ്രകടമാക്കത്തക്ക വിധത്തിലോ ഒരു സംഘർഷാവസ്ഥയല്ല, എന്നാൽ കലുക്കിക്കളയുന്ന വിധത്തിലുള്ളതാണ്. നിങ്ങൾ ഒരു ആഴത്തിൽ ചിന്തിക്കുന്നയാളാണെന്നു ഞാൻ കാണുന്നു. നിങ്ങൾ എപ്പോഴും പ്ലാനുകൾ തയ്യാറാക്കി കൊണ്ടിരിക്കുകയും, നിങ്ങൾ അതിന്റെ അടുത്തെത്തുന്നതിനു മുമ്പു തന്നെ അതു കടന്നുപോകുകയും ചെയ്യുന്നു. സംഭവിച്ചിട്ടില്ലാത്ത കാര്യങ്ങളെ നിങ്ങൾ ഉണ്ടാക്കുന്നു, അതിനെ നിങ്ങൾ മുൻകൂട്ടി പറയുന്നു. അത് ശരിയാണ്. എന്നാൽ അതിനാൽ നിങ്ങൾക്ക് ഒരു പ്രയോജനവുമില്ല എന്തെന്നാൽ...അത് സംഭവിക്കും, എന്തെന്നാൽ നിങ്ങൾക്കു സൗഖ്യം വന്നിരിക്കുന്നു. നിങ്ങൾ ഒരു സൗഖ്യമുള്ള മനുഷ്യനെപ്പോലെ വീട്ടിലേക്ക് പോകാൻ പോകുന്നു. യേശുക്രിസ്തു നിങ്ങളെ പൂർണ്ണമായും സൗഖ്യമാക്കിയിരിക്കുന്നു.—Ed.]

341 ദൈവ പുത്രനായ യേശുക്രിസ്തുവിന്റെ നാമത്തിൽ, ഈ മനുഷ്യനെ വേട്ടയാടുന്ന സകല ദുഷ്ടാത്മാവിനേയും ഞാൻ ശാസിക്കുന്നു. യേശുക്രിസ്തുവിന്റെ നാമത്തിൽ അവൻ ഭവനത്തിലേക്ക് പോകാൻ ഇടവരട്ടെ. ആമേൻ.

342 [ആ സഹോദരൻ “താങ്കൾക്ക് നന്ദി സഹോദരാ ഞാൻ നിങ്ങളേയും കൂടെ ഓർക്കും,” എന്നു പറയുന്നു—Ed.] ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

343 നിങ്ങൾ വിശ്വസിക്കുന്നോ? [കൂട്ടായ്മ പറയുന്നു, “ആമേൻ.”—Ed.] നിങ്ങളുടെ മുഴു ഹൃദയത്തോടും? [“ആമേൻ”] ഈസ്റ്റർ നാളിൽ

യേശുക്രിസ്തു ഉയിർത്തെഴുന്നേറ്റു എന്നു നിങ്ങൾ വിശ്വസിക്കുന്നോ? [“ആമേൻ”] അവന്റെ സാന്നിദ്ധ്യം ഇപ്പോൾ ഇവിടെ ഉണ്ടെന്നു നിങ്ങൾ വിശ്വസിക്കുന്നോ? [“ആമേൻ”] ഞാൻ അവൻറെ പ്രവാചകനാണെന്ന നിലയിൽ നിങ്ങൾ എന്നെ അനുസരിക്കുമോ? [“ആമേൻ”] നിങ്ങൾ അങ്ങനെ ചെയ്യുമെങ്കിൽ, നിങ്ങളിൽ ഓരോരുത്തർക്കും ഈ സമയം സൗഖ്യം പ്രാപിക്കാം. ഇവിടെ ആയിരിക്കുന്ന ഓരോ വ്യക്തിയും സൗഖ്യമാകാം. നിങ്ങൾ അതു വിശ്വസിക്കുന്നോ? [“ആമേൻ”]

എന്നാൽ നിങ്ങളുടെ തലകളെ വണക്കു.

344 ജീവന്റെ രചയിതാവും, സകല ദാനത്തിന്റേയും ദാതാവുമായ, സർവ്വശക്തനായ ദൈവമേ, അങ്ങയുടെ ദിവ്യ അനുഗ്രഹങ്ങൾ ഈ ശ്രോതാക്കളിൽ അയക്കേണമെ. ഇപ്പോൾ നിന്റെ ആത്മാവ് സഞ്ചരിച്ചുകൊണ്ടിരിക്കുകയും, ഈ ശ്രോതാക്കൾ ഇവിടെ ഈ അവസ്ഥയിലുമായിരിക്കുന്ന സമയത്ത്, രോഗികളാക്കിതീർത്ത് ബന്ധനത്തിലാക്കിയിരിക്കുന്നു ഓരോ അശുദ്ധാത്മാവിനേയും ഞാൻ ശാസിക്കുന്നു. ബന്ധനത്തിന്റെ വാതിലുകളെ തുറന്നു ബന്ധനങ്ങളെ സ്വതന്ത്രമാക്കിയ ക്രിസ്തു ഇവിടെയാകുന്നു, എന്തെന്നാൽ യേശുക്രിസ്തു ഉയിർത്തെഴുന്നേൽക്കുകയും എല്ലാവരും സ്വതന്ത്രരായിരിക്കുന്നു എന്ന് അവൻ തന്നെ സ്വയം തെളിയിച്ചുകൊണ്ട് ഇന്നു ഇവിടെയായിരിക്കുകയും ചെയ്യുന്നു.

സാത്താനെ, യേശുക്രിസ്തുവിന്റെ നാമത്തിൽ ജനങ്ങളിൽ നിന്നും പുറത്തു വരിക.

345 ഇപ്പോൾ വിശ്വസിക്കുന്ന ഓരോരുത്തരും...അവസ്ഥ എന്താണെന്ന് ഞാൻ നോക്കുന്നില്ല. ഇവിടെ വീൽചെയറിൽ ആയിരിക്കുന്നവർ എഴുന്നൽക്കുക. യേശുക്രിസ്തുവിന്റെ നാമത്തിൽ ഓരോരുത്തരും എഴുന്നേൽക്കുക, സൗഖ്യം പ്രാപിച്ച്, സുഖമായിക്കൊള്ളുക

***അവന്റെ ഉയിർപ്പിന്റെ സാക്ഷ്യപത്രം*** MAL55-0410M

(Proof Of His Resurrection)

അമേരിക്കയിൽ, ഇൻഡ്യാനെയിലെ, ജെഫെർസൺവില്ലെ, ബ്രൺഹാം കൂടാരത്തിൽ വെച്ച്, 1955 ഏപ്രിൽ മാസം 10-ാം തീയതി, ഈസ്റ്റർ ഞായറാഴ്ച രാവിലെ, ഈ സന്ദേശം ബ്രദർ വില്യം മാരിയൺ ബ്രൺഹാം, ആദ്യം ഇംഗ്ലീഷിൽ പ്രസംഗിച്ചതിനെ, കാന്തശക്തിയുള്ള ടേപ്പിൽ നിന്നും പുസ്തക രൂപത്തിലേക്ക് കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യാതെ, കൃത്യമായി ഇംഗ്ലീഷില് പകര്ത്തിയിരിക്കുന്നു. ഈ മലയാളം പരിഭാഷ Voice Of God Recordings-ൽ നിന്നും പ്രിന്റ് ചെയ്തു വിതരണം ചെയ്യുന്നു.

MALAYALAM

©2017 VGR, ALL RIGHTS RESERVED

VOICE OF GOD RECORDINGS, INDIA OFFICE
19 (NEW NO: 28) SHENOY ROAD, NUNGAMBAKKAM
CHENNAI 600 034, INDIA
india@vgroffice.org

VOICE OF GOD RECORDINGS
P.O. BOX 950, JEFFERSONVILLE, INDIANA 47131 U.S.A.
www.branham.org

## Copyright notice

All rights reserved. This book may be printed on a home printer for personal use or to be given out, free of charge, as a tool to spread the Gospel of Jesus Christ. This book cannot be sold, reproduced on a large scale, posted on a website, stored in a retrieval system, translated into other languages, or used for soliciting funds without the express written permission of Voice Of God Recordings®.

For more information or for other available material, please contact:

VOICE OF GOD RECORDINGS
P.O. BOX 950, JEFFERSONVILLE, INDIANA 47131 U.S.A.
www.branham.org